KOTTAYAM PUBLIC LIBRARY

Call No. MF9 Acc. No. 38439

Author ചണ്ണിക്കര കെ. [illegible]

Title സ്വപ്നങ്ങൾ യാഥാർത്ഥ്യങ്ങൾ

ജൂബിലിപ്രസിദ്ധീകരണം

KOTTAYAM PUBLIC LIBRARY • KOTTAYAM •

# സ്വപ്നങ്ങളും യാഥാൎത്ഥ്യങ്ങളും

# Swapnangal Yadharthiangal

[ Stories ]

By

K. N. PANIKKAR

*First Impression—September 1967*
*One Thousand Copies*

**Publishers:**
THE **MANGALODAYAM** (Private) **LTD.,**
**TRICHUR.**

**Price: Rs. 2—00**

**Printed at the Mangalodayam Press, Trichur.**

# സ്വപ്നങ്ങൾ യാഥാർത്ഥ്യങ്ങൾ

(കഥകൾ)

KOTTAYAM PUBLIC LIBRARY • KOTTAYAM •

കെ. എൻ. പണിക്കർ

38439

പ്രസാധകന്മാർ:

മംഗളോദയം (പ്രൈവററ്) ലിമിററഡ്,

തൃശ്ശിവപേരൂർ.

1967/1143

ഒന്നാംപതിപ്പ്:
1967 സെപ്തംബർ
കോപ്പി 1000

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്

വില:
രണ്ടുറുപ്പിക

വിലാസിനി—!

തിരിച്ചറിയാൻ കഴിയാത്തവിധം അവൾ മാറിപ്പോയിരിക്കുന്നു. ബോബുചെയ്ത മുടി. പുരികം തൊട്ടുമാറു നീട്ടിയെഴുതിയ കണ്ണുകൾ. ചുണ്ടുകളിൽ ലിപ്സ്റ്റിക്ക്. കയ്യും കഴുത്തുമില്ലാത്ത ബ്ലൗസ്. മുമ്പിലത്തേക്കാൾ നാലിരട്ടി തടിയും. മുഖത്തും കൈത്തണ്ടകളിലും മാംസം തൂങ്ങിനില്ക്കുകയാണ്.

ആറു കൊല്ലം മുമ്പുള്ള വിലാസിനിയെ ഞാനോർത്തുപോയി. മഞ്ഞിൽ നനഞ്ഞ ശംഖുപുഷ്പംപോലുള്ള കണ്ണുകൾ. നിതംബത്തിൽക്കിടന്നു തത്തിക്കളിക്കുന്ന കറുത്ത് ഇടതൂർന്ന തലമുടി. നെറുകയിൽ ചുവന്ന തെററിപ്പൂക്കളും നെററിയിൽ ഭസ്മക്കുറിയും.

—സ്വപ്നങ്ങളും യാഥാർത്ഥ്യങ്ങളും

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| 1. | ഈയ്യാംപാറ്റകൾ | 9 |
| 2. | നീർവറ്റിയ ഉറവ | 22 |
| 3. | മൂടൽമഞ്ഞു നീങ്ങി | 36 |
| 4. | അനാഥമായ ആത്മാവ് | 47 |
| 5. | സ്വപ്നങ്ങളും യാഥാർത്ഥ്യങ്ങൾ | 63 |
| 6. | ഒരു പരാജയത്തിന്റെ കഥ | 78 |
| 7. | പൊലിഞ്ഞുപോയ പ്രതീക്ഷകൾ | 94 |
| 8. | ഈ കാലഘട്ടത്തിന്റെ മനഃസാക്ഷി | 106 |
| 9. | വേദനകൾ | 116 |

# ഇയ്യാംപാററകൾ

വിരൽ വെച്ചാൽ മുറിയുന്ന മഴ. പനമ്പുതട്ടികയിലൂടെ ഉമ്മറത്തേയ്ക്കു ശീതമടിച്ചുകൊണ്ടിരുന്നു. അങ്ങിങ്ങായി ചോച്ചയുണ്ടു്. ചാരുകസേരയുടെ ശീല മടക്കിവെച്ചു ഗോപാലൻനായർ തിണ്ണയിൽ കയറിയിരുന്നു. കസേര മഴ നനയാതിരിക്കട്ടെ.

ഇടതടവില്ലാതെ ഈ മഴ പെയ്യാൻ തുടങ്ങിയിട്ടു മൂന്നു ദിവസമായി. ഇതേതു ഞാററുവേലയാണു്? തിരുവാതിരയായിരിക്കണം. ഞാററുവേല ഏതായാലും ഇങ്ങനെ മഴ പെയ്യണമെന്നുണ്ടോ? മനുഷ്യനു പുറത്തേയ്ക്കിറങ്ങി നടക്കാൻപോലും വയ്യ. നെല്ലൊക്കെ വെള്ളത്തിൽ മുങ്ങിക്കിടക്കുകയാണെന്നു വടക്കേതിലെ ശങ്കുണ്ണിനായർ പറഞ്ഞതയാളോർത്തു. തനിക്കു മുങ്ങിപ്പോകാൻ നെല്ലൊന്നുമുണ്ടായിട്ടല്ല. എന്നാലും വിള മോശമായാൽ വിഷമമല്ലേ?

ഇടനാഴികയിൽ വെച്ച റാന്തൽവിളക്കിനു ചുറ്റും പാററകൾ വട്ടമിട്ടു പറക്കുന്നതും നോക്കി അയാളിരുന്നു. മുന്നേമുക്കാൽ നാഴികമാത്രം ജീവനുള്ള ആ അല്പായുസ്സുകൾ വിളക്കിനു മീതെ എരിഞ്ഞുവീഴുന്നതു കണ്ടപ്പോൾ വിഷമം തോന്നി. എത്ര സന്തോഷത്തോടും ഉത്സാഹത്തള്ളിച്ചയോടും കൂടിയാണവ പറന്നടുക്കുന്നതു്? എന്തിനാണു് കുതിച്ചുചെല്ലുന്നതെന്നറിയാതെ. എന്നിട്ടു നിമിഷനേരത്തിനുള്ളിൽ എരിഞ്ഞുപോകുക. എന്തൊരു ചതിയാണിതു്! എരിഞ്ഞെരിഞ്ഞുവീഴുന്ന ആ ഈയ്യാം പാററകളെ നോക്കിയിരുന്നപ്പോൾ ആ വിളക്കു കുത്തരുതായിരുന്നുവെന്നയാൾക്കു തോന്നി. ഈ അനശ്വരമായ ആകർഷണം അങ്കുശമില്ലാത്ത വഞ്ചനയുടേതല്ലേ?

പുറത്തുനിന്നടിച്ചിരുന്ന ശക്തിയായ കാററിൽ പാററകളുടെ ചിറകുകൾ ഉമ്മറത്തേയ്ക്കു പാറിവീണു. മിനുത്തുമിനുത്തുള്ള സുന്ദരമായ ചിറകുകൾ. നാലഞ്ചെണ്ണം ഉള്ളങ്കയ്യിൽ പെറുക്കിയിട്ടു് അതിന്നുമീതെ തടവിനോക്കി. അസുഖകരമായ മാറ്റം. അപ്പോൾ ചിറകുകൾ വേറിട്ടു ചത്തുകിടക്കുന്ന ആ ജീവികളെപ്പററി അയാൾ വീണ്ടും ഓർത്തുപോയി. തല പൊക്കി നോക്കിയപ്പോൾ തീ തിന്നാൻ വന്ന പാററകളുടെ സംഖ്യ വർദ്ധിച്ചതായി അയാൾ കണ്ടു. എഴുന്നേററു് ആ വിളക്കു കെടുത്തിക്കളയണമെന്നു തോന്നി. പക്ഷേ അവ ഒരുവേള ചത്തടങ്ങാൻ ആഗ്രഹിക്കുന്നുണ്ടെങ്കിലോ? എങ്കിൽ, അവയ്ക്കിടയിൽ ഇടംകോലിടാൻ തനിക്കു ധാർമ്മികമായ അധികാരമില്ലെന്നാണയാൾക്കു തോന്നിയതു്...............

ജാനു വേദനകൊണ്ടു ഞരങ്ങുന്നതു കേട്ടപ്പോഴാണു് അയാൾ ചിന്തയിൽനിന്നുണന്നതു്. ജാനു മൂത്ത മകളാണു്. ഒമ്പതു കൊല്ലങ്ങൾക്കു മുമ്പു കൊതിച്ചു കൊതിച്ചുണ്ടായ പെൺകുട്ടി. എന്തൊരു ചൊറുചൊറുക്കുള്ള കുട്ടിയായിരുന്നു. ചുരുളൻതലമുടിയും ചുകന്ന ചുണ്ടുകളും. അരുണിമയുള്ള കവിളിൽ ഉമ്മവെയ്ക്കാതെ സ്കൂളിലേയ്ക്കു പോകാറില്ല. മീനാക്ഷി അവളെയുമെടുത്തു പടിവരെ അനുഗമിക്കും.

"അച്ഛൻ പോയിവരട്ടോ മോളേ?"—മീനാക്ഷിയുടെ തിളങ്ങുന്ന കണ്ണുകളിലേയ്ക്കു നോക്കിയാണു് പറയുക.

"അച്ഛൻ പാപ്പ കൊണ്ടോരോ?"

"കൊണ്ടോരാം ട്ടോ"—എന്നു പറഞ്ഞു നടന്നകലുമ്പോൾ മീനാക്ഷി ജാനുവിൻെറ കവിളിൽ അമത്തിയൊന്നു ചുംബിക്കും. (ആ ചുംബനം ആർക്കുള്ളതായിരുന്നു?)

ജാനു കിടപ്പിലായിട്ടു രണ്ടിൽ ചില്വാനം കൊല്ലമായി. വയർ വീർത്തുമുട്ടി കൈകാലുകൾ ശോഷിച്ചു നിസ്സഹായമായ നില. വീർത്തുനില്ക്കുന്ന ഒരു വലിയ വയറിന്മേൽ അടയ്ക്കപോലുള്ള ഒരു തലയും ഈർക്കിലിപോലുള്ള കാലുകളും ചേർത്തുവെച്ചിരിക്കുകയാണെന്നേ തോന്നൂ. മരണത്തിനോടു മല്ലിട്ടു രണ്ടിൽ ചില്വാനം കൊല്ലം ജീവിച്ച ആ കുട്ടിക്കു നാലു ദിവസമായി വളരെ അധികമാണു്. വളരെ വിഷമിച്ചാണു് ശ്വാസം കഴിക്കുന്നതു്. എന്നാലും അവൾക്കെന്തെങ്കിലുമൊക്കെ തി

നുകൊണ്ടിരിക്കണം. സുഖക്കേടുതന്നെ അതാണല്ലോ അല്ലേ? എന്തു കൊടുത്താലും ആർത്തിയോടെ വലിച്ചു തിന്നും. എന്നിട്ടു് കഴിഞ്ഞ പാത്രത്തിൽ കൈ വെച്ചു് ദയനീയമായി മുഖത്തേയ്ക്കു് നോക്കുമ്പോൾ ഇടനെഞ്ചു പൊട്ടിപ്പോകാറുണ്ടു്. അവൾക്കു മതിവരുന്നവരെ എന്തെങ്കിലും തിന്നാൻ കൊടുക്കാൻപോലും തനിക്കു സാധിച്ചിട്ടില്ലെന്നോർത്തപ്പോൾ അയാൾക്കു കരയണമെന്നു തോന്നി.

പുറത്തുനിന്നടിച്ചുവന്ന ഈറൻകാററിൽ ഉള്ളംകയ്യിലിരുന്ന ചിറകുകൾ പറന്നുപോയി. എഴുന്നേററു വീണ്ടും പെറുക്കിവെച്ചാലോ എന്നോർത്തു എന്തെങ്കിലും കയ്യിലിരിക്കുന്നതു് ഒരാശ്വാസമാണല്ലോ? തന്നിൽനിന്നു വിട്ടുപോകാൻ വെമ്പുന്ന ഒന്നിനെയും പിടിച്ചുനിർത്താൻ ശ്രമിക്കാതിരിക്കുക എന്ന ഗുണപാഠമാണയാൾക്കോർമ്മവന്നതു്. അപ്പോൾ പകുതി ഉണന്നുപോയ കാലുകൾ നിവർത്തിവെച്ചു് അവിടെത്തന്നെ ഇരുന്നുപോയി.

“ദേ, കേൾക്കുന്നുണ്ടോ?...........”

തല തിരിച്ചുനോക്കി. മീനാക്ഷിയുടെ വേദനകൊണ്ടു പതിഞ്ഞുപോയ ശബ്ദം തിരിച്ചറിയാഞ്ഞിട്ടല്ല. വെറുതെ അലക്ഷ്യമായി അർത്ഥമൊന്നുമില്ലാതെ നോക്കിയെന്നുമാത്രം. കുണ്ടിൽ പോയ കണ്ണുകളിൽ കണ്ണുനീർ തളംകെട്ടി നിന്നിരുന്നു. ഇരുവശത്തും പതറിക്കിടക്കുന്ന ചെമ്പിച്ച തലമുടി. ഒട്ടിപ്പോയ കവിളുകളും മുഴച്ചുനി

ല്ക്കുന്ന താടിയെല്ലുകളുമുള്ള നിർജ്ജീവമായ ആ മുഖത്തേ യ്ക്കു നോക്കിയപ്പോൾ ഓർമ്മകൾ നുരഞ്ഞുപൊങ്ങി........

നിതംബം മൂടിക്കിടന്ന കറുത്ത തലമുടിയുടെ അ ററം കെട്ടിയിട്ടു്, ഈറനുടുത്തു്, കാൽവിരലിൽ കണ്ണു കൾ നട്ടുകൊണ്ടു് അമ്പലത്തിൽനിന്നു വരുന്ന ആ പെൺകുട്ടിയെ അയാൾ ഓർമ്മയിൽ കണ്ടു. അന്നാണു് അയാളവളെ ആദ്യമായി കണ്ടതു്. ചന്ദനംകൊണ്ടു നെററിയിൽ കുറിതൊട്ടു്, നീല ശംഖുപുഷ്പം ഈറൻമുടി യിൽ തിരുകിവെച്ചു്, കയ്യിൽ ഒരു ചെറിയ തീർത്ഥക്കി ണ്ടിയുമായി അവൾ നടന്നുപോകുകയായിരുന്നു. അ യാൾ ആ ഗ്രാമത്തിൽ അധ്യാപകനായി വന്നിട്ടു് അ ധികദിവസമായിരുന്നില്ല. വെറുതെ നടക്കാൻ ഇറങ്ങി യതായിരുന്നു. യൗവനം വീർപ്പുമുട്ടിനില്ക്കുന്ന ആ പെൺ കുട്ടിയെ കണ്ടപ്പോൾ അയാൾ വരമ്പിന്റെ ഒരു വശ ത്തേയ്ക്കു മാറിനിന്നുകൊടുത്തു. അവൾ കണ്ണുകളുയർത്താ തെത്തന്നെ നടന്നുപോകുകയും ചെയ്തു.

ഇളംനെൽച്ചെടികൾ മദാലസമായി നിന്നു് ചാ ഞ്ചാടുന്ന ആ പച്ചപ്പാടത്തിന്റെ നടുവിലൂടെ മുന്നോട്ടു നടന്നപ്പോൾ അയാൾക്കു തിരിഞ്ഞുനോക്കാതിരിക്കാൻ കഴിഞ്ഞില്ല. പരന്ന നിതംബത്തിൽ നേരിയ ഈറൻ പാവുമുണ്ടു പററിക്കിടക്കുന്നു. ഇടതൂർന്ന കറുത്ത തലമു ടി അവിടെ പരന്നുകിടക്കുന്നതു കണ്ടപ്പോൾ അയാൾ ക്കു് അസൂയ തോന്നി. അതിന്നിടയിൽ തിരുകിവെ ച്ചിരുന്ന നീലശംഖുപുഷ്പമെന്തേ തന്നെ നോക്കി പുഞ്ചി രിതൂകാൻ............?

വയലിൻെറ കിഴക്കുവശത്തുള്ള ഇടവഴിയിലേയ്ക്കു് അവൾ കയറിപ്പോകുന്നതുവരെ നോക്കിനിന്നു. തിരിഞ്ഞു നടന്നപ്പോഴാണു് മുഖമാകെ ചുകന്നു പരിഭ്രമിച്ചു നില്ക്കുന്ന ഒരു നവോഢയെപ്പോലെ പടിഞ്ഞാറൻചക്രവാളത്തിൽ താഴ്ന്നുപോകുന്ന അസ്തമയസൂര്യനെ കണ്ടതു്. അപ്പോൾ, നമ്രശിരസ്കയായി തൻെറ മുന്നിലൂടെ നടന്നുപോയ ആ പെൺകുട്ടിയുടെ ലജ്ജനിറഞ്ഞ മുഖം അയാൾ ഭാവനയിൽ കണ്ടു.................................

മരയഴികൾ നാലുപാടും അടിച്ചുറപ്പിച്ചു് കാലമേഞ്ഞ 'പടിഞ്ഞാറ്റി'യും, ഓടിട്ട സിമൻറുതൂണുള്ള പടിപ്പുരയുമുള്ള ആ നായർത്തറവാട്ടിലേയ്ക്കു് അയാളെ കൊണ്ടുപോയതു ശങ്കുവാശാനായിരുന്നു. കണ്ടേവീട്ടിലെ മൂപ്പിൽനായരായ കോമുനായരുടെ മൂത്ത മകനെ പഠിപ്പിക്കാൻ. പത്തുരൂപ്പിക മാസ്സപ്പടി. കോമുനായരെ കണ്ടപ്പോൾ അയാൾ ഭവ്യതയോടെ കൈകൂപ്പി തൊഴുതു.

"നമ്മുടെ പുത്യേ മാഷാ"—ശങ്കുആശാനാണു് പരിചയപ്പെടുത്തിയതു്.

"ഉം"—തോർത്തുമുണ്ടുടുത്തു്, ദേഹമാസകലം മുക്കുട്ടു പുരട്ടി വ്രാന്തയിൽ ലാത്തുകയായിരുന്ന മൂപ്പിൽനായർ വട്ടക്കണ്ണുകളുയർത്തി ഒന്നു നോക്കുകമാത്രം ചെയ്തു. മൂപ്പിൽനായരുടെ ഭാര്യയായ കുഞ്ഞികുട്ടിയമ്മ പടിപ്പുരയിൽനിന്നിറങ്ങി വന്നു് അവരെ അനുഗമിച്ചു. 'പടിഞ്ഞാറ്റി'യുടെ ഉമ്മറത്തുള്ള കസേരയിൽ ചെന്നിരുന്നപ്പോൾ കുഞ്ഞുകുട്ടിയമ്മ അകത്തേയ്ക്കു കടന്നുകൊണ്ടു പറ

ഞ്ഞു—"മീനാക്ഷി, മാഷക്ക് ഒരു കോപ്പ ചായണ്ടാക്കണം ട്ടോ."

ഉണ്ണികൃഷ്ണൻ വന്നു മുന്നിലിരുന്നു. പുസ്തകങ്ങളൊക്കെ നിവൎത്തി നോക്കിയതിനുശേഷം ഒരു കണ്ണട പകൎത്തിക്കൊടുക്കുകയായിരുന്നു.

"ഉാ, ചായ."

അയാഠം തലയുയൎത്തി നോക്കി. വിശ്വസിക്കാൻ കഴിഞ്ഞില്ല. അതേ രൂപം. പച്ചവില്ലീസണിഞ്ഞ നെൽവയലിൻെറ നടുവിൽവെച്ചു തൻെറ മുന്നിലൂടെ ഒരു മാലാഖയെപ്പോലെ നടന്നുപോയ അതേ പെൺകുട്ടി. നെററിയിൽ ചന്ദനത്തിൻെറ പൊട്ടുണ്ടായിരുന്നില്ല. കറുത്ത ചാന്തിൻെറ ഒരു നേരിയ ഗോപി ചന്ദനനിറമുള്ള ആ നെററിത്തടത്തെ കളങ്കപ്പെടുത്താനുള്ള മടികൊണ്ടു തെളിയാതെനിന്നു. നാരങ്ങയല്ലികഠ പോലുള്ള ആ ചുണ്ടിണയിൽ പുഞ്ചിരി ഒളിഞ്ഞുനിന്നിരുന്നു. കോപ്പ മേശപ്പുറത്തു വെച്ച് അവഠം തിരിഞ്ഞു നടന്നുപോകുന്നതും നോക്കി അയാളിരുന്നു.

ചായയെടുത്തു മോന്തിക്കൊണ്ട് ഉണ്ണിയോടു ചോദിച്ചു—"ആരാ ഇതു്?"

"മീനാക്ഷ്യേടത്ത്യല്ലേ.................."

"ന്താ, നത്തിനെപ്പോലിരിക്കണ്? ഞാൻ പറഞ്ഞതു് വല്ലതും കേക്കണുണ്ടോ............?"—മീനാക്ഷിയമ്മയുടെ പതിഞ്ഞ സ്വരം വീണ്ടും കാതിൽ വന്നു വീണപ്പോഴാണ് അയാഠം സ്വപ്നത്തിൽനിന്നുണൎന്നതു്.

"എന്താ........................"

"ജ്വാന്തന്നു വല്ലാതെ വെശക്കന്നൂത്രെ."

"ഉം................................"

"യാക്കോവിനോട്ട് ഒരിക്കെക്കൂടി ചോദിച്ചോക്കിൻ"—മീനാക്ഷിയമ്മയുടെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞുനിന്നു. അയാൾ തലയുയത്തി വേദനയും നിസ്സഹായതയും മുററിനില്ക്കുന്ന ആ മുഖത്തേയ്ക്കു നോക്കി. അപ്പോൾ, 'മീനാക്ഷി, ഞാൻ നിന്നോട്ട വലിയ തെററുചെയ്തുപോയി' എന്നാണു് പറയാൻ തോന്നിയതു്.

"ആ വട്ടി ഇങ്ങോട്ടെടുത്തോ."

"വെളക്ക് കെടാറായിരിക്കണം. കൊറച്ച് എണ്ണേം വേണം."

അരിവട്ടിയും മണ്ണെണ്ണക്കപ്പിയുമെടുത്തു് അയാൾ മുററത്തേയ്ക്കിറങ്ങി. മഴയപ്പോഴും പെയ്യുന്നുണ്ടു്. പഴകിയ ശീലക്കുടയ്ക്കുള്ളിലൂടെ മഴവെള്ളം ഒലിച്ചുവീണിരുന്നു. തവള കരയുന്ന അസുഖകരമായ ശബ്ദം കാതുകളിലേയ്ക്കു തുളച്ചുകയറി. പടി കടന്നു വഴിയിലേയ്ക്കു കടന്നപ്പോൾ കൂരാക്കൂരിരുട്ടായിരുന്നു. ഒന്നും വ്യക്തമായി കാണാനില്ല. വെളിച്ചത്തിന്നുവേണ്ടി ഒരു ചൂട്ടെങ്കിലും കത്തിച്ചെടുക്കാമായിരുന്നു എന്നയാൾക്കു തോന്നി.

കണ്ടേവീട്ടിലെ പടിക്കലെത്തിയപ്പോൾ ഓർമ്മകൾ വീണ്ടും നുരഞ്ഞുപൊങ്ങി—

ശങ്കു ആശാനാണു് മൂപ്പിൽനായരെ കണ്ടു സംസാരിച്ചതു്. ഗോപാലൻനായരെ സംബന്ധിച്ചേടത്തോളം

മറുപടി അപ്രതീക്ഷിതമായിരുന്നു. ക്ഷുഭിതനായ മൂപ്പിൽനായർ തുടയിൽ കയ്യടിച്ചുകൊണ്ടട്ടഹസിച്ചു—

"പെറക്കി, അവനിത്രയ്ക്കായോ? കണ്ടേവീട്ടിലെ നായരുടെ മരുമകഠക്ക സംബന്ധം വെയ്ക്കണംപോലും! ആശാനെ, അയാളോടിനി ഇവിടെ പഠിപ്പിക്കാൻ വരേണ്ടെന്നു പറഞ്ഞേയ്ക്കു്."

പിന്നെ അവിടെ പോയില്ല. രണ്ടു ദിവസം കഴിഞ്ഞു് അമ്പലത്തിൻെറ നടയിൽവെച്ചു മീനാക്ഷിയെ കണ്ടു. കണ്ടില്ലെന്നു നടിച്ചു് അയാഠം നടക്കാൻ തുടങ്ങിയതാണു്.

"ദേ, ഒരു കാര്യം പറ്യാനുണ്ടു്."

"എന്താ........?"—അയാഠം തിരിഞ്ഞുനിന്നു.

"മാഷെന്താ പഠിപ്പിക്കാൻ വരാത്തേ?"

"മൂപ്പിൽനായർ വരേണ്ടെന്നു പറഞ്ഞു."

"ഞാൻ കാരണല്ലേ?"

"എനിക്കറിയില്ല"—അയാഠം തലയുയർത്തി നോക്കി. മീനാക്ഷിയുടെ കണ്ണുകളിൽ കണ്ണുനീർ തളംകെട്ടിനിന്നിരുന്നു.

"എനിക്കൊന്നു പറ്യാനുണ്ടു്."

"പറയൂ..............."

"എന്നെ....എന്നെ....ഉപേക്ഷിക്കരുതു്."

"മീനാക്ഷി...."

"എനിക്ക വേറെയൊരു ജീവിതമില്ല."

"മീനാക്ഷീ...."

പിറ്റേന്നു മീനാക്ഷിയമ്മ ആ നാലുകെട്ടിൽനിന്നു് ഇറങ്ങിപ്പോന്നു. നിറപറയും നാഗസ്വരവുമൊന്നുമില്ലാതെത്തന്നെ കല്ല്യാണം നടന്നു. ശങ്കു ആശാൻ കൈകൂട്ടിവെച്ചു് അനുഗ്രഹിക്കുകമാത്രം ചെയ്തു. അന്നു തുടങ്ങിയതാണു് പട്ടിണിയും പാടുമായുള്ള ഈ ജീവിതം. നാട്ടുകാരും വീട്ടുകാരുമില്ല്യ. അഭിമാനം ക്ഷതപ്പെട്ടുപോയ മൂപ്പിൽനായർ കഴിയാവുന്ന ഉപദ്രവമൊക്കെ ചെയ്തു. മുക്കിയും മുടന്തിയുമാണെങ്കിലും ഗോപാലൻനായർ എല്ലാററിനെയും അതിജീവിച്ചു. ശക്തികൊണ്ടല്ല, വിശ്വാസംകൊണ്ടു്. താൻ ചെയ്തതു ശരിയാണെന്ന വിശ്വാസംകൊണ്ടു്.

പക്ഷേ ഇന്നു താൻ തകൎന്നുപോകുകയാണെന്നയാൾക്കു തോന്നി. മൂന്നു കുട്ടികൾ കൺമുന്നിൽ കിടന്നു മരിച്ചുപോയി. വൈദ്യരെ കാണിക്കാൻ സാധിച്ചില്ല. മരുന്നുകൾ കൊടുക്കാൻ കഴിഞ്ഞില്ല്യ. എന്തിന്നു്, അലുവ തിന്നണമെന്നു പറഞ്ഞ രഘുവിന്നു് അതുപോലും വാങ്ങിക്കൊടുക്കാൻ കഴിഞ്ഞില്ല്യ. ജാനു മരണത്തിനോടു മല്ലിട്ടു കിടക്കുന്നു. അവൾക്കു മതിവരുവോളം ചോറെങ്കിലും കൊടുക്കാൻ കഴിഞ്ഞെങ്കിൽ........!

അരിയും മണ്ണെണ്ണയും കടംവാങ്ങി വീട്ടിലേയ്ക്കു തിരിച്ചുനടന്നപ്പോൾ അയാളുടെ ചിന്തകൾ മുഴുവൻ മീനാക്ഷിയെപ്പററിയായിരുന്നു. പട്ടിണിയും പാടുമായി ഈ പത്തു കൊല്ലം ജീവിച്ചു—യാതൊരു മുറുമുറുപ്പുമില്ലാതെ. അവൾ തൻെറ വാഗ്ദത്തം പാലിക്കുകയായിരുന്നു. വീട്ടിൽനിന്നിറക്കികൊണ്ടുപോരുന്നതിന്നുമുമ്പു പറഞ്ഞതയാളോൎത്തു.

"മീനാക്ഷീ, എന്റെ കയ്യിലൊന്നുമില്ല. സുഖത്തിന്റെയും സമൃദ്ധിയുടെയും ഇടയിൽനിന്നു കഞ്ഞിവെള്ളം കുടിക്കാൻവേണ്ടിയാണു് നീ വരുന്നതു്."

"കുടിച്ചോളാം."

"ഒരുവേള അതും കിട്ടിയില്ലെന്നുവരും. പട്ടിണി കിടക്കേണ്ടിവരും."

"ഞാൻ ജീവാവസാനംവരെ പട്ടിണി കിടന്നോളാം."

"മീനാക്ഷീ, നല്ലോണം ആലോചിച്ചോളൂ."

"ആലോചിച്ചിട്ടന്ന്യാ. എനിക്കു വേറൊന്നും വേണ്ടാ. അങ്ങു മതി."

മുറുമുറുപ്പും പരാതിയുമില്ലാതെ ജീവിച്ചു. കല്ല്യാണത്തിന്നുശേഷം ഒരു കോടിപ്പാവുമുണ്ടും നേര്യതും അവളുടുത്തിട്ടില്ല. പക്ഷെ മീനാക്ഷിയമ്മ ഒരിക്കലും പരാതിപറഞ്ഞിട്ടില്ല. വറുപ്പാറിനെടുത്തു്, വെള്ളം ചട്ടിയിലാക്കി ഉപ്പിട്ടു മോന്തുമ്പോൾ അയാളുടെ മുഖത്തുനോക്കി സംതൃപ്തിയോടെ മന്ദഹസിക്കുകമാത്രം ചെയ്യും.

ആരെയും ചതിക്കാതെ, ഉപദ്രവിക്കാതെ ഒരൊതുങ്ങിയ ജീവിതം നയിക്കാൻ ആഗ്രഹിച്ച താനെന്തേ ഇത്രയും ദയനീയമായി പരാജയപ്പെടാൻ കാരണമെന്നു പരതി നോക്കണമെന്നയാൾക്കു തോന്നി. പക്ഷേ വിതുമ്പിനില്ക്കുന്ന മനസ്സു് അതിന്നു സമ്മതിച്ചില്ല. അലോസരപ്പെടുത്തുകയും വേദനപ്പിക്കുകയും ചെയ്യുന്ന ചിന്തകൾ ഓർമ്മയിൽ നുരഞ്ഞുപൊങ്ങുകമാത്രം ചെയ്തു........

മീനാക്ഷിയമ്മ ഏങ്ങലടിച്ചുകരയുന്ന ശബ്ദം കേട്ടപ്പോഴാണു് താൻ വീട്ടിൻെറ പടിക്കലെത്തിയിരിക്കുന്നുവെന്നറിഞ്ഞതുതന്നെ. എന്തേ മീനാക്ഷിയങ്ങനെ കരയാൻ? ജാനുവിനെന്തെങ്കിലും.........അയാൾ കാലുകൾ വലിച്ചുവെച്ചു.

"ആരാ? ഗോപാലൻനായരാ....?" വടക്കേതിലെ ശങ്കുണ്ണിനായരായിരുന്നു.

കടമ്പ കടന്നു് അയാൾ ഉള്ളിലേയ്ക്കു കടന്നു.

"ശങ്കുണ്ണ്യാരെ, ജാനൂന്നു വല്ലതും........പറേവ്യാ."

ഗോപാലൻനായരുടെ നിർവ്വികാരമായ, തറയ്ക്കുന്ന ചോദ്യത്തിന്നു് ഒരു നിമിഷത്തേയ്ക്കു മറുപടിയുണ്ടായിരുന്നില്ല.

"ഉമ്മറത്തേയ്ക്കു നടക്കു. മീനാക്ഷിയമ്മേ ഒാത്തു ധൈര്യമായിരിക്കു. വിഷമിക്കരുതു്."

"വിഷമിക്കാനെന്തിരിക്കുന്നു, ശങ്കുണ്ണ്യാരേ? എൻെറ കോപ്പ നിറഞ്ഞുപോയി. വഴിഞ്ഞൊഴുകാൻ ഒരു തുള്ളികൂടിയേ ബാക്കിയുള്ളൂ—മീനാക്ഷി."

"ഗോപാലൻനായരേ........"

അയാൾ നിശ്ശബ്ദനായി ഉമ്മറത്തേയ്ക്കു കയറി. അരിവട്ടിയും മണ്ണെണ്ണക്കുപ്പിയും നിലത്തു വെച്ചു് അവിടെത്തന്നെ കുന്തിച്ചിരുന്നു—തണുത്തു മരവിച്ചപോലെ മീനാക്ഷിയമ്മ ഇളംമുള പൊട്ടുന്നപോലെ പൊട്ടിക്കരയുന്നതു് അയാൾ കേൾക്കുന്നില്ലെന്നു തോന്നി.

ഇടനാഴിയിൽ വെച്ച റാന്തൽവിളക്ക മങ്ങിപ്പോകു കയായിരുന്നു—എണ്ണ തീൎന്നായിരിക്കണം. അതിനുചു റ്റും അപ്പോഴും വട്ടമിട്ടുകൊണ്ടിരുന്ന ഈയ്യാംപാററകളെ അയാൾ നോക്കി. എന്നിട്ടു്, മണ്ണെണ്ണക്കുപ്പിയെടുത്തു വിളക്കിൽ എണ്ണപാൎന്നു. തിരി വീണ്ടും തെളിഞ്ഞു ക ത്തിയപ്പോൾ വിളക്കിന്നുചുററും പാററകൾ എരിഞ്ഞെ രിഞ്ഞു വീഴുന്നതും നോക്കി അയാൾ നിശ്ശബ്ദനായി ഇരുന്നു.

# നീർവററിയ ഉറവ

പതിനൊന്നടിക്കുന്ന ശബ്ദം കേട്ടപ്പോഴാണു് പതുപതുപ്പുള്ള സോഫയിൽ കുഴിഞ്ഞു കിടക്കുകയായിരുന്ന അവൾ എഴുന്നേററു പുറത്തേയ്ക്കു വന്നതു്. വരാന്തയിൽ നിന്നു പുറത്തേയ്ക്കു നോക്കിയപ്പോൾ അങ്ങിങ്ങായിമാത്രം മിന്നുന്ന വൈദ്യുതദീപങ്ങളല്ലാതെ മറെറാന്നും കാണാനുണ്ടായിരുന്നില്ല.

താഴത്തെ ഫ്ളാററിൽ താമസിക്കുന്ന സർദാറും അതിഥികളും 'ലോണി'ലിരുന്നു സംസാരിക്കുന്നുണ്ടായിരുന്നു. ഏതോ നവദമ്പതികൾക്കു് അയാൾ കൊടുക്കുന്ന വിരുന്നുസത്കാരമാണു്. സ്വർണ്ണപ്പുള്ളികളുള്ള ചുവപ്പു സാരിയുടുത്ത മനോഹരിയായ ആ പെൺകുട്ടിയായിരിക്കണം നവവധു. വരനാരാണെന്നു് അവൾക്കു മനസ്സിലായില്ല. പിരിച്ചുവെച്ച മേൽമീശയും എണ്ണ തൊട്ടുമിനുക്കിയ താടിയുമുള്ള എല്ലാവരും അവൾക്കൊരുപോലെയാണു് തോന്നിയതു്.

അപ്പോഠം താൻ വിവാഹിതയായിട്ടു് ഏഴു കൊല്ല ങ്ങഠം കഴിഞ്ഞുപോയെന്നു് അവഠം വേദനയോടെ ഓ ൎത്തുപോയി........

രവി അയാളുടെ അമ്മാമൻെറ കൂടെയാണു് ആദ്യ മായി അവളുടെ വീട്ടിലേയ്ക്കു കയറിവന്നതു്. ചുരുളൻ തലമുടിയും നേരിയ മേൽമീശയുമുള്ള ആ മുപ്പതുകാര നെ അവഠംക്കിഷ്ടപ്പെട്ടു. പക്ഷെ തേരട്ടപോലുള്ള ആ മീശ വേണ്ടിയിരുന്നില്ലെന്നു് അവഠംക്കന്നേ തോന്നിയ താണു്.

ഒരു കയ്യിൽ കാപ്പിക്കിണ്ടിയും മററേതിൽ നെയ്യ പ്പം നിറച്ചുവെച്ച വെള്ളപ്പിഞ്ഞാണവും വെച്ചുകൊടു ത്തു് അമ്മ പറഞ്ഞു: "ഇതങ്ങു പൂമുഖത്തേയ്ക്കു കൊണ്ടോ യേ."

അതിൻെറ പൊരുഠം അവഠംക്കറിയാമായിരുന്നു. പൂമുഖത്തിൻെറ വാതില്ക്കലെത്തിയപ്പോഠം വല്ലാതെ പ രിഭ്രമം തോന്നി. കാപ്പിക്കിണ്ടി നിലത്തു വീണുപോക രുതേ എന്നു് അവഠം ചൊവ്വല്ലൂർ തേവരോടു പ്രാൎത്ഥിച്ചു. വളരെ ശ്രദ്ധയോടെയാണു് പൂമുഖത്തേയ്ക്കു കടന്നുചെ ന്നതു്. നടുക്കുള്ള വട്ടമേശമേൽ പിഞ്ഞാണവും കാപ്പി ക്കിണ്ടിയും വെച്ചു തിരിഞ്ഞു നടക്കാൻ തുടങ്ങിയപ്പോ ഴാണു് അച്ഛൻ പറഞ്ഞതു്: "രജനി ഇവിടെ ഇരു ന്നോ!"

നിശ്ശബ്ദയായി അച്ഛൻെറ അരുകിൽ കസേരയി ലിരുന്നു. രണ്ടു നിമിഷത്തേയ്ക്കു് ആരും ഒന്നും പറഞ്ഞി ല്ല. അവഠം കണ്ണുകഠം നിലത്തു നട്ടുകൊണ്ടിരിക്കുകയാ

യിരുന്നെങ്കിലും രവിയുടെ നോട്ടം തൻെറ മേൽ പാറി കളിക്കുകയാണെന്നവൾക്കു തോന്നി.

കണ്ണുകളുയർത്തി തൻെറ ഭാവിഭർത്താവിനെയൊന്നു നോക്കിക്കണ്ടാൽ കൊള്ളാമെന്നു തോന്നി. പക്ഷേ ശ്രമിച്ചിട്ടും സാധിച്ചില്ല.

"രജനി മമ്മിയൂർ സ്കൂളിലാണു് പഠിച്ചതു് അല്ലേ?" പരുക്കനല്ലാത്ത ആ ശബ്ദം അവൾ ആദ്യമായി കേൾക്കുകയാണു്. സ്നേഹവായ്പോടെയുള്ള ആ ചോദ്യം അവൾക്കു പിടിക്കുകയും ചെയ്തു.

"അതെ." മറുപടി പറയുമ്പോൾ ശരീരമാസകലം കോരിത്തരിപ്പായിരുന്നു.

"ഇന്ദിരയെ അറിയാമോ?"

ഇന്ദിര സഹപാഠിനിയാണു്. കാണാൻ നല്ല ചന്തമുള്ള ആ പെൺകുട്ടിയെ ഇദ്ദേഹമെങ്ങനെ അറിയും? കണ്ണുകളുയർത്തി അയാളുടെ മുഖത്തേക്കു നോക്കി. എന്നിട്ടു മെല്ലെ പറഞ്ഞു: "അറിയാം."

"അവൾ എൻെറ ഇളയമ്മയുടെ മകളാണു്."

"ആണോ?"

രജനിക്കു സന്തോഷം തോന്നി. ഭർത്താവിൻെറ വീട്ടിലും ഒരു കൂട്ടുകാരിയുണ്ടാവുമല്ലോ.

"രജനി നന്നായി പാടുമെന്നവൾ പറഞ്ഞു."

മറുപടി പറഞ്ഞില്ല. ലജ്ജകൊണ്ടു മുഖം കൂടുതൽ കുനിഞ്ഞുപോയി. തനിക്കങ്ങനെ നന്നായി പാടാനൊന്നുമറിയില്ലല്ലോ?

38439

അപ്പോഴാണു് അമ്മാമൻ കടന്നുവന്നതു്. അവളെഴുന്നേററു് അകത്തേയ്ക്കു പോകുകയും ചെയ്തു........

കാറിൻെറ ശബ്ദം കേട്ടപ്പോൾ അവൾ കീഴോട്ടു നോക്കി. രവിയാണോ? ആയിരുന്നില്ല. സർദാർജിയുടെ അതിഥികൾ പോകാൻ ഒരുക്കം കൂട്ടുകയായിരുന്നു. നവദമ്പതികൾ കാറിൽ കയറിയിരുന്നുകൊണ്ടു പറഞ്ഞു:

"താങ്കു്യു വെരിമച്ചു്."

"ഗുഡ്നൈററു്."

"ഗുഡ്നൈററു്."

KOTTAYAM PUBLIC LIBRARY KOTTAYAM

കാറു ഗെയ്ററു് കടന്നു ദൃഷ്ടിയിൽനിന്നു മറഞ്ഞുപോയപ്പോൾ വിവാഹത്തിനുശേഷമുള്ള ആദ്യദിനങ്ങളാണവൾക്കോർമ്മവന്നതു്. തങ്ങളെ അനുമോദിക്കാൻ വേണ്ടി ഏർപ്പെടുത്തിയ എത്രയെത്ര ഡിന്നറുകളിൽ അവൾ സംബന്ധിച്ചിട്ടുണ്ടു്. വീട്ടിൽ ഇരിക്കാൻതന്നെ സമയം കിട്ടാറില്ല. എല്ലാവരും അഭിനന്ദനങ്ങൾ ചൊരിഞ്ഞു. അഭിമാനം തോന്നി. ഇത്ര വലിയ ഒരുദ്യോഗസ്ഥൻെറ ഭാര്യയല്ലേ? ക്ലബ്ബിൽവെച്ചു മിസിസു് ശർമ്മയാണു് പറഞ്ഞതു്: "വാട്ടു് എ ലക്കി ഗേൾ റു ഗെററു് എ ചാപ്പു്ലൈക്കു് രവി."

സന്തോഷത്തിൽ ആറാടിക്കളിക്കുന്ന ദിനങ്ങൾ. സ്നേഹസമ്പന്നനായ ഭർത്താവു്. എല്ലാ ഞായറാഴ്ചയും ഇംഗ്ലീഷ്സിനിമ കാണാൻ കൊണ്ടുപോകും. പല ഭാഗങ്ങളും രജനിക്കു മനസ്സിലാവുകയില്ല. അപ്പോഴൊക്കെ രവി വിവരിച്ചുകൊടുക്കും. വൈകുന്നേരം ആപ്പീസിൽനിന്നു വന്നാൽ ക്ലബ്ബിൽ പോകും. രവി ടെന്നീസ്സും ബ്രി-

ഡ്ജും കളിക്കുമ്പോൾ രജനി 'പിങ്ങ്പോങ്ങ്' കളിക്കാനാണിഷ്ടപ്പെടാറ്. എന്തൊരുല്ലാസമായിരുന്നു.

രവിക്കു തൊട്ടതിന്നും പിടിച്ചതിന്നുമൊക്കെ രജനി വേണം. കാലത്തു ബെഡ്ടീ രജനിതന്നെ കൊണ്ടുകൊടുക്കണം. വേലക്കാരൻ കൊണ്ടുചെന്നാൽ വഴക്കു പറയും. രജനിയാണെങ്കിൽ മററാരുടെയുംവശം കൊടുത്തയയ്ക്കാറുമില്ല.

ചായ 'സൈഡ് സ്ററൂളിൽ' വെച്ച് അവൾ കട്ടിലിൽ ചെന്നിരിക്കും. എന്നിട്ടു മാർദ്ദവമുള്ള കമ്പിളി രവിയുടെ ശരീരത്തിൽനിന്നു വലിച്ചു മാററിക്കൊണ്ടു ചോദിക്കും: "ഇതെന്തൊരൊറക്കാ?"

അതു കേൾക്കുമ്പോൾ കൈവിരലുകൾ കൂട്ടിപ്പിരിച്ചു പൊട്ടിച്ചുകൊണ്ട് അയാൾ എഴുന്നേററിരിക്കും. (കൈവിരലുകൾ പൊട്ടിക്കുന്നതു രജനിക്കിഷ്ടമല്ലെന്നയാൾക്കറിയാം) കണ്ണു തുറക്കുകയില്ല. രജനിയുടെ മുഖം കൈകൊണ്ടടക്കിപ്പിടിച്ചു മുഖത്തോടടുപ്പിച്ചിട്ടേ കണ്ണു തുറക്കുകയുള്ളൂ.

"ഇതെന്തൊരു കൂത്താ?"

"സൂര്യനെ കണികാണുന്നതു നല്ലതാന്നാ അമ്മ പറയാറ്. എനിക്കു ചന്ദ്രനെ കാണാനാണിഷ്ടം."

അപ്പോൾ രജനിയുടെ നാരങ്ങയല്ലികൾപോലുള്ള ചുണ്ടുകളിൽ തെളിഞ്ഞുവരുന്ന മന്ദഹാസം അയാൾ കപ്പി കപ്പിയെടുക്കും.

പിന്നെ ആപ്പീസിൽ പോകുന്നതുവരെ വീട്ടിലാകെ ബഹളമാണ്—രജനീ, എൻെറ ബനിയനെവിടെ?

ഷേവിങ്ങ്സെററിൽ കത്തിരി കാണാനില്ലല്ലോ? ബാത്ടവ്വലെവിടെ....? എല്ലാം യഥാസ്ഥാനത്തുതന്നെ ഉണ്ടാകും. എങ്കിലും രവിക്കങ്ങനെ വിളിക്കുന്നതൊരു രസമാണ്.

ആപ്പീസിൽ പോകാൻവേണ്ടി പാൻറും ടൈയുമൊക്കെ ധരിച്ചുകഴിഞ്ഞാൽ കസേരയിൽ കാൽ രണ്ടും നീട്ടി അയാളിരിക്കും. ഷൂ ഇട്ടുവിക്കുകയും കോട്ടു ധരിപ്പിക്കുകയും രജനിയുടെ ചുമതലയാണ്.

കോട്ടു ധരിച്ചുകഴിഞ്ഞാൽ രവി ബെഡ്റൂമിലേയ്ക്കു കടന്നു നിന്നുകൊണ്ടു പറയും: "രജനീ, ഈ ടൈ ഒന്നു മുറുക്കിത്തന്നാട്ടെ."

രജനി 'നോട്ട്' പിടിച്ചു ശരിയാക്കാൻ ശ്രമിക്കുമ്പോൾ, അവളെ മാറോടമത്തിച്ചേർത്ത് അരുണിമയുള്ള കവിളിൽ അമത്തിച്ചുംബിക്കും........

ഒരു ദിവസം കാലത്തു രവി 'ഡ്രസ്സിങ്ങ്മിററി'ൻെറ മുന്നിൽ ഷേവ്ചെയ്യാനിരിക്കുമ്പോഴാണ് രജനി ആവി പറക്കുന്ന കാപ്പിയുമായി കടന്നുചെന്നത്. കാപ്പി മേശമേൽ വെച്ച് അവൾ അടുത്തു ചെന്നിരുന്നു.

"ഞാനൊരു കാര്യം പറയട്ടോ?"

"എന്താ?"

"ദേഷ്യപ്പെടോ?"

"ഇതിന്നുമുമ്പു ദേഷ്യപ്പെട്ടിട്ടുണ്ടോ?"

"ദേ, ഈ മീശ എന്തിനാ?"

"എന്താ, രജനിക്കതിഷ്ടമല്ലേ?"

"ഉഹൂം"

"എനിക്കുണ്ടോ ഇതറിയുന്നു?"

ബ്രഷെടുത്തു മൂക്കിനു താഴെ സോപ്പു പതച്ചു റെയ്സറുകൊണ്ടു മീശ വടിച്ചുകളഞ്ഞു. എന്നിട്ട് ഒരു പുഞ്ചിരിയോടെ ചോദിച്ചു: "ഇപ്പഴോ?"

രജനിയുടെ മുഖത്തു മുല്ലപ്പൂക്കൾ വിരിഞ്ഞുനിന്നു. അവൾ എഴുന്നേററു സോപ്പിന്റെ പത അങ്ങിങ്ങായി പററിക്കിടക്കുന്ന കവിളിൽ അമർത്തി ചുംബിച്ചു........

വരാന്തയിൽ വെച്ചിരുന്ന നിശാഗന്ധിയുടെ മണം കാററിൽ അലിഞ്ഞലിഞ്ഞു വന്നിരുന്നു. അതിന്റെ മാദകമായ മണം രജനിക്കു വളരെ ഇഷ്ടമായിരുന്നു. അതുകൊണ്ടാണ് രവി രണ്ടു ചട്ടികൾ അവിടെ കൊണ്ടുവെച്ചതും. ഇന്ന് അവൾക്കാ മണമത്ര ഹൃദ്യമായി തോന്നിയില്ല.

സമയം ഏകദേശം പന്ത്രണ്ടോടടുക്കാറായെങ്കിലും രവി ഇനിയും എത്തിയിട്ടില്ല. മുമ്പൊക്കെ ആപ്പീസ് വിട്ടാൽ അഞ്ചു മണിക്കു കൃത്യം വീട്ടിലെത്താറുള്ളതാണ്. ഇന്ന് അതൊക്കെ കഴിഞ്ഞുപോയ സുന്ദരമായ കഥകളുടെ നീറുന്ന ഓർമ്മകൾമാത്രമായി അവശേഷിച്ചിരിക്കുകയാണ്........

ഒരു പിതാവാകണമെന്ന ആഗ്രഹം രവിക്കു വിവാഹം കഴിഞ്ഞ മുതലേ തുടങ്ങിയതാണ്. രാത്രി ഊണു കഴിഞ്ഞു നടക്കാനിറങ്ങുമ്പോൾ എന്നും രവിക്കു സംസാരിക്കാനുള്ള വിഷയമതാണ്: "നമ്മുടെ ആദ്യത്തെ കുട്ടി ആണോ, പെണ്ണോ?"

"നിങ്ങളുടെ ഒരു........" അവൾക്ക ലജ്ജ തോന്നി: "അതിന്നു് ഇപ്പോ വല്ലതുണ്ടോ?"

"ന്നാലും നിനക്കെന്താ തോന്നണേ?"

"നിക്കു് ആങ്കുട്ട്യ മതി."

"ന്നാൽ എനിക്കു് പെൺകുട്ട്യാ വേണ്ടു്."

"നോക്കിക്കോളു."

പക്ഷേ നീണ്ട നാലു കൊല്ലങ്ങൾ കഴിഞ്ഞുപോയിട്ടും അവൾ ഗർഭവതിയായില്ല; അപ്പോഴാണു് ആ ക്രൂരസത്യം സ്നേഹസമ്പന്നരായ ആ ദമ്പതികളുടെ ഇടയിൽ ഒരു വലിയ വിടവു സൃഷ്ടിച്ചതു്. രജനിയെ പരിശോധിച്ചുകഴിഞ്ഞതിനുശേഷം ഡോക്ടർ പറഞ്ഞു: "സന്താനമുണ്ടാകുക വിഷമമാണു്. മിക്കവാറും ഉണ്ടാകുകയില്ലെന്നുതന്നെ വെച്ചോളു."

ഹൃദയത്തിൽ ഇരുമ്പു് ഉരുക്കിയൊഴിച്ചപോലെ തോന്നി. കണ്ണുകളിൽ കണ്ണുനീർ കിനിഞ്ഞുവന്നു. രവിയുടെ മുഖമാകെ വിളുത്തുപോയതായി അവൾ കണ്ടു.

ആസ്പത്രിയിൽനിന്നു മടങ്ങിപ്പോരുമ്പോൾ രണ്ടുപേരും ഒന്നും സംസാരിച്ചില്ല. കാറിൽനിന്നിറങ്ങി കോണിപ്പടി കയറുമ്പോൾ രവി വിളിച്ചു: "രജനീ!"

"എന്തോ." അവളുടെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞുനിന്നു.

"വിഷമിക്കേണ്ടാ. ഇതൊന്നും അത്ര സാരമാക്കാനില്ല."

പക്ഷേ രവി അതു ഹൃദയത്തിൽ തട്ടി പറഞ്ഞതല്ലെന്നാണവൾക്ക തോന്നിയതു്. കിടക്കയിൽ വന്നു വീണു പൊട്ടിപ്പൊട്ടി കരഞ്ഞു.

ജീവിതത്തിൻെറ എല്ലാ ആഹ്ലാദവും തിമിർപ്പും അവസാനിച്ചപോലെയായിരുന്നു. വീട്ടിൽ മുമ്പില്ലാത്ത ശൂന്യതയും നിശ്ശബ്ദതയും പരന്നു. രജനിയോടു സംസാരിക്കുന്നതു് ഒരു ഭാരമായപോലെയായിരുന്നു രവിയുടെ ഭാവം. രജനി ക്ലബ്ബിൽ പോകുന്നതു നിർത്തി. കൂടെ വരണമെന്നു രവിയോടു നിർബ്ബന്ധിച്ചുമില്ല.

അഞ്ചാറു മാസങ്ങൾക്കു ശേഷമാണു്. പതിവനുസരിച്ച സമയത്തിനു രവി ആപ്പീസിൽനിന്നു വന്നില്ല. അവൾക്കു വല്ലാത്ത അമ്പരപ്പു തോന്നി. വരാന്തയിൽ തന്നെ കാത്തുകാത്തിരുന്നു. വല്ല അപകടവും പിണഞ്ഞിട്ടുണ്ടെങ്കിലോ എന്നതായിരുന്നു അവൾക്കുള്ള ഭയം. ആപ്പീസിലേയ്ക്കു ടെലിഫോൺ ചെയ്തുനോക്കി. അവിടെ നിന്നു് അഞ്ചുമണിക്കുതന്നെ ഇറങ്ങിയിരിക്കുന്നു.

അന്നു രവി വീട്ടിൽ വന്നപ്പോൾ പത്തുമണി കഴിഞ്ഞിരുന്നു. കാറിൻെറ വെളിച്ചം കണ്ടപ്പോൾ അവൾ കീഴോട്ടു് ഇറങ്ങിച്ചെന്നു.

“എന്തേ ഇത്ര നേരം വൈകിയതു്?”

ഒരു നിമിഷത്തേയ്ക്കു രവി മറുപടിയൊന്നും പറഞ്ഞില്ല. രൂക്ഷമായി അവളുടെ മുഖത്തേയ്ക്കു നോക്കുകമാത്രം ചെയ്തു—മറുപടിയൊന്നും പറയാനില്ലാത്തപോലെ.

“നേരെ ക്ലബ്ബിൽ പോയോ?”

“ഉവ്വു്.” മുങ്ങിച്ചാവാൻ പോകുന്നവനു പിടിച്ചു നില്ക്കാൻ ഒരു സഹായം കിട്ടിയ ആശ്വാസത്തോടെയാണയാളതു പറഞ്ഞതു്.

"ചായ കുടിക്കാനെന്തേ വരാത്തെ?"

"എനിക്കിഷ്ടമില്ലാഞ്ഞിട്ടു്." കാറിൻെറ വാതിലടച്ച രജനിയുടെ മുഖത്തേയ്ക്കു നോക്കാതെ അയാൾ മുകളിലേയ്ക്കു കയറിപ്പോയി.

ഒരു നിമിഷം അവൾ അവിടെത്തന്നെ തരിച്ചു നിന്നു. എന്തു പറയണമെന്നോ എന്തു ചെയ്യണമെന്നോ അറിഞ്ഞില്ല. വെളിച്ചമില്ലാത്ത കോണിപ്പടികളിലൂടെ മുകളിലേയ്ക്കു കയറിപ്പോകുമ്പോൾ കവിളുകളിലൂടെ കണ്ണുനീർ ധാരയായി ഒഴുകി.

പിന്നെ ഇതൊരു നിത്യസംഭവമായി. രാത്രി പത്തുമണിക്കു മുമ്പു രവി ഒരിക്കലും വീട്ടിൽ വരാറേയില്ല. എന്തേ നേരം വൈകിയതെന്നു് അവൾ ചോദിക്കുകയോ അയാൾ വിശദീകരണം നല്കുകയോ പതിവില്ലാതായി. മാറിയ പരിതഃസ്ഥിതികളോടു് ഇഴുകിച്ചേരാൻ അവൾ പാടുപെടുകയായിരുന്നു........

ഒരു ദിവസം ഷെയ്‌വും കുളിയും കഴിഞ്ഞു് ആപ്പീസിലേയ്ക്കു പോകാൻ രവി തയ്യാറാവുകയാണു്. രജനി 'ബ്രേക്കു്ഫാസ്റ്റു്' ഒരുക്കിവെച്ചു രവിയെ വിളിക്കാൻ ചെന്നു. അപ്പോഴാണു് അയാളുടെ മൂക്കിനുകീഴെ കറുത്തുവന്ന ആ പഴയ തേരട്ടമീശ അവൾ കണ്ടതു്.

പറയാൻ സങ്കോചം തോന്നി. പക്ഷേ പറയുകതന്നെ ചെയ്തു: "വീണ്ടും മീശ വെച്ചുവോ?"

രവി തിരിഞ്ഞുനിന്നു് അവളുടെ നേരെ നോക്കി. തറയ്ക്കുന്ന ആ നോട്ടത്തിനു മുന്നിൽ അവൾ ചൂളിപ്പോയി.

"ഉവ്വ്."

"എന്തേ?"

"എനിക്കു മീശ ഇഷ്ടമാണ്."

പിന്നെ അവളൊന്നും പറഞ്ഞില്ല. പൊട്ടിക്കരയണമെന്നു തോന്നി. തൻെറ ദൗർബ്ബല്യം പുറത്തുകാണിക്കാതിരിക്കാൻവേണ്ടി അവൾ നിശ്ശബ്ദയായി മടങ്ങിപ്പോന്നു.

തനിക്കെതിരായി തടുക്കാനാവാത്ത ഒരൊഴുക്കാരംഭിച്ചിരിക്കുന്നുവെന്ന് അവൾക്കാദ്യമായി വിശ്വാസമായതന്നാണ്. രവി എന്നെന്നേയ്ക്കുമായി തന്നിൽനിന്നു വിട്ടുപോയിരിക്കുന്നുവെന്ന് അവൾക്കു മനസ്സിലായി. ജീവിതം ഇനിയും പച്ചപിടിപ്പിക്കാമെന്ന വിശ്വാസമാണ് അവൾക്ക് ഇത്രയും കാലം സഹിക്കാനും ജീവിക്കാനും പ്രേരണനല്കിയത്. ആ വിശ്വാസം തകൻുപോകുകയായിരുന്നു.

ഏകദേശം ഒരു കൊല്ലം മുമ്പാണ്. യാദൃച്ഛികമായാണ് ആ എഴുത്തു കണ്ടത്. രവിയുടെ അമ്മ എഴുതിയ എഴുത്തായിരുന്നു. "മോനേ, നിൻെറ എഴുത്തു കിട്ടി. നീയിങ്ങനെ വാശിപിടിക്കരുത്. എനിക്കു മോനും മോളുമായി നീയൊരുത്തനേയുള്ളൂ. ഈ വീട്ടിൽ ഒരു പിഞ്ചുകാൽ കണ്ടിട്ടു മരിച്ചാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ട്. രജനിയെ വെച്ചിരുന്നാൽ അതു സാധിക്കുകയില്ലെന്നു നിനക്കറിയില്ലേ? മോനേ, നീ സമ്മതിക്ക്. ഈ ബന്ധം നമുക്കൊഴിവാക്കാം........"

കൂടുതൽ വായിക്കാൻ രജനിക്കു കഴിഞ്ഞില്ല. ആ എഴുത്തു മുഴുവൻ കണ്ണുനീരിൽ കുതിൎന്നുപോയിരുന്നു.

അപ്പോൾ അച്ഛൻെറ വെള്ളപ്പശുവിനെയാണ വൾക്കോൎമ്മവന്നതു്. നെററിയിൽ കറുത്ത ചുട്ടുള്ള ആ പശുക്കുട്ടിയെ കാണാൻ എന്തൊരു ചന്തമായിരുന്നു. ഉഴുന്നിൻമണിപോലെ ഉരുണ്ടുതടിച്ച അതിൻെറ പുറത്തു് എണ്ണമിനുങ്ങുകയാണെന്നു തോന്നും. പക്ഷെ അതിന്നു ചെനപാററിയില്ല. ആറു കൊല്ലം തീററിപ്പോററി വളൎത്തി. ഒരു ഫലവുമുണ്ടായില്ല. നോട്ടക്കാരൻ അന്തോണി പറഞ്ഞതു് അതു മച്ചിയാണെന്നായിരുന്നു. അച്ഛൻ അതിനെ അറവുകാരൻ മുഹമ്മദിന്നു വില്ക്കുകയും ചെയ്തു. മുഹമ്മദ് അതിനെ ഇറക്കിക്കൊണ്ടുപോകുമ്പോൾ അമ്മയും അവളും കരഞ്ഞുപോയി........

താനിന്നു് ആ മച്ചിപ്പശുവിനെപ്പോലെയാണെന്ന വൾക്കു തോന്നി. ജീവിക്കാനിനി അവകാശമില്ല. മരണത്തിൻെറ അറവുകത്തി കഴുത്തിൽ വീഴണം........

അകലെനിന്നു പാഞ്ഞുവരുന്ന കാറു കണ്ടപ്പോൾ അവൾക്കാശ്വാസം തോന്നി: ഒരുപക്ഷ രവിയായിരിക്കാം. വരാന്തയുടെ വടക്കെ അററത്തു ചെന്നു് അവൾ നോക്കിനിന്നു. കാറു വന്ന വേഗതയിൽത്തന്നെ ഗേററു കടന്നു പാഞ്ഞുപോയി.

പിന്നിലേയ്ക്കു നോക്കിയപ്പോഴാണു് വരിവരിയായി കാറുകൾ വരുന്നതു കണ്ടതു്. എങ്കിൽ സിനിമകഴിഞ്ഞു വരുന്നവരായിരിക്കണം. ഒരു മണി കഴിഞ്ഞുകാണും. രവി ഒരിക്കലും ഇത്രയും വൈകാറില്ല.

പടിഞ്ഞാറുനിന്നു് ഈറൻകാററടിച്ചുകൊണ്ടിരുന്നു. നല്ല തണുപ്പുണ്ടു്. സിംലയിൽ ഒരുപക്ഷേ മഞ്ഞു വീണുകാണണം. തലയിൽ വല്ലാത്ത ഘനവും വേദനയും തോന്നി.

അപ്പോൾ, ഓർമ്മകൾ വീണ്ടും ഇരച്ചുപൊന്തി. വിവാഹം കഴിഞ്ഞിട്ടു് അധികം ദിവസമായിരുന്നില്ല. അവൾക്കു സ്വല്പമൊരു കുളിരും തലവേദനയും തോന്നി. രവി ആപ്പീസിൽനിന്നു വന്നപ്പോൾ അവൾ കിടക്കുകയായിരുന്നു. കോട്ടഴിച്ചുമാററാതെതന്നെ അരുകിൽ വന്നിരുന്നു—"എന്താ രാജീ........"

"ഒന്നുമില്ല. തലവേദനയാണു്."

"നോക്കട്ടെ"—കഴുത്തിന്നുകീഴെ കൈ വെച്ചുനോക്കി. "കുറേശ്ശെ പനിയുണ്ടെന്നു തോന്നുന്നു. ഞാനൊരു ഡാക്ടരെ കൊണ്ടുവരാം."

"എയ്. എനിക്കത്രയ്ക്കൊന്നുമില്ല."

"എന്നാലും നോക്കിക്കളയാം."

മറുപടി പറയാൻ കഴിയുന്നതിന്നുമുമ്പേ അയാൾ പുറത്തേയ്ക്കു പോയിക്കഴിഞ്ഞിരുന്നു.

ഡോക്ടർ വന്നു നോക്കി.

"നിങ്ങൾ വെറുതെ പരിഭ്രമിച്ചതാണു് രവീന്ദ്രൻ. സാരമില്ല."

"താങ്കു്സു. ഡോക്ടർ."

ഇപ്പോഴോ? കഴിഞ്ഞതവണ പനിപിടിച്ചപ്പോൾ വേലക്കാരനാണു് ആസ്പത്രിയിലേയ്ക്കു കൊണ്ടുപോയതു്.

ആപ്പീസിൽ ജോലിത്തിരക്കായതുകൊണ്ടു പനിയെങ്ങ നെയിരിക്കുന്നുവെന്നു ചോദിക്കാൻപോലും രവിക്കു സമയം കിട്ടിയില്ല.

വീട്ടിന്നു മുമ്പിൽ കാർ വന്നുനിന്നപ്പോൾ രജനിക്കാശ്വാസമായി. സമയം വൈകിയാലും വന്നല്ലോ?

കാറിൻെറ വാതിൽ തുറന്നു രവി പുറത്തേയ്ക്കു കടന്നു. കാർ ഡ്രൈവുചെയ്യുന്നതു് ഒരു സ്ത്രീയാണെന്നു് ആ ഇരുണ്ട വെളിച്ചത്തിൽ അവൾ കണ്ടു. തല തിരിയുന്നപോലെ തോന്നി. വരാന്തയുടെ തൂണിൽ ചാരിനിന്നപ്പോൾ അവൾ ഇത്രയും കേട്ടു:

"ഓ. കെ. ഡാർലിങ്ങ്. മീററ് യു ററുമാറോ—" സ്ത്രീയുടെ മധുരമായ സ്വരം.

"ഓ. കെ. സ്വീററ് കിസസ്."

"താങ്ക് യു വെരി മച്ച്."

"ഓ. പ്ലഷർ വാസ് എൻറയർലി മൈൻ."

തലക്കുള്ളിൽ ഒരു ഭൂകമ്പം അടിച്ചുയരുന്നപോലെ തോന്നി രജനിക്ക്. ഒരു ചുഴലിക്കാററിൻെറ ശക്തിയോടെ അകത്തേയ്ക്കോടിവന്ന അവൾ കട്ടിലിൽ കമിഴ്ന്നുകിടന്നു് ഇളംമുള പൊട്ടുന്നപോലെ പൊട്ടിപ്പൊട്ടിക്കരഞ്ഞു.

★

KOTTAYAM PUBLIC LIBRARY
KOTTAYAM

# മൂടൽമഞ്ഞു നീങ്ങി

മഞ്ഞു മൂടിനില്ക്കുന്നു. എന്തോ ഒരലസതയുള്ള ഭാവമാണു് പ്രകൃതിക്കു്. പശ്ചിമഘട്ടത്തിന്റെ ചെരുവിൽനിന്നു കരിമ്പനക്കാടുകൾക്കിടയിലൂടെ പറന്നുപോകുന്ന പക്ഷികൾക്കുപോലും ഒരുണൎവ്വില്ലാത്തപോലെ. പതിവുപോലെ സൂൎയ്യനും എന്തേ തെളിഞ്ഞുനില്ക്കാത്തതു്? സുകുമാരൻ തന്റെ വിശാലമല്ലാത്ത മുറിയിൽ, മൂടിനില്ക്കുന്ന അന്തരീക്ഷത്തിലേയ്ക്കു നോക്കിക്കൊണ്ടു മലൎന്നുകിടന്നു. കട്ടിലിൽനിന്നെഴുന്നേററു് എന്തെങ്കിലുമൊക്കെ ചെയ്തുതീൎത്താൽ കൊള്ളാമെന്നുണ്ടു്. ശരീരത്തെക്കാളേറെ മനസ്സതിന്നു സമ്മതിക്കുന്നില്ല. ദിവസങ്ങളേറെയായി പൊരുത്തപ്പെടാൻ കഴിയാത്ത ഒരു ചിന്ത തലയ്ക്കുള്ളിൽ കിടന്നു നൊമ്പരപ്പെടുത്തുന്നു. തുടച്ചുമാററിയാൽ കൊള്ളാമെന്നുണ്ടു്. കഴിയുന്നില്ല, മനുഷ്യനല്ലേ?

കഴിഞ്ഞ മധ്യവേനൽക്കാലാവധിക്കു വലിയമ്മയുടെ വീട്ടിലേയ്ക്കു തിരിച്ചപ്പോൾ സുകുമാരൻ ഇതൊന്നും

ആലോചിച്ചതല്ല. ഉത്സാഹത്തോടെയാണു് വണ്ടി കയറിയതു്. കുസൃതിക്കുട്ടക്കകളായ കുട്ടികളുടെയും വലിയമ്മയുടെയും കൂടെ ഉല്ലാസമായി കുറേ ദിവസങ്ങൾ കഴിച്ചുകൂട്ടാമെന്നുവെച്ചാണു് പുറപ്പെട്ടതു്. പക്ഷേ കുഴഞ്ഞുമറിഞ്ഞ ഒരുപാടു പ്രശ്നങ്ങളുമായാണു് മടങ്ങിപ്പോന്നതു്. ചിന്തിക്കുകപോലും ചെയ്യാത്തതെന്തെല്ലാമോ സംഭവിച്ചുപോയി.

ഒരു തോൽസഞ്ചിയും ഒക്കിൽ അമർത്തിപ്പിടിച്ചുകൊണ്ടു സുകുമാരൻ കയറിച്ചെന്നപ്പോൾ സ്വീകരിക്കാൻ ചിരിച്ചുകൊണ്ടു വലിയമ്മ തയാറുണ്ടായിരുന്നു. കുട്ടികൾ വന്നു പൊത്തിപ്പിടിച്ചുകയറാൻ തുടങ്ങി. തോൽസഞ്ചിയിൽ തൂങ്ങിക്കൊണ്ടു മോഹനനാണു് ചോദിച്ചതു്—"മ്മാമ ബിസ്കോത്തു കൊണ്ടോന്നിട്ടുണ്ടോ?"

"ഓ, ചെക്കന്റെ ഒരു കൊതി"—വലിയമ്മ ശകാരിക്കാനുള്ള ഭാവമാണു്.

"പിന്നെ, കൊണ്ടോരാണ്ടിരിക്ക്യോ"—പൂമുഖത്തു കടന്നിരുന്നു സുകുമാരൻ തോൽസഞ്ചിയിൽനിന്നു് ഒരു ബിസ്കറ്റുപൊതിയെടുത്തു കുട്ടികൾക്കൊക്കെ ബിസ്കറ്റു കൊടുത്തു.

"ലീലക്ക് വേണ്ടേ?"—വലിയമ്മയാണു് ചോദിച്ചതു്.

"വേണ്ടാ."

അപ്പോഴാണു് സുകുമാരൻ അവളെക്കണ്ടതു്. കസേരയിൽ ഒതുങ്ങിയിരിക്കുന്ന ആ യുവതിയാരാണെന്നു സുകുവിന്നു മനസ്സിലായില്ല.

"അയൽവീട്ടിൽ വന്ന രജിസ്ട്രാറുടെ മകളാണ്. സ്കൂളിൽ പോകാത്തതുകൊണ്ട് ഇടയ്ക്കൊക്കെ ഇവിടെ കയറിവരും. എന്നാൽ എനിക്കും സംസാരിക്കാനൊരാളായല്ലോ."

വലിയമ്മ പറഞ്ഞവസാനിച്ചപ്പോൾ സുകു ഒന്നു മൂളുകമാത്രം ചെയ്തു. അവർ സംസാരിക്കുന്നതിനിടയ്ക്ക് അവളെഴുന്നേററ് അകത്തേയ്ക്കു പോയി. കയ്യുകൾക്കിടയിലമർത്തിവെച്ച വടികൾ നിലത്തൂന്നിയാണവൾ നടന്നുപോകുന്നത്.

"വലിയമ്മേ, ഈ കുട്ടിക്കെന്താണ്?"

"എന്താ ചെയ്യാ, മോനേ. ഒരു തരം വാതമാണ്. രണ്ടു കാലിനും സ്വാധീനമില്ല. അയാൾക്കാകെയുള്ളൊരു മോളാ."

"ചികിത്സയൊന്നും നോക്കുന്നില്ലേ?"

"എന്തൊക്കെ നോക്കിയതാ. ഒരു ഫലോംല്ല്യ. നീയിനി ഇതൊക്കെ മാററി വല്ലതും കഴിക്കാൻ നോക്ക്യേ!"

സുകു എഴുന്നേററ് അകത്തെ മുറിയിലേയ്ക്കു പോയി. അപ്പോൾ വടിയൂന്നിക്കൊണ്ട് മുടന്തിമുടന്തിപ്പോകുന്ന ആ യുവതിയുടെ രൂപം അയാളുടെ മനസ്സിൽ തെളിഞ്ഞു നിന്നു.

കസേരയിലിരുന്നു ഷൂ ഊരിയിട്ടപ്പോൾ അയാൾക്കൊരാശ്വാസം തോന്നി. മറെറാന്നുമില്ലെങ്കിലും സ്നേഹമസൃണമായ അന്തരീക്ഷമാണല്ലോ. കോടതിയും കള്ളക്കേസുകളുമായി നടക്കുന്ന കക്ഷികളും വാദപ്രതിവാദങ്ങളും നിറഞ്ഞ ചുററുപാടിൽനിന്നു ശാന്തമായ ഈ ഗ്രാമ

പ്രദേശത്തിലേയ്ക്കുള്ള മാററംതന്നെ അയാൾക്കു് ഒരു പുതുജീവൻ നല്കിയപോലെ തോന്നി. സഞ്ചിയിൽനിന്നു മുണ്ടെടുത്തു ചുററി കുളിമുറിയിലേയ്ക്കു പോകാൻ തുടങ്ങുകയായിരുന്നു.

“ദേ....”

തിരിഞ്ഞുനോക്കി. കമ്പുകൾക്കിടയിൽ വടികളൂന്നിപ്പിടിച്ചുകൊണ്ടു ലീല നില്ക്കുന്നു. അവളെ അയാൾ സൂക്ഷിച്ചുനോക്കിയതപ്പോഴാണു്. ഇടതൂർന്ന കനത്ത തലമുടി രണ്ടു വശത്തേയ്ക്കും പിന്നിയിട്ട സുന്ദരിയായൊരു പെൺകുട്ടി. ഇളംചുകപ്പാർന്ന കവിളുകളും ഇളംനീല നിറമുള്ള കണ്ണുകളും.

“വല്യമ്മ ചായ കുടിക്കാൻ വിളിക്കുന്നു.”

“ഏ........ദാ വരുന്നു”—അയാൾ കണ്ണുകളെടുത്തുകൊണ്ടു പറഞ്ഞു.

വടികൾ നിലത്തൂന്നിയൂന്നി അവൾ നടന്നുപോകുന്നതു സുകു നോക്കിനിന്നു. അബലങ്ങളായ കാലുകൾ നിലത്തു തൊട്ടുതൊട്ടില്ലെന്ന നിലയിൽ കിടന്നിഴയുന്നു. അയാൾക്കവളോടു് എന്തെന്നില്ലാത്ത ദയയാണു് തോന്നിയതു്. അവൾ നടന്നുമറയുമ്പോൾ അയാൾ അറിയാതെ പറഞ്ഞുപോയി—പാവം!

ചായ കുടിക്കാൻ മേശയ്ക്കു ചുററും അവരിരുന്നു. ലീല താഴേയ്ക്കു നോക്കിയിരിക്കുകയാണു്. പ്ലെയ്ററിൽ ദോശയെടുത്തിട്ടപ്പോഴാണു് ചട്ടിണി കൊണ്ടുവെച്ചിട്ടില്ലെന്നോർമ്മവന്നതു്. വലിയമ്മ ചട്ടിണിയെടുക്കാൻ അടുക്കളയിലേയ്ക്കു പോയി. സുകു ദോശയുടെ പൊട്ടുകളെട

ത്തു തീററിയാരംഭിച്ചു. അപ്പോൾ ലീല കണ്ണുകളുയൎത്തി അയാളെ നോക്കി മന്ദഹസിക്കുന്നതയാൾ കണ്ടു. അയാൾക്കു ചിരിക്കാൻ കഴിഞ്ഞില്ല. അയാളുടെ ഹൃദയത്തിൽ ആ അബലയായ പെൺകുട്ടിയോടുള്ള സഹതാപം ഉയൎന്നുനിന്നു. വലിയമ്മയുടെ കാലടിശബ്ദം കേട്ടപ്പോൾ അവൾ കണ്ണുകൾ കീഴോട്ടു വലിച്ചുകളഞ്ഞു.

രാത്രി ഉറങ്ങാൻ കിടന്നപ്പോൾ സുകു ആലോചിച്ചതു മുഴുവൻ ലീലയെപ്പററിയായിരുന്നു. ആലോചിക്കണമെന്നു വിചാരിച്ചിട്ടല്ല. ഓൎമ്മയിലേക്കു നുഴഞ്ഞുകയറുകയാണു്. കാലുകൾക്കു ശേഷിയുണ്ടായിരുന്നെങ്കിൽ ഈ ലോകത്തിനെ മുഴുവൻ മുട്ടുകുത്തിക്കാനുള്ള സൗന്ദൎയ്യമവൾക്കുണ്ടെന്നയാൾക്കു തോന്നി. ഈ ഈശ്വരനു കണ്ണില്ലേ? അല്ലെങ്കിൽ എല്ലാം തികഞ്ഞിട്ടു് എന്തെങ്കിലുമുണ്ടോ അല്ലേ? വലിയമ്മ പോയപ്പോൾ അവൾ നോക്കി പുഞ്ചിരിച്ചതെന്തേ? വെറുതെയാവും. ആണോ? ആണെങ്കിൽ വലിയമ്മയുള്ളപ്പോൾ ചിരിക്കാമായിരുന്നില്ലേ? വലിയമ്മയുടെ കാലൊച്ച കേട്ടപ്പോൾ അവൾ കണ്ണുകൾ പിൻവലിച്ചതെന്തേ? അല്ലെങ്കിൽ താനെന്തിനിതൊക്കെ ചിന്തിക്കുന്നു? അങ്ങനെ കിടന്നയാളുറങ്ങിയതറിഞ്ഞില്ല.

പിറേറന്നു ബ്രഷെടുത്തു മുററത്തു വന്നുനിന്നപ്പോൾ തെക്കേതിലെ ഉമ്മറത്തു ലീലയിരിക്കുന്നതയാൾ കണ്ടു. കയ്യുകൾക്കിടയിൽ വെയ്ക്കുന്ന വടികൾ രണ്ടും അവളുടെ അരുകിൽ കിടക്കുന്നു. അവൾ എന്തോ കാത്തിരിക്കുകയാണു്. ഉദ്ദേശമൊന്നുമില്ലാതെ അയാളങ്ങോട്ടു നോക്കി

നിന്നു. അവഠം എന്തു ചെയ്യുമെന്നു്, എങ്ങനെ പെരുമാറുന്നുവെന്നറിയാൻ സ്വാഭാവികമായൊരു കൗതുകം. വേലക്കാരൻ ഒരു ചെമ്പുപാത്രത്തിൽ വെള്ളം കൊണ്ടുവന്നുവെച്ചു കൊടുത്തു. അവഠം അതു കാത്തിരിക്കുകയായിരിക്കണം. പല്ലു തേയ്ക്കാൻ വെള്ളത്തിനുവേണ്ടി അവഠംക്കു മറ്റൊരുടെയെങ്കിലും സഹായം വേണം. അങ്ങനെ എന്തിനൊക്കെ? സാരി ചുററണമെങ്കിൽ, ബ്ളൗസ്സിടണമെങ്കിൽ, ഒരു കൊച്ചുപുസ്തകമെടുത്തു മാററിവെയ്ക്കണമെങ്കിൽ........! നിത്യജീവിതത്തിലെ ഓരോ ചെറിയ ആവശ്യത്തിനും അന്യസഹായം ആവശ്യമായിവരുക! എങ്കിൽ പിന്നെ ഒരു ജീവിതത്തിൻെറ അത്ഥം തന്നെയെന്താണു്?

അവഠംക്കെന്തെങ്കിലും കൂട്ടുകാരുണ്ടായിരിക്കുമോ? ഉണ്ടായിരിക്കാനിടയില്ല. അബലയായ ആ പെൺകുട്ടിക്കു് എങ്ങനെയൊരു സ്നേഹിതയുണ്ടാവാനാണു്? ഈ ലോകത്തിൻെറ അത്ഥമില്ലാത്ത വേഗതയിൽ പങ്കുകൊള്ളാൻ അവെഠംക്കു കഴിവില്ലല്ലോ.

“സുകു........” വലിയമ്മയാണു്.

“എന്തേ?........”

“നിയ്യു് കളിയൊക്കെ കഴിഞ്ഞു തയ്യാററായാൽ ലീലേടെ വീട്ടിലേയ്ക്കൊന്നു പോകാം. അദ്ദേഹം ഒമ്പതു മണിക്കു പുറത്തുപോകും. നല്ല കൂട്ടത്തിലാ.”

“തയ്യാററാവാം വലിയമ്മേ.”

പോകണമെന്നു സുകുവിന്നു തോന്നിയില്ല. പക്ഷേ വലിയമ്മ പറഞ്ഞാൽ നിഷേധിക്കാൻ വയ്യല്ലോ. ആ

പെൺകുട്ടി വേദനിപ്പിക്കുന്ന ഒരു പരമാർത്ഥമാണു്. അയാൾക്കവളോടു് എന്തെന്നില്ലാത്ത സഹാനുഭൂതിയുണ്ടു്. പക്ഷേ അവളെ കണ്ടതുമുതൽ തൻെറ ഹൃദയത്തിൻെറ ഏതോ ഒരു കോണിൽ നൊമ്പരമാണയാൾക്കനുഭവപ്പെട്ടതു്. അവളുടെ സാമീപ്യത്തിൽ അതു നീറിനീറിപ്പിടിക്കുകയില്ലേ?

തെക്കേതിലേയ്ക്കു കയറിച്ചെന്നപ്പോൾ രജിസ്റ്റ്രാർ വർത്തമാനക്കടലാസ്സും കയ്യിലെടുത്തുകൊണ്ടു പുറത്തുവന്നു.

"സുകു ഇന്നലെയേ വന്നുള്ളു. ആപ്പീസ്സിൽ പോകുന്നതിനുമുമ്പു കാണാമെന്നുവെച്ചു് ഇറങ്ങിയതാ."

"അതേതായാലും നന്നായി. വരൂ."

വൃത്തിയാക്കി ഒരുക്കിവെച്ച പൂമുഖത്തേയ്ക്കു് അവർ കടന്നിരുന്നു.

"എത്ര ദിവസമുണ്ടിവിടെ?"—രജിസ്റ്റ്രാറാണു് ആരംഭിച്ചതു്.

"പത്തിരുപതു ദിവസം."

"അത്രേയുള്ളൂ."

"കുറച്ചു കേസുകൾ തയ്യാറാക്കാനുണ്ടു്."

"നല്ലവണ്ണം കേസുണ്ടോ?"

"തരക്കേടില്ല."

മരവടികൾ നിലത്തു കുത്തുന്ന ശബ്ദം അടുത്തടുത്തു വരുന്നതു സുകു കേട്ടു. ലീലയായിരിക്കണം. അവൾ കടന്നുവന്നില്ലെങ്കിൽ എന്നയാൾ ആശിച്ചുപോയി.

"ലീലയെവിടെയായിരുന്നു?"—വലിയമ്മ അവളുടെ കൈ പിടിച്ചു കസേരയിലിരുത്തിക്കൊണ്ടു ചോദിച്ചു.

"അകത്തു കുറച്ചു തുന്നുകയായിരുന്നു."

"അവൾക്കതുതന്നെയാ തൊഴില്. ഇതൊക്കെ അവൾ തുന്നിയുണ്ടാക്കിയതാ."

സുകു തലയുയർത്തി നോക്കി, കസേരയിലെ കവറുകളിലും വാതിലിൻെറയും ജനലിൻെറയും കർട്ടനുകളിലുമൊക്കെ സുന്ദരങ്ങളായ ഡിസയിനുകൾ തുന്നിച്ചേർത്തിരിക്കുന്നു. നേരെ മുന്നിലുള്ള കർട്ടനിൽ വിടർന്നുനില്ക്കുന്ന ഒരു പനിനീർപ്പൂവും അതിൻെറ മുകളിൽ പറന്നിരിക്കുന്ന വണ്ടും. അതിനു കീഴെ വടിവൊത്ത അക്ഷരങ്ങളിൽ എഴുതിച്ചേർത്തിരിക്കുന്നു—"ഈ ആകർഷണം അനശ്വരമാണോ?"

സുകു മുഖമുയർത്തി ലീലയെ നോക്കി. പുഞ്ചിരി കളിഞ്ഞുനിന്നിരുന്ന ആ മുഖം ലജ്ജകൊണ്ടു താഴ്ന്നുപോയി.

മടങ്ങിവന്നപ്പോൾ ആ പനിനീർപ്പൂവും, അതിനു കീഴെ തുന്നിച്ചേർത്തിരുന്ന കൊച്ചുവാചകവും സുകുവിൻെറ ഓർമ്മയിൽ തങ്ങിനിന്നു. ഈ ജീവിതത്തിനോടു മുറുമുറുപ്പില്ലാതെ ഇഴകിച്ചേരാൻ അവളാഗ്രഹിക്കുന്നു. ഈ ലോകത്തിലെ സൗന്ദര്യമാസ്വദിക്കാൻ അവളും പഠിച്ചു കഴിഞ്ഞിട്ടുണ്ട്. അതിനു രൂപം കൊടുക്കാൻ അവളാഗ്രഹിക്കുകയും ചെയ്യുന്നു. ആ ആഗ്രഹം ഒരു സമരത്തിൻെറ നാന്ദിയാണ്. അതിലവൾ വിജയിക്കേണ്ടതാണ്. അ

പ്പോൾ, ആദ്യമായി സുകുവിനു ലീലയെ കണ്ടാൽ കൊള്ളാമെന്നു തോന്നി. ആ തോന്നലൊരു വഴിത്തിരിവാണെന്നു് അയാൾക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല.

ഊണു കഴിഞ്ഞു സുകു പുറത്തുവന്നപ്പോൾ ലീല അകത്തേയ്ക്കു കയറുകയായിരുന്നു. അവളുടെ മുഖത്തു മുല്ലപ്പൂക്കൾ വിടർന്നുനിന്നു.

"നന്നായി തുന്നിയിട്ടുണ്ടല്ലോ?"

"നന്നായിട്ടുണ്ടോ?"—ഒരു മറുചോദ്യമായിരുന്നു മറുപടി.

"ഇങ്ങനെ തുന്നാനറിയുമെന്നു ഞാനറിഞ്ഞില്ല."

"അത്ര നന്നായിട്ടൊന്നുമില്ല."

"ആ തോന്നൽ നല്ലതാണു്."

"അതെന്താ........?"—അവളുടെ മുഖം പരിഭ്രമം കൊണ്ടു ചുകക്കുന്നതു സുകു കണ്ടു. അവൾ ധൃതിയിൽ അകത്തേയ്ക്കു പോയി. മുടന്തിമുടന്തിപ്പോകുന്ന അവളെ നോക്കിനില്ക്കുമ്പോൾ സുകുവിൽനിന്നു പുറത്തുവന്നതു് ഒരു ദീർഘനിശ്വാസമായിരുന്നു.

ദിവസങ്ങൾ നീങ്ങി. പിറ്റേന്നു സുകു മടങ്ങിപ്പോകുകയാണു്. അന്നു് അയാൾ മുറിക്കുള്ളിലിരുന്നു് എന്തോ വായിക്കുമ്പോഴാണു് ലീല കടന്നുവന്നതു്. കസേരയിൽനിന്നെഴുന്നേല്ക്കാതെതന്നെ അയാളവളെ നോക്കി മന്ദഹസിച്ചു. അവൾ നടന്നുവന്നു കസേരയിൽ ചാരിനിന്നു.

"നാളെ പോവുകയാണു് അല്ലേ?"

"അതേ"—സുകു പുസ്തകം മടക്കി മടിയിൽ വെച്ചു.

"ഇനി എന്നാണിങ്ങോട്ടു്?"

"തീർച്ചയൊന്നും പറയാൻ വയ്യ. എന്താ, ലീലയ്ക്കു പട്ടണത്തിൽനിന്നു വല്ലതും വേണോ?"

"ഒന്നും വേണ്ടാ."

നിശ്ശബ്ദത. അവൾ നിലത്തേയ്ക്കു ദൃഷ്ടിയുറപ്പിച്ചു കൊണ്ടു നില്ക്കുകയായിരുന്നു.

"എന്തെങ്കിലും വേണമെങ്കിൽ പറഞ്ഞോളൂ. എത്തിച്ചുതരാം."

"എനിക്കു്........"

"എന്താണു്....!"

"എനിക്കെഴുതയയ്ക്കുമോ?"

"ഏ........" അതു പ്രതീക്ഷിക്കാത്തതായിരുന്നു. സുകു അവളുടെ കണ്ണുകളിലേയ്ക്കു നോക്കി. അവിടെ ആശ നിറഞ്ഞൊരഭ്യർത്ഥന തിങ്ങിനില്ക്കുന്നു—

"അയയ്ക്കുമോ?"

"അയയ്ക്കാം"—അവളുടെ മുഖം വീണ്ടും ചുവന്നു തുടുക്കുന്നതയാൾ കണ്ടു.

അവൾ കൈ നീട്ടി. സുകു ആ കൈ മെല്ലെ പിടിച്ചമർത്തി.

അവൾ പുറത്തു പോയപ്പോഴാണു് താൻ ചെയ്തതെന്താണെന്നയാൾക്കു മനസ്സിലായതു്. അങ്ങനെ ചെയ്യരുതായിരുന്നെന്നയാൾക്കു തോന്നി. പക്ഷേ ചെയ്തുപോയി.

എന്തിനാണു് എഴുതുന്നതെന്നയാൾക്കു ചോദിക്കാമായിരുന്നു. പക്ഷേ ചോദിച്ചില്ല; അല്ലെങ്കിൽ ചോദിക്കാൻ സാധിച്ചില്ല.

അവളുടെ കണ്ണുകളിൽ തിളങ്ങിനിന്ന വികാരമെന്തായിരുന്നു? അതു കാണാതിരിക്കാൻ അയാൾക്കു കഴിഞ്ഞില്ല. അതു ശുഭോദർക്കമാണോ? ഉറപ്പിച്ചു പറയാൻ വയ്യ. ഭാവി തീരുമാനിക്കേണ്ട ഒരു കാര്യമാണതു്. പക്ഷേ നിഷ്കളങ്കയായൊരു പെൺകുട്ടിയുടെ ഹൃദയവികാരങ്ങളെ മുറിപ്പെടുത്തുകയെന്നുവെച്ചാൽ........! തന്നെക്കൊണ്ടതു സാധ്യമല്ല.

അങ്ങനെ ആരംഭിച്ചതാണു്. ഇതവസാനിക്കുന്നതെവിടെയായിരിക്കും? അയാൾക്കു രൂപപ്പെടുത്താൻ കഴിയുന്നില്ല. ആശകളും പ്രതീക്ഷകളും നിറഞ്ഞ അവളുടെ എഴുത്തുകൾ വന്നു. മറുപടി അയയ്ക്കുകയില്ലെന്നയാൾ വിചാരിച്ചതാണു്. പക്ഷേ അയയ്ക്കാതിരിക്കാൻ സാധിക്കുന്നില്ല. ദൗർബ്ബല്യമായിരിക്കാം. പക്ഷേ ആ ദൗർബ്ബല്യത്തിന്നയാൾ അടിമപ്പെട്ടു. അവളെ തികച്ചും അയാൾ മനസ്സിലാക്കിയതു് എഴുത്തുകളിലൂടെയാണു്. ആ എഴുത്തുകളിലൂടെ അവൾ വളന്നു, പൂർണ്ണതയുള്ള ഒരു സ്ത്രീയായി. അവളുടെ കാലുകൾക്കേ ദൗർബ്ബല്യമുള്ളു. ഹൃദയം തികച്ചും ആരോഗ്യമുള്ളതായിരുന്നു.

തനിക്കവളോടുള്ള വികാരമെന്താണു്? താനവളെ സ്നേഹിക്കുന്നുവെന്നയാൾക്കറിയാം. അതു പ്രേമമാണോ? ആണെന്നു പറയാൻ അയാൾക്കു കഴിയുന്നില്ല. ദുർബ്ബലയായ ആ പെൺകുട്ടിയോടുള്ള സഹതാപത്തിൽനി

ന്നു വളൎന്നുവന്നതാണു് ഈ വികാരം. പക്ഷേ ആപത്കരമായൊരു മേഖലവരെ അതിനെ വളരാനനുവദിച്ചുവോ എന്നാണയാൾക്കറിയാത്തതു്. അവളെയാളെ പ്രേമിക്കുന്നു; ജീവനേക്കാൾ കൂടുതൽ പ്രേമിക്കുന്നു, ആരാധിക്കുന്നു. അതിനെ നിഷേധിക്കുകയെന്നുവെച്ചാൽ നിഷ്കളങ്കയായൊരു പെൺകുട്ടിയുടെ മൃദുലഹൃദയത്തെ മുറിപ്പെടുത്തുകയായിരിക്കും. അല്ലെങ്കിൽ താനതിന്നു വളം വെച്ചു കൊടുത്തിട്ടില്ലേ? ഇല്ലെന്നു പറയാൻ വയ്യ. അവൾ നീട്ടിയ കൈ എന്തിനു പിടിച്ചമൎത്തി? മറ്റൊരവസരത്തിൽ അവളുടെ കയ്യിൽ എന്തിന്നു ചുംബിച്ചു? അവളുടെ വികാരഭരിതങ്ങളായ എഴുത്തുകൾക്കെന്തിന്നു മറുപടികളയച്ചു? അവൾക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറാണെന്നു് എന്തിനു വാഗ്ദാനം ചെയ്തു? അവയൊക്കെ വിചാരത്തിന്നു സ്ഥാനമില്ലാത്ത ദുൎബ്ബലനിമിഷങ്ങളായിരുന്നു. പക്ഷേ ഇപ്പോൾ അതൊക്കെ തെററായിരുന്നുവെന്നു പറഞ്ഞാൽ അതൊരു വിശ്വാസവഞ്ചനയാവുകയില്ലേ?

സുകു കട്ടിലിൽനിന്നെഴുന്നേററു. പെട്ടി തുറന്നു് അവളുടെ ഫോട്ടോ പുറത്തെടുത്തു. സ്വപ്നാത്മകങ്ങളായ ആ കണ്ണുകൾ അയാളോടപേക്ഷിക്കുന്നപോലെ തോന്നി—“എന്നെ തിരസ്കരിക്കുമോ?”

ആ ഫോട്ടോ കയ്യിലമൎത്തിപ്പിടിച്ചുകൊണ്ടയാൾ ജനാലയ്ക്കരികിൽ നിന്നു. ജനാലയ്ക്കു കീഴിൽ ഇരുന്നിരുന്ന മാടപ്രാവുകൾ പറന്നു സ്വല്പം ദൂരേ ചെന്നിരുന്നു. അവ കൊക്കുകൾ കൂട്ടിയുരസി രസിക്കുകയാണു്........

അയാൾ പെട്ടി തുറന്നു മുണ്ടും ഷർട്ടും മാററി തോൽസഞ്ചിയെടുത്തു സാധനങ്ങൾ ഒരുക്കിവെച്ചു. ലീലയുടെ ഫോട്ടോ എടുത്തു പേഴ്സിനുള്ളിൽ വെക്കുമ്പോൾ അയാൾക്കു ശരീരത്തിന്റേതിനേക്കാൾ ഹൃദയസൗന്ദര്യം വിലയുററതാണെന്നു തോന്നി.

മുറി പൂട്ടി ബസ്സ്സ്റ്റോപ്പിനെ ലക്ഷ്യമാക്കി അയാൾ നടന്നു. വലിയമ്മയോടു് എല്ലാം തുറന്നു പറഞ്ഞു് ഒരു തീരുമാനത്തിലെത്തണം. ലീല തന്റേതായേ തീരൂ.

അയാൾ അതിവേഗത്തിലടിവെച്ചു നടന്നു. അപ്പോൾ അന്തരീക്ഷത്തിൽ നിന്നു മൂടൽമഞ്ഞു നീങ്ങിക്കഴിഞ്ഞിരുന്നു. കിഴക്കെവശത്തു് ഉദിച്ചുയർന്നുകഴിഞ്ഞിരുന്ന സൂര്യൻ ബദ്ധപ്പെട്ടു നടന്നുപോകുന്ന ആ മനുഷ്യനെ നോക്കി പുഞ്ചിരിതൂകി.

# അനാഥമായ ആത്മാവ്

ഇറയത്തുനിന്നു മഴവെള്ളം ഒലിച്ചുവീഴുന്ന ശബ്ദം വ്യക്തമായി കേൾക്കാം. രണ്ടുമൂന്നു മണിക്കൂറായി പെയ്തും തോർന്നുംകൊണ്ടിരിക്കുന്ന മഴയുടെ ശക്തിക്കനുസരിച്ചു വെള്ളം ഇടതടവില്ലാതെ വീണുകൊണ്ടിരിക്കുന്നു. താളക്രമമില്ലാത്ത ആ ശബ്ദവും ശ്രദ്ധിച്ചുകൊണ്ടു ശ്രീധരൻ ഓലപ്പായയിൽ കുനിഞ്ഞിരുന്നു. സമയം എത്രയായിക്കാണും? നിശ്ചിതമായി അറിയില്ല. എങ്കിലും രാത്രിയുടെ മധ്യയാമം അടുക്കാറായിക്കാണണം. ഏട്ടത്തിയും മക്കളും കല്ല്യാണത്തിന്നു പോയിട്ടു കുറെ നേരമായല്ലോ? മുഹൂർത്തം പതിനൊന്നു മണിക്കാണെന്നു് അയാളോർത്തു. പോകുമ്പോൾ ഏട്ടത്തി ചോദിച്ചു—"ശ്രീധരൻ വരുന്നില്ലേ?"

"ഇല്ല, ഏട്ടത്തി."

"അമ്മായി പ്രത്യേകം പറഞ്ഞിട്ടുള്ളതല്ലേ?"

"അതെ."

“വന്നോളു ശ്രീധരാ.”

“ഞാൻ വന്നിട്ടെന്തു ചെയ്യാനാ?”

“അതും ശര്യാ. ഞാൻ പകച്ച് കൊടുത്തയയ്ക്കാൻ പറയാം.”

“വേണ്ട ഏടത്തി, നിക്കു് വേണംന്നില്ല.” ഏടത്തി നിശ്ശബ്ദയായി അകത്തേയ്ക്കു കടന്നുപോയി. അപ്പോൾ, “അമ്മേ, ഉണ്ണിമ്മാമ വരുന്നില്ലേ?” കമലമാണു്. ഏടത്തിയുടെ മൂത്ത മകൾ.

“ഇല്ല.”

“ന്താ അമ്മേ, ദേവീടത്തിടെ കല്ല്യാണായോ ണ്ടാ?”

“പെണ്ണൊന്നു മിണ്ടാതിരുന്നെ”—ഏടത്തി നിഷ്കർഷിച്ചു.

പാവം പെൺകുട്ടി! പന്ത്രണ്ടു വയസ്സായ അവളെ ന്തറിയാനാണു്? ചറപറെ കിടക്കുന്ന തലമുടിയും നിഷ്കളങ്കത മുററിനില്ക്കുന്ന മുഖവുമുള്ള അവൾക്കു് ഉണ്ണിമാമ ജീവനായിരുന്നു. എന്തിന്നും ഉണ്ണിമാമ വേണം. ഉറങ്ങാനും ഊണു് കഴിക്കാനും നടക്കാൻ പോകാനുമൊക്കെ. ഇന്നോ....? നാലു കൊല്ലമായി അയാളവളെ തൊട്ടിട്ടു്. അയാളുടെ അടുത്തേയ്ക്കു വരാൻ അവൾക്കു പേടിയാണു്. ഉണ്ണിമാമേ എന്നു് അവളിന്നു നീട്ടിവിളിക്കാറില്ല. അതോർത്തപ്പോൾ ശ്രീധരൻെറ കണ്ണുകളിൽ വെള്ളം നിറഞ്ഞുപോയി.

കൈകൾ നിലത്തു കുത്തി പ്രയാസപ്പെട്ടയാളെഴുന്നേററു. കാലു മുന്നോട്ടു വെച്ചപ്പോൾ തടഞ്ഞതു് ആ

ചെമ്പുപാത്രത്തിന്മേലായിരുന്നു. കല്ല്യാണസദ്യയുടെ പകച്ച് കൊണ്ടുവന്ന ചെമ്പുപാത്രം. ചോറും കറികളും പ്രഥമനുമൊക്കെ ഉണ്ടായിരിക്കണം. അയാളൊന്നും തൊട്ടില്ല. പകച്ച് കൊണ്ടുവന്ന മാധവൻ പറഞ്ഞതയാളോർത്തു—"ശ്രീധരൻനായരേ, വയറു നിറയെ ഉണ്ടോളൂട്ടോ!" അവനതു പറഞ്ഞതു് ഒരു പരിഹാസത്തോടെയല്ലേ? ആണെന്നു ശ്രീധരനു തോന്നി. കാണുമ്പോൾ പഞ്ചപുച്ഛമടക്കി നില്ക്കാറുള്ള മാധവനാണു് പറഞ്ഞതു്. അല്ലെങ്കിൽ അവനും കാര്യവിവരമില്ലേ? താനിന്നൊരു പരിഹാസപാത്രമായിരിക്കുന്നു! ഈ പകച്ച് പരിഹസിക്കാൻവേണ്ടി കൊടുത്തയച്ചതല്ലേ? അയാൾ ആ ചെമ്പിന്മേൽ ആഞ്ഞൊരു ചവിട്ടുകൊടുത്തു. അതിൽ വെച്ചിരുന്ന അടുക്കുപാത്രങ്ങൾ നിലത്തു ചിതറിവീണു. ആ ശബ്ദം പരിഹാസംകൊണ്ടുള്ള പൊട്ടിച്ചിരിയാണെന്നയാൾക്കു തോന്നിയോ........?

വാതിൽ തുറന്നു തപ്പിത്തടഞ്ഞയാൾ പുറത്തു വന്നു. കൂരാക്കൂരിരുട്ടാണു്. ഈ ഇരുട്ടു തുടങ്ങിയിട്ടു നാലിൽ ചില്വാനം കൊല്ലങ്ങളായി. പ്രകാശവും പ്രതിജ്ഞകളും നിറഞ്ഞുനില്ക്കുന്ന ഒരു ജീവിതം പെട്ടന്നങ്ങു നിലച്ചുപോകുക. ഇങ്ങിനിവരാത്തവണ്ണം ജീവിതത്തിൻെറ പ്രകാശം നഷ്ടപ്പെട്ടുപോയിരിക്കുന്നു. അതോർത്തപ്പോൾ തല ചുററുന്നപോലെ തോന്നി. ചുമരിൽ പിടിച്ചുകൊണ്ടു തിണ്ണയിലിരുന്നു. നിലത്തുവീഴാതിരിക്കണമല്ലോ.

മഴയപ്പോഴും തകർത്തു പെയ്യുന്നുണ്ടു്. മണ്ണട്ടകളുടെ അലോസരപ്പെടുത്തുന്ന തീക്ഷ്ണമായ ശബ്ദം കാതുകളിലേ

ഷ്ണു കുത്തിത്തുളച്ചുകയറുന്നു. വിറളിപിടിച്ചപോലെ പ്രപഞ്ചമാകെ ശബ്ദമുഖരിതമായി നില്ക്കുകയാണ്. നിലയില്ലാത്ത തന്റെ ഹൃദയഗതിയുടെ പ്രതികരണമാണതെന്നയാൾക്കു തോന്നി. ഉള്ളിലാകെ എന്തോ കിടന്നിളകിമറിയുന്ന പ്രതീതി. സ്വല്പനേരത്തെയ്ക്കെങ്കിലും കുറച്ചൊരു ശാന്തത കിട്ടിയെങ്കിൽ........

കണ്ണുകൾ തുറന്ന് ഈ ഉരത്തു നില്ക്കുന്ന പ്രകൃതിയെ ആകമാനമൊന്നു നോക്കിക്കാണണമെന്നുണ്ട്. പക്ഷേ സാധിക്കുന്നില്ല. ആകെ അന്ധകാരമാണ്. എങ്ങോട്ടു തിരഞ്ഞാലും ഇരുട്ട്! ഇരുട്ടുമാത്രം.

നാലു കൊല്ലങ്ങൾക്കു മുമ്പാണതു സംഭവിച്ചത്. അതുവരെ ജീവിതത്തിന്നെന്തൊരു പ്രസന്നതയായിരുന്നു. പൂത്തുനില്ക്കുന്നൊരു മലർക്കാവുപോലെ. എങ്ങും സൗരഭ്യമാണ്. ആരാധകന്മാരായ ഒരു സുഹൃത്സംഘം. അഭിമാനപുളകിതരായ കുടുംബാംഗങ്ങൾ. കണ്ണുകളിൽ നിറയെ സ്വപ്നങ്ങളും ചുണ്ടുകളിൽ വറ്റാത്ത പുഞ്ചിരിയുമായി കാത്തിരിക്കുന്ന ഒരു കൊച്ചുപെൺകുട്ടി. ഇന്നോ........? പൂക്കളൊക്കെ കരിഞ്ഞുവീണിരിക്കുന്നു. സ്നേഹമസൃണമായ ഒരു പുഞ്ചിരിക്കുവേണ്ടി കൊതിക്കുകയാണ്. കഴിയുന്നതും ആരുംതന്നെ സംസാരിക്കാറേയില്ല. തന്റെ മുന്നിൽ എല്ലാവരും നിശ്ശബ്ദത പാലിക്കാനിഷ്ടപ്പെടുന്നപോലെ. സുഹൃത്തുക്കളില്ല, ആരാധകന്മാരില്ല. സഹോദരന്മാരും സഹോദരിമാരുമൊക്കെ ദൈനംദിനം അകന്നുപോകുകയല്ലേ........?

പെട്ടന്നാണെല്ലാം സംഭവിച്ചുപോയത്. എന്താണ് സംഭവിച്ചതെന്നാലോചിക്കാൻ കഴിയുന്നതിന്നുമു

മ്പേ എല്ലാം സംഭവിച്ചുകഴിഞ്ഞിരുന്നു. ഒരു ദിവസം ആപ്പീസിലിരുന്നു ജോലി ചെയ്യുമ്പോൾ ശരീരമാസകലം കുളുമ്മ തോന്നി. പനിയാണോ? വൈകുന്നേരമായപ്പോഴെയ്ക്കും തൊട്ടാൽ പൊള്ളുന്ന പനി. എല്ലു പൊളിഞ്ഞുവരുന്നപോലുള്ള വേദന. ലോഡ്ജിലെത്തിയപ്പോൾ രാമചന്ദ്രൻ ചോദിച്ചു: "എന്താ ശ്രീധരൻ, സുഖമില്ലേ........?"

"ഇല്ല, കുറേശ്ശെ പനിയുണ്ടു്."

"നല്ല പനിയുണ്ടു്. ഈ മുഖത്തെന്താണു്?" രാമചന്ദ്രൻ കൈപിടിച്ചു നോക്കിക്കൊണ്ടു പറഞ്ഞു: "എന്താ........?" കണ്ണാടിയെടുത്തു നോക്കി. അങ്ങിങ്ങായി പൊള്ളകൾ എഴുന്നുനില്ക്കുന്നു.

"ഞാൻ ഡാക്ടരെ വിളിക്കാം."

"വിളിക്കു."

ഡോക്ടർ വന്നു നോക്കി. പുറത്തു കടന്നപ്പോൾ ഡോക്ടർ രാമചന്ദ്രനോടെന്തോ കുശുകുശുത്തു.

"ആസ്പത്രിയിൽ പോകുകയാണു് നല്ലതെന്നാണു് ഡോക്ടർ പറയുന്നതു്."

"പോകാം."

ആസ്പത്രിയിലെത്തിയതേ ഓർമ്മയുള്ളു. പിന്നെ സംഭവിച്ചതെന്തെല്ലാമാണു്? ആ അബോധാവസ്ഥയിൽ എത്ര ദിവസങ്ങൾ കിടന്നുകാണും? ഒരു പിടിയുമില്ല. ബോധം വന്നപ്പോൾ ചുററുപാടും ഇരുട്ടാണു്. കൂരാക്കൂരിരുട്ടു്........!

കൈകൊണ്ടു തപ്പിനോക്കി. പരുപരുത്ത വിരി. എവിടെയാണു് കിടക്കുന്നതു്? ആരെങ്കിലും അരുകിലുണ്ടോ? കുറച്ചു വെള്ളം കുടിച്ചാൽ കൊള്ളാമെന്നുണ്ടു്. വായയാകെ വരണ്ടിരിക്കുന്നു. നാക്കിറങ്ങിപ്പോകുകയാണോ........?

അടുത്തുനിന്നു് ആരോ വേദനകൊണ്ടു ഞരങ്ങുന്നപോലെ തോന്നി. ആ ഭാഗത്തേയ്ക്കു് അയാൾ തിരിഞ്ഞുനോക്കി. അവിടെ ഇരുട്ടായിരുന്നു, ഭയാനകമായ ഇരുട്ടു്. അപ്പോൾ ആദ്യമായി പ്രകാശമില്ലാത്ത ജീവിതത്തിന്റെ ഭീകരതയെന്താണെന്നയാൾ മനസ്സിലാക്കി. ഇനിയങ്ങോട്ടു ജീവിതം നിറയെ അന്ധകാരമാണു്. ജീവിതത്തിന്റെ എല്ലാ സൗഭാഗ്യങ്ങളും ഇവിടെ അവസാനിക്കുന്നു. തന്റെ പ്രിയപ്പെട്ട മാതാവിന്റെ വാത്സല്യം നിറഞ്ഞ മുഖം ഇനി കാണുകയില്ല. വാതിൽക്കീറിന്റെ പിറകിൽ നിന്നുകൊണ്ടു് "ഉണ്ണിയേട്ടാ!........" എന്നു വിളിക്കുമ്പോൾ ശ്രീദേവിയുടെ ചുണ്ടുകളിലൂടെ കൊഴിഞ്ഞുവീഴാറുള്ള മുല്ലപ്പൂക്കളിനി കാണുകയില്ല.

"അമ്മേ!........" രണ്ടു കൈകളും അയാൾ മുഖത്തോടമർത്തിപ്പിടിച്ചു. എഴുന്നുനില്ക്കുന്ന മസൂരിപ്പൊള്ളങ്ങൾ പൊട്ടിയൊലിച്ചു. പക്ഷേ ആ വേദന അയാളറിഞ്ഞില്ല. മനസ്സാകെ നീറുകയാണു്.

"എന്താ വേണ്ടതു്........?"

"ആരാ?"

"എന്തെങ്കിലും വേണോ?"

"ആരാ........?" അയാാം കൈകൊണ്ടു് എത്തിപ്പിടിക്കാൻ ശ്രമിച്ചു.

"എന്തെങ്കിലും വേണെങ്കിൽ പറയൂ........"

"നോക്കൂ, എൻെറ കണ്ണിൻെറ കാഴ്ചയിനി കിട്ടുകയില്ലേ?"

"അതൊന്നുമിനി ആലോചിക്കേണ്ടാ. വെള്ളം കുടിക്കണോ?"

"വേണം."

ചുണ്ടിനോടടുപ്പിച്ച വെള്ളം ഏന്തി ഏന്തി കുടിച്ചു. അപ്പോൾ ചൂടുള്ള കണ്ണുനീർ കവിളുകളിലൂടെ ഒലിച്ചുവീണിരുന്നു........

വടി നിലത്തൂന്നിക്കൊണ്ടു് ആശുപത്രിയുടെ വരാന്തയിൽ വന്നു.

"ഇതിലെ വരൂ, ശ്രീധരാ."

"രാമചന്ദ്രനാ........?"

"അതെ."

പിന്നെ ഒന്നും പറഞ്ഞില്ല. നിശ്ശബ്ദരായി നടന്നു. എന്തൊരു വ്യത്യാസമാണു്. കണ്ടുമുട്ടുമ്പോൾ മണിക്കൂറുകളോളം സംസാരിക്കാറുള്ളതാണു്. ഇപ്പോഴും ചറപറെ കുറെയങ്ങു പറഞ്ഞുതീർത്താൽ കൊള്ളാമെന്നുണ്ടു്. പക്ഷേ എന്തുകൊണ്ടോ പറയാൻ തോന്നുന്നില്ല. രാമചന്ദ്രനും നിശ്ശബ്ദനായി നടക്കുകയാണു്. ഒന്നും പറയാൻ വയ്യാത്തപോലെ. കൈ പിടിച്ചാണു് നടക്കുന്നതെങ്കിലും ഇടയിൽ വളരെ വലിയൊരു വിടവുണ്ടെന്നു് അയാൾക്കു

തോന്നി. തൂക്കാൻ കഴിയാത്ത വിടവു്. എട്ടു കൊല്ല ങ്ങൾക്കു മുമ്പാണു് രാമചന്ദ്രനായി പരിചയപ്പെട്ടതു്. അന്നു മുതൽ തളരാത്ത ഒരു മൈത്രീബന്ധം വളർത്തി പ്പോരുന്നു. ഇനി അതു സാദ്ധ്യമാണോ? ഒരേ നിലവാര ത്തിൽനിന്നു് ഇനി ജീവിതത്തെ സമീപിക്കാൻ സാധി ക്കുകയില്ലല്ലോ? ഇന്നത്തോടെ എല്ലാം അവസാനിക്കുക യാണെന്നാലോചിച്ചപ്പോൾ ശ്രീധരന്റെ കണ്ണുകളിലൂ ടെ കണ്ണുനീർ ഇററുവീണു.

"ശ്രീധരൻ കരയുകയാണോ?"

"ഉഹ്ഉം"—കണ്ണുനീർ തുടച്ചുമാററാൻ ശ്രമിച്ചു.

"കുട്ടികളെപ്പോലെ പെരുമാറാതിരിക്കൂ. ശ്രീധര നു് അമ്മയും പെങ്ങന്മാരുമുണ്ടു്. അതില്ലാത്തവരെപ്പ ററിയൊന്നാലോചിച്ചുനോക്കൂ. ഇതൊരു വിഷമമല്ല."

മറുപടിയൊന്നും പറഞ്ഞില്ല. ലോഡ്ജിലെത്തിയ പ്പോൾ രാമചന്ദ്രൻ കസേരയിൽ പിടിച്ചിരുത്തി. രാമു കൊണ്ടുവന്ന ചായ നിശ്ശബ്ദനായി മോന്തിക്കുടിച്ചു.

"ശ്രീധരനു് എഴുത്തുകളുണ്ടു്. ഞാൻ വായിച്ചു തരട്ടെ."

"വേണ്ടാ. ഇങ്ങോട്ടു തരൂ."

എഴുത്തുകൾ വാങ്ങി തുണ്ടം തുണ്ടമായി കീറി കാ ററിൽ പാററി. അപ്പോൾ മസൂരിക്കലകൾ നിറഞ്ഞു വി കൃതമായ ആ മുഖം ഭയാനകമായിരുന്നു.

രാമചന്ദ്രനാണു് വീട്ടിൽ കൊണ്ടുചെന്നാക്കിയതു്. അമ്മ കെട്ടിപ്പിടിച്ചുകൊണ്ടു പൊട്ടിക്കരഞ്ഞു.

"ഇതെന്തു പററി, മോനേ."

"അമ്മേ."

"എൻെറ മോനെന്തേ പററീ?"

ഒന്നുമില്ലെന്നു പറയണമെന്നു തോന്നി. പക്ഷേ പറയാൻ കഴിഞ്ഞില്ല. നിശ്ശബ്ദനായി ഇരുന്നു. ആ മാതാവിൻെറ ഹൃദയവികാരങ്ങളെന്താണെന്നു് അയാളൂഹിച്ചിരിക്കണം.

"ഇതേ മോനേ ദേവി വന്നിരിക്കുന്നു."

"എവിടെ?"

"ഇതെ, നിൻെറ മുന്നിൽ."

ശ്രീദേവി തേങ്ങിത്തേങ്ങിക്കരയുന്ന ശബ്ദം അയാൾ കേട്ടു.

"അമ്മേ, അവളോടകത്തേയ്ക്കു പോയ്ക്കൊള്ളാൻ പറയൂ."

ശ്രീദേവി അമ്മാമയുടെ മകളാണു്. ആകെയുണ്ടായിരുന്ന ഒരമ്മാമയുടെ ഒരേ ഒരു മകൾ. അദ്ദേഹം മരിച്ചിട്ടു പതിനാലു വർഷങ്ങൾ കഴിഞ്ഞുപോയിരിക്കുന്നു. അന്നു ശ്രീദേവിക്കൊരു വയസ്സാണു്. അന്നു മുതലേ അമ്മ പറഞ്ഞുവരുന്നതാണു്—"അവൾ ശ്രീധരനുള്ളതാ." വെളുത്തു നീണ്ടു്, നിതംബം മൂടിക്കിടക്കുന്ന തലമുടിയും കറുത്ത കണ്ണിണകളുമുള്ള നിഷ്കളങ്കയായ പെൺകുട്ടി. കഴിഞ്ഞ തവണ ലീവിൽ വന്നതയാളോർത്തുപോയി. എത്ര വേഗമാണവൾ വളർന്നതു്. ഉദ്യോഗത്തിന്നുവേണ്ടി സ്ഥലം വിട്ടപ്പോൾ അവളൊരു കൊച്ചുപെൺകുട്ടിയായിരുന്നു. മടങ്ങിവന്നപ്പോഴെയ്ക്കും അ

വൾ എന്തുമാത്രം വ്യത്യാസപ്പെട്ടുപോയി. കണ്ണുകളിൽ ലജ്ജ തളം കെട്ടിനിന്നിരുന്നു. പുഞ്ചിരി അമത്തിപ്പിടിച്ച ചുണ്ടുകളും, അരുണിമനിറഞ്ഞ കവിളുകളും!

കുടിക്കാൻ വെള്ളവുംകൊണ്ടവൾ വന്നപ്പോൾ ഗ്ലാസിനു പകരം അവളുടെ കൈ പിടിച്ചുകൊണ്ടു പറഞ്ഞതയാളോർത്തു—"ശ്രീമതിയെ കണ്ടാലറിയുന്നില്ലല്ലോ?"

"ഈ ഉണ്ണിയേട്ടനെന്താ?"—അവൾ കുണുങ്ങിച്ചിരിച്ചുംകൊണ്ടോടിപ്പോയി. അപ്പോൾ അതിലെ കടന്നുവന്ന ഏട്ടത്തിയമ്മ പറഞ്ഞു—"എന്താ, ശ്രീധരാ, ഇപ്പഴേ തുടങ്ങിയോ?" ശ്രീധരൻ ഒന്നു പുഞ്ചിരിക്കുക മാത്രം ചെയ്തു.

പൊട്ടിച്ചിരികൾ ഉതിർന്നുവീണിരുന്ന അന്തരീക്ഷം. എങ്ങു നോക്കിയാലും ആഹ്ലാദമാണ്. ഇന്നോ? എല്ലാം അവസാനിച്ചിരിക്കുന്നു. എന്നെന്നേയ്ക്കുമായി അവസാനിച്ചിരിക്കുന്നു.

ശ്രീധരൻ അമ്മയുടെ മാറിൽ തല ചായ്ച്ചു പൊട്ടിക്കരഞ്ഞു. ഒരു കൊച്ചുകുട്ടിയെപ്പോലെ.

"അമ്മേ........"

കാററു വീശിയപ്പോൾ മഴവെള്ളം മുഖത്തേയ്ക്കു ചാറിവീണു. അപ്പോഴാണ് അയാളോർമ്മയിൽനിന്നുണർന്നത്. മഴ ശക്തിയായി പെയ്യുന്നുണ്ട്. മണ്ണട്ടയുടെ അലോസരപ്പെടുത്തുന്ന ശബ്ദമപ്പോഴും കാതുകളിൽ തുളച്ചു കയറുന്നു. അയാൾ തിണ്ണയിൽനിന്നു നിലത്തേയ്ക്കിറ

ങ്ങി. അരുകിൽ ചാരിവെച്ചിരുന്ന ഊന്നുവടി മിററത്തേയ്ക്കുരുണ്ടുവീണു............

ഇരുട്ടുനിറഞ്ഞ ഈ നാലു കൊല്ലത്തിന്നുള്ളിൽ എന്തെല്ലാം സംഭവിച്ചുപോയി. അപ്രതീക്ഷിതമെന്നു പറയാൻ വയ്യാ. പക്ഷേ അവ അയാളെ അങ്ങേഅററത്തോളം വേദനിപ്പിക്കുന്നവയായിരുന്നു. രണ്ടു കൊല്ലങ്ങൾക്കുമുമ്പാണ് അമ്മ മരിച്ചുപോയതു്. ജീവിതത്തിന്റെ എല്ലാമായിരുന്ന അമ്മ. കണ്ണുകൾ നഷ്ടപ്പെട്ടതിനുശേഷം ജീവിതത്തിന്റെ പ്രകാശം അവരായിരുന്നു. അതിനുശേഷം ശ്രീധരൻ മുറിയിൽനിന്നു പുറത്തിറങ്ങാറില്ല. എങ്ങനെയിറങ്ങാനാണ്?

ജീവിക്കാനവകാശമില്ലാത്ത ഒരു മുടക്കാച്ചരക്കാണ് താനെന്ന് അയാൾക്കു പലപ്പോഴും തോന്നിയിട്ടുണ്ടു്. അമ്മ മരിച്ചിട്ടു കൊല്ലം തികഞ്ഞിട്ടില്ല. ഊണു കഴിക്കുകയായിരുന്നു. ചോറിൽ അഞ്ചാറു കല്ലുകടിച്ചു.

"ഏട്ടത്തി, ഈ ചോറിലാകെ കല്ലാണ്."

"നന്നായിപ്പോയി. നിനക്കു പഴയരിച്ചോറു തെണ്ടിച്ചുതരാൻ ഇവിടെ ആളില്ല."

നിശ്ശബ്ദനായി ചോറിന്റെ മുന്നിൽനിന്നെഴുന്നേററു. കരയണമെന്നു തോന്നി. തന്നെ താലോലിച്ചു വളർത്തിയ ഏട്ടത്തിയാണതു പറഞ്ഞതു്. സ്വന്തം മക്കളെപ്പോലും കാണിക്കാതെ നേന്ത്രപ്പഴം ചുട്ടുതരാറുള്ള ഏട്ടത്തി! കൈ കഴുകി പായയിൽ പോയി കമിഴ്ന്നു കിടന്നു. തലയിണയാകെ നനഞ്ഞപ്പോഴാണ് അയാൾ എഴുന്നേററിരുന്നതു്.

അന്ന് ആദ്യമായി ആത്മഹത്യയെപ്പററി ചിന്തി ച്ചുപോയി. കഴുക്ക നിലച്ചുപോയ ജീവിതം തുടരേണ്ട തില്ലെന്നു തോന്നി. എങ്കിലും ആശയുടെ വിളറിയ ഒരു കിരണം എങ്ങോ അവശേഷിച്ചിട്ടുണ്ടെന്നൊരു തോ ന്നൽ. അതെന്തായിരുന്നു? ശ്രീദേവിയാണോ........?

ചുമർ ചാരി, തലയും താങ്ങിപ്പിടിച്ചിരിക്കുമ്പോ ഴാണ് ഒരു കാല്പെരുമാററം കേട്ടത്.

"ആരാ"—അയാൾ തലയുയർത്തി.

"ഞാനാണ്, അമ്മായി."

"എന്താ, എല്ലാക്കും സുഖംതന്നെയല്ലേ?"

"വിശേഷോന്നുംല്ല്യ. ശ്രീധരനോടൊരു കാര്യം പറയാൻ വന്നതാ."

"പറഞ്ഞോളൂ."

"തെററിദ്ധരിക്കരുത്."

"എനിക്കിനി തെററിദ്ധരിക്കാനൊന്നുംല്ല്യ, അ മ്മായി."

"ശ്രീദേവീടെ കല്ല്യാണം തീർച്ച്യാക്കി. തൃശ്ശൂക്കാ രനാ."

"വളരെ നന്നായി. എന്നാണ്?"

"മറിച്ച് വിചാരിക്കരുത്. അവളും ഒരു പെൺ കുട്ടിയല്ലേ? അവൾക്കുംണ്ടാവില്ലേ ചില ആഗ്രഹൊ ക്കെ."

"അമ്മായി, എനിക്കു സന്തോഷമേയുള്ളൂ. അവ ളെങ്കിലും സുഖമായിരിക്കട്ടെ."

"ശ്രീധരൻ വരണം കേട്ടോ."

38439

"ഉം."

തലയണയെടുത്തു മടിയിലമർത്തിപ്പിടിച്ചു. കാഞ്ഞില്ല. കരഞ്ഞു കരഞ്ഞു കണ്ണുനീർ വററിപ്പോയിരുന്നു. ഇതു കുറെ മുമ്പേ പ്രതീക്ഷിച്ചതാണു്. പക്ഷേ ജീവിതത്തിന്റെ അവസാനത്തെ ആശാതന്തുവാണു് പൊട്ടിപ്പോയതെന്നു് അയാളറിഞ്ഞുവോ എന്തോ....?

ഇന്നവളുടെ കല്യാണമാണു്. തൂണു പിടിച്ചു ചവിട്ടുപടിയിലൂടെ അയാൾ മുററത്തേയ്ക്കിറങ്ങി. മഴ പെയ്യുന്നുണ്ടു്. വികൃതമായ ആ മുഖത്തിലൂടെ മഴവെള്ളം ഒലിച്ചുവീണു. അപ്പോൾ അയാൾക്കല്പമൊരാശ്വാസം തോന്നി.

ആ കട്ട പിടിച്ച ഇരുട്ടിൽ പടിയ്യ ലക്ഷ്യമാക്കി അയാൾ മുന്നോട്ടാഞ്ഞുനടന്നു. കുറച്ചു നടന്നപ്പോൾ എന്തിലോ ചെന്നു മുട്ടി. എന്താണു്? മുററത്തെ വളോർമാവായിരിക്കണം. വളോർമാവു്! അതിന്റെ ചാഞ്ഞു കിടക്കുന്ന കൊമ്പിൽ കൈ നീട്ടിപ്പിടിച്ചപ്പോൾ, ഓർമ്മകൾ വീണ്ടും ഇരച്ചുപൊങ്ങി.

കുറെ മുമ്പാണു്. അയാൾ തോട്ടികൊണ്ടു മാങ്ങ പറിക്കുകയായിരുന്നു. അമ്മായി ശ്രീദേവിയുടെ കൈ പിടിച്ചുകൊണ്ടു നടന്നുവന്നു. "എന്തേ, അമ്മായി, കണ്ണാകെ ചുകന്നിരിക്കുന്നല്ലോ?"

"ഒന്നുമില്ല, ശ്രീധരാ."

"കരഞ്ഞപോലെ."

"എന്റെ വിധിയോർത്തു കരഞ്ഞതാ."

"അമ്മായിക്കെന്താ, ഞങ്ങളെല്ലാമില്ലേ?"

"എനിക്കൊരു പെൺകുട്ടിയാണു്. അവളെ ശ്രീധരന്റെ കയ്യിലേല്പിച്ചാൽ സമാധാനമായി."

ശ്രീധരൻ നിശ്ശബ്ദനായി നിന്നു.

"ശ്രീധരൻ മറുനാട്ടിലേയ്ക്കു പോകല്ലേ? അതോണ്ടു പറ്യാണു്. അമ്മേടെ ഇഷ്ടത്തിന്നനുസരിച്ചേ നടക്കാവൂ."

അതേ, അമ്മായി. ഇന്നു് അവളെ മറെറാരുവന്റെ കയ്യിൽ പിടിച്ചുകൊടുക്കുമ്പോൾ സന്തോഷമേയുള്ളൂ. അമ്മയിന്നു ജീവിച്ചിരിക്കുന്നെങ്കിൽ അമ്മയുടെ ഇഷ്ടവും ഇതുതന്നെയായിരിക്കുമോ? ആയിരിക്കാം.

ശ്രീധരൻ തെക്കോട്ടു തിരിഞ്ഞുനിന്നു. അമ്മയുടെ ചുടല അവിടെയെങ്ങാനുമാകണം. എന്നിട്ടു നിലംതൊട്ടു നിറുകയിൽ വെച്ചു തപ്പിത്തടയാതെ മുന്നോട്ടാഞ്ഞുനടന്നു—ലക്ഷ്യമൊന്നുമില്ലാതെ. ഇരുട്ടു കട്ടപിടിച്ചുനില്ക്കുന്ന ഈ ജീവിതം എന്നെന്നേയ്ക്കുമായി അവസാനിക്കട്ടെ.

★

KOTTAYAM PUBLIC LIBRARY
KOTTAYAM

# സ്വപ്നങ്ങൾ യാഥാർത്ഥ്യങ്ങൾ

മുൻവശത്തുള്ള തോട്ടത്തിൽ റോസാപ്പൂവുകൾ വിരിഞ്ഞുനില്ക്കുന്നു. വരാന്തയുടെ ഇരുഭാഗത്തും ബോഗയിൻവില്ല പടർത്തിയിട്ടുണ്ടു്. അതിന്റെ ചുകന്ന പൂവുകൾ മന്ദഹാസം ചൊരിയുകയാണു്—വിലാസിനിക്കു ബോഗയിൻവില്ല പണ്ടേ വളരെ ഇഷ്ടമാണെന്നു ഞാനോർത്തുപോയി. ഇലയാണോ എന്നു സംശയിച്ചുനില്ക്കുന്ന അതിന്റെ പൂവിൽ കവിതയുണ്ടെന്നാണു് അവൾ പറയുക.

ഇരുമ്പഴികളുള്ള പടിവാതിൽ തുറന്നു് അകത്തു കടന്നപ്പോഴും സംശയമായിരുന്നു. പോകണോ? സംശയിച്ചു സംശയിച്ചാണു് ഇത്രയും എത്തിയതു്. പടിവാതിൽ അടയ്ക്കുമ്പോൾ വരേണ്ടിയിരുന്നില്ലെന്നു തോന്നി....

കുട്ടിശ്ശങ്കരൻ എന്ന മഹാപാപിയെ കണ്ടിരുന്നില്ലെങ്കിൽ ഇതൊന്നും സംഭവിക്കുമായിരുന്നില്ല. ആ തി

രക്കപിടിച്ച റോഡിൽ അയാളെന്തിന്നു മുന്നിൽ വന്നു പ്രത്യക്ഷപ്പെട്ടു?

(ആറു കൊല്ലങ്ങൾക്കുമുമ്പു കുട്ടിശ്ശങ്കരൻ എന്റെ സഹാധ്യാപകനായിരുന്നു. അഞ്ചടി മൂന്നംഗുലം ഉയരവും ത്രികോണാകൃതിയിലുള്ള മുഖത്തു തെറിച്ചുനില്ക്കുന്ന മീശയും സ്വല്പമൊരു കുമ്പയുമുള്ള ഒരു മനുഷ്യൻ, തലയിൽ ഒരു ചട്ടത്തൊപ്പി വെച്ച്, കക്ഷത്തിൽ ഒരു പുസ്തകവും ഇടുക്കിപ്പിടിച്ചുകൊണ്ടു നടന്നുവരുന്നതു കണ്ടാൽ നിങ്ങൾ നിസ്സംശയം അയാളെ അഭിസംബോധന ചെയ്തുകൊള്ളൂ—"ഹല്ലോ മി. കുട്ടിശ്ശങ്കരൻ." നിങ്ങൾക്കു മറുപടി കിട്ടിയെന്നുവരില്ല. "നിശ്ശബ്ദത സുവർണ്ണ"മാണെന്നു വിശ്വസിക്കുന്ന മഹാന്മാരുടെ പന്തിയിലാണദ്ദേഹം. കുറുതായ ആ കൈ നിങ്ങൾക്കുവേണ്ടി നീളുമ്പോൾ സിഗരറ്റുകറ പിടിച്ച ചുണ്ടുകളിൽ ഒരു പുഞ്ചിരി പരക്കുകമാത്രം ചെയ്യും.)

കുട്ടിശ്ശങ്കരനാണ് ഈ വിവരം പറഞ്ഞത്. ചുണ്ടുകൾ വക്രിപ്പിച്ചു പരിഹാസദ്യോതകമായ ഒരു പുഞ്ചിരി പരത്തിക്കൊണ്ടു് അയാൾ പറഞ്ഞു—"നിങ്ങൾക്കു് ഒരു വിവരം അറിയാമോ?"

"എന്താ?"

"വിലാസിനി ഇവിടെയുണ്ടു്."

"ഇവിടെയോ?"

"മേൽവിലാസം തരട്ടെ."

"വേണ്ടാ."

"എന്നാലും ഇരിക്കട്ടെ!" അയാൾ ഒററ ശ്വാസത്തിൽ അതങ്ങു പറഞ്ഞുതീർത്തു. വീട്ടിലേയ്ക്കു തിരിച്ചു നടക്കുമ്പോൾ അതു് ഓർമ്മയിൽ തെളിഞ്ഞുനിന്നു. മറന്നുപോകുമെന്നാണു് വിചാരിച്ചതു്. പക്ഷേ മറന്നില്ല, മറക്കാൻ കഴിഞ്ഞില്ല........

വിലാസിനി—

കഴിഞ്ഞ ആറു കൊല്ലങ്ങളായി വിസ്മൃതിയുടെ ശവക്കുഴിയിൽ കുഴിച്ചുമൂടാൻ മനഃപൂർവ്വം ശ്രമിച്ചതാണു്. ഭാഗികമായി വിജയിക്കുകയും ചെയ്തു. ഇന്നലെ കുട്ടിശ്ശങ്കരനെ കണ്ടതിന്നുശേഷം അവളെ പൊതിഞ്ഞുനില്ക്കുന്ന ഓർമ്മകൾ വീണ്ടും തികട്ടിത്തികട്ടിവരുകയാണു്........

ഇളംമഞ്ഞനിറത്തിലുള്ള സില്ക്കു പാൻറും വെള്ളഷർട്ടും ധരിച്ചാണു് കോളേജിലേയ്ക്കു പോയതു്. ആദ്യമായി ക്ലാസ്സെടുക്കുകയാണു്. ആദ്യത്തെ ദിവസം നല്ലൊരിമ്പ്രഷൻ ഉണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിൽ എല്ലാം തകർന്നു. അതുകൊണ്ടു്, ഇംഗ്ലീഷ്മേധാവിത്വം ഇന്ത്യയ്ക്കു ചെയ്ത കെടുതികളെപ്പററി ഒരു തകർപ്പൻപ്രസംഗം നടത്തണം. നോട്ട്സ് തയ്യാറാക്കി ഫയലിൽ വെച്ചു ക്ലാസിലേയ്ക്കു കടന്നുചെന്നു.

മുന്നിലെ രണ്ടു വരികളിലും പെൺകുട്ടികളാണു്. അതിൻെറ പിന്നിലായി ആൺകുട്ടികളും. ഫയൽ മേശപ്പുറത്തു തുറന്നുവെച്ചു മുഖവുരയൊന്നും കൂടാതെ പ്രസംഗമാരംഭിച്ചു. ബ്രിട്ടീഷുഭരണം ഇന്ത്യൻസംസ്കാരത്തിന്നും സമുദായത്തിന്നും ഏല്പിച്ച മുറിവുകളെപ്പററി പത്തുനിമിഷത്തോളം ധാരമുറിയാതെ സംസാരിച്ചു. അപ്പോ

ഴാണ് മുൻവരിയിൽനിന്ന് ഒരു പെൺകുട്ടി എഴുന്നേറ്റുനിന്നുകൊണ്ടു ചോദിച്ചതു്—"പക്ഷേ സാറിട്ടിരിക്കുന്ന ഈ പാൻറ് ബ്രിട്ടീഷുകാരുടെ സംഭാവനയല്ലേ?"

തുടന്നു പിന്നിൽനിന്നു വല്ലാത്തൊരാരവം........

ഒരു നിമിഷനേരത്തേയ്ക്കു മറുപടിയൊന്നും പറയാൻ കഴിഞ്ഞില്ല. ആകെ വെപ്രാളമായിരുന്നു. ശബ്ദം സ്വല്പമൊന്നു ശമിച്ചപ്പോൾ ഒരുവിധം പറഞ്ഞൊപ്പിച്ചു—"പ്ലീസ് ഡോൺഡ് ടിസ്റ്റർബ് മി."

പക്ഷേ ശബ്ദം നിന്നില്ല. പിന്നിൽനിന്ന് ആരോ വിളിച്ചു പറഞ്ഞു—"വി വാൺഡ് ഏൻ ഏൻസർ." കൂടെ നീട്ടിനീട്ടിയുള്ള കൂവലുകൾ. കൈകളുയർത്തി നിശ്ശബ്ദരായി ഇരിക്കാൻ ആവശ്യപ്പെട്ടു. ഫലിച്ചില്ല. അവസാനം ക്ലാസുവിട്ടിറങ്ങിപ്പോരേണ്ടിവന്നു........

ചരിത്രവിഭാഗത്തിൻെറ അദ്ധ്യക്ഷനായ ശിവശങ്കരമേനോൻെറ വീട്ടിലേയ്ക്കു വൈകുന്നേരം കയറിച്ചെന്നതു വലിയ ഉത്സാഹത്തോടെയായിരുന്നില്ല. ആദ്യദിവസംതന്നെ ഇത്രയും ദയനീയമായി പരാജയപ്പെട്ടതിലുള്ള വേദന മനസ്സിൽ തങ്ങിനിന്നിരുന്നു. വൈകുന്നേരത്തെ ചായയ്ക്കു ചെല്ലാമെന്നു നേരത്തെത്തന്നെ ഏററിരുന്നതുകൊണ്ടു പോയതാണ്. അല്ലെങ്കിൽ മുറിയിൽ നിശ്ശബ്ദനായി അടച്ചിരിക്കാനായിരുന്നു ഇഷ്ടപ്പെടുക.

ശിവശങ്കരമേനോൻ ഉമ്മറത്തുതന്നെ കാത്തുനില്പുണ്ടായിരുന്നു. അകത്തേയ്ക്കു കടന്നുചെന്നു തീൻമേശയ്ക്കു ചുററുമിട്ടിരിക്കുന്ന കസേരകൾ വലിച്ചിട്ടു ഞങ്ങൾ ഇരുന്നു.

"എന്റെ മകൾ വിലാസിനി."

ഞാൻ കണ്ണുകളുയർത്തി നോക്കി: വെളുത്തു ചൊലുങ്ങനെയുള്ള ഒരു പെൺകുട്ടി കാപ്പിപ്പാത്രവുമായി കടന്നുവന്നു. പാത്രം മേശമേൽ വെച്ച് അവൾ കൈകൂപ്പി തൊഴുതു.

"നമസ്തേ!"

എവിടെയോവെച്ച് കണ്ടപോലെയുണ്ട്. എവിടെയാണ്?

"ഇന്നത്തെ ലക്ചർ ഒന്നാന്തരമായി"—അവളുടെ ചുണ്ടുകളിൽ കുസൃതി നിറഞ്ഞ ഒരു പുഞ്ചിരി തങ്ങിനിന്നിരുന്നു.

"ഉവ്വോ?"

ക്ലാസിൽ ചോദ്യം ചോദിച്ച പെൺകുട്ടിയല്ലേ ഇതു്? അതേ തീച്ച്. അപ്പോൾ വല്ലാത്ത അമഷം തോന്നി. അവൾ കാരണമല്ലേ ക്ലാസിൽവെച്ചപമാനിതനായതു്........?

തീററിയാരംഭിച്ചു. ശിവശങ്കരമേനോൻ കോളേജിനെയും അധ്യാപകരെയും വിദ്യാത്ഥികളെയും പററിയൊക്കെ സംസാരിച്ചുകൊണ്ടേയിരുന്നു. ഞാൻ പരിപ്പുവടയുടെ തുണ്ടുകൾ പൊട്ടിച്ചു തിന്നുകൊണ്ടു നിശ്ശബ്ദനായി ഇരിക്കുകയായിരുന്നു.

"എന്താ, മാഷൊന്നും തിന്നുന്നില്ലല്ലോ? ഈ കേക്കെടുക്കൂ."

"മാഷ് കേക്കു തിന്നുമെന്നു തോന്നുന്നില്ല."—വിലാസിനിയാണ് പറഞ്ഞതു്.

"അതെന്താ?"

"മാസ്റ്റക്ക് പാശ്ചാത്യരോടും പാശ്ചാത്യവസ്തുക്കളോടും വല്ലാത്ത വെറുപ്പാണ്."

"നിനക്കെങ്ങനെ അറിയാം?"

"ഇന്നു ക്ലാസിൽ പ്രസംഗിച്ചതു മുഴുവൻ അതിനെപ്പററിയല്ലേ?"—വീണ്ടും കുസൃതിനിറഞ്ഞ ആ പുഞ്ചിരി.

"ബ്രിട്ടീഷുഭരണം നമ്മുടെ സമുദായത്തിന്നു കോട്ടംതട്ടിച്ചിട്ടില്ലെന്നാണോ വിലാസിനിയുടെ അഭിപ്രായം?"—ഞാൻ മൗനം ഭഞ്ജിച്ചു.

"എന്നു ഞാൻ പറയുന്നില്ല. പക്ഷേ ബ്രിട്ടീഷ്ഭരണം ഒരുവിധത്തിൽ ഒരനുഗ്രഹമായിരുന്നുവെന്നു ഞാൻ പറയുകതന്നെ ചെയ്യും. മർദ്ദനവും അരാജകത്വവും മാത്രം സംഭാവന ചെയ്തിരുന്ന രാജാക്കന്മാരുടെ പിടിയിൽനിന്നു ജനങ്ങളെ രക്ഷിച്ചതു് അവരാണ്. പത്തൊമ്പതാംനൂററാണ്ടിലെ കാമാസക്തരും മദ്യപാനികളും ദുർബ്ബലരുമായ നവാബുമാരുടെയും രാജാക്കന്മാരുടെയും ഭരണം ബ്രിട്ടീഷുഭരണത്തെക്കാൾ കൂടുതൽ താങ്കൾ ഇഷ്ടപ്പെടുമോ?"

"ഈ രാജാക്കന്മാർക്കും മാനുഷികമായ ദൗർബ്ബല്യങ്ങളുണ്ടാകാമെന്നു് എന്തുകൊണ്ടു വകവെച്ചുകൊടുക്കുന്നില്ല?"

"അതു ബ്രിട്ടീഷുകാർക്കും അവകാശപ്പെടാമല്ലോ? അവരുടെ തെററുകളെമാത്രം ശതഗുണീഭവിപ്പിച്ചുകാണിക്കുകയും നമ്മുടെ പോരായ്മകളെ നാം ഇന്ത്യക്കാരാ

ണു് എന്നതുകൊണ്ടുമാത്രം മറച്ചുപിടിക്കുകയും ചെയ്യുന്നതു് എത്രത്തോളം ഭൂഷണമാണു്?”

“പെണ്ണു പരിചയപ്പെടുന്നതിന്നുമുമ്പുതന്നെ തക്കിക്കാൻ തുടങ്ങിയല്ലോ?” ശിവശങ്കരമേനോൻ ഇടയ്ക്കു കയറി പറഞ്ഞു.

“പക്ഷേ വിലാസിനി അത്ഥമില്ലാതെ വാദിക്കുകയല്ല.”

“മാസ്റ്റർക്കറിയാമോ, ഇങ്ങനെ വീറോടെ കിടന്നു തുള്ളുന്ന ഈ ചീനമുളക വല്ലാത്ത യാഥാസ്ഥിതികയാണു്. കാലത്തു് അഞ്ചുമണിക്കെഴുന്നേററു കുളിച്ചു രാമായണം വായിക്കും. പൂജ നടത്തും. ലോകത്തില്ലാത്ത വരിക്കലും നോൽമ്പുമൊക്കെ അനുഷ്ഠിക്കുകയും ചെയ്യും.”

വിലാസിനി തലകുനിച്ചിരിക്കുകയായിരുന്നു. നെററിയിൽ തൊട്ട ഭസ്മക്കുറികളും മുടിക്കെട്ടിൽ തിരുകിവെച്ചിരുന്ന തെററിപ്പൂക്കളും ഞാനപ്പോഴാണു് കണ്ടതു്....

അങ്ങനെയാണു് പരിചയപ്പെട്ടതു്. ക്രമേണ ശിവശങ്കരമേനോൻെറ വീട്ടിൽ ഒരു നിത്യനായി. വിലാസിനിക്കു ദിവസവും എന്തെങ്കിലുമൊക്കെ ചോദിക്കാനും പറയാനും കാണും. ചരിത്രത്തിലും സാഹിത്യത്തിലും വലിയ അഭിരുചിയായിരുന്നു. സാത്രേയും കാമുവും സ്പെൻഗളറും റാങ്കെയും ടോയർബിയുമൊക്കെ ചച്ചാവിഷയങ്ങളാണു്. ഇവരുടെയൊക്കെ കൃതികളെപ്പററി ആ പത്തൊമ്പതുകാരി അഭിപ്രായങ്ങൾ പറയുമ്പോൾ അത്ഭുതപ്പെട്ടിട്ടുണ്ടു്.

....പതിവുപോലെ ഒരു ദിവസം വൈകുന്നേരം അവിടേയ്ക്കു കയറിച്ചെന്നു. മുൻവശത്തെ മുറിയിലെ ചൂരൽക്കസേരയിൽ വിലാസിനി ചെരിഞ്ഞുകിടക്കുകയായിരുന്നു. എന്നെക്കണ്ടപ്പോൾ പിടഞ്ഞെഴുന്നേററുകൊണ്ടു് അവൾ പറഞ്ഞു: "ഇരിക്കു."

മുഖം പതിവില്ലാത്തവിധം മ്ലാനമായിരുന്നു. കോതിയൊതുക്കാത്ത തുറുമ്പൻമുടികൾ മുഖത്തു വീണുകിടക്കുന്നു.

"എന്താ, വിലാസിനിക്കു സുഖമില്ലേ?"

"ഏയ്, ഒന്നുമില്ലല്ലോ."

"മുഖമാകെ വാടിയിരിക്കുന്നതുകൊണ്ടു ചോദിച്ചതാണു്."

"ഞാൻ ഉറങ്ങുകയായിരുന്നു."

"എന്നാണു് ഈ ഉറക്കം തുടങ്ങിയതു്?"

"ഇനിയങ്ങോട്ടു് ഉറക്കമാണു്."

"അതെന്താ? ചീനമുളകിൻെറ എരുവു് അവസാനിച്ചുവോ?"

"ഞാൻ കാപ്പി കൊണ്ടുവരാം"—ചോദ്യത്തിനുത്തരം പറയാതെ അവൾ അകത്തേയ്ക്കു കടന്നുപോയി.

കാപ്പിയും കൊണ്ടുവന്നപ്പോൾ അവളുടെ മുഖമാകെ തുടുത്തിരുന്നു. അവൾ കരയുകയായിരുന്നുവോ?

"വിലാസിനി കുടിക്കുന്നില്ലേ?"

"ഇല്ല."

പതിവില്ലാത്തപോലെ അവൾ നിശ്ശബ്ദയായിരുന്നു. അവൾക്കിന്നൊന്നും സംസാരിക്കാനില്ലേ?

"മാഷ് ഇന്നു് അച്ഛനെ കണ്ടുവോ?"

"ഇല്ലല്ലോ?"

വിലാസിനി എൻെറ മുഖത്തേയ്ക്കു നോക്കിയില്ല. ചുമരിൽ തൂക്കിയിട്ടിരുന്ന ചിത്രങ്ങളിൽ കണ്ണുനട്ടുകൊണ്ടു പറഞ്ഞു—"ഞാൻ വിവാഹിതയാകാൻ പോകുകയാണു്."

ആ ശബ്ദം വിലാസിനിയുടേതായിരുന്നുവോ? തിരിച്ചറിയാൻ കഴിഞ്ഞില്ല. കരഞ്ഞുകരഞ്ഞു പതിഞ്ഞുപോയ ശബ്ദം. അതോ വേദന വിങ്ങി, കരയാൻവേണ്ടി വീർപ്പുമുട്ടിനില്ക്കുമ്പോഴുള്ള പതറിച്ചയാണോ?

"ആണോ? അഭിനന്ദനങ്ങൾ."

അവൾ പെട്ടന്നു തല തിരിച്ചുനോക്കി. ആ കണ്ണുകൾ ഈറനായിരുന്നെങ്കിലും നോട്ടം എന്തൊരു തീക്ഷ്ണമായിരുന്നു!

"ഒരപ്പോൾ ചീനമുളക വീട്ടമ്മയാകാൻ പോകുകയാണു്."

"മാഷേ...."

അവളുടെ തുടുത്ത കവിളിലൂടെ കണ്ണുനീർ ധാരധാരയായൊഴുകി. ഞാനതു കണ്ടെന്നു നടിച്ചില്ല.

"ഭർത്താവൊത്തു ജീവിതമാസ്വദിക്കുമ്പോൾ ഞങ്ങളെയുമൊക്കെ ഇടയ്ക്കു് ഓർമ്മിക്കണേ."—ചിരിച്ചുകൊണ്ടാണു് അത്രയും പറഞ്ഞുതീർത്തതു്. എന്നിട്ടു് ഉടനെ തന്നെ എഴുന്നേററു നടന്നു. പിന്നിൽ വിലാസിനിയുടെ കാലടിശബ്ദം കേൾക്കാനുണ്ടായിരുന്നു.

പടിക്കലെത്തിയപ്പോഴ് ഞാൻ തിരിഞ്ഞുനോക്കി. ഉമ്മറത്തെ മരയഴികളിൽ തല ചായ്ച്ചുകൊണ്ടു വിലാസിനി നില്ക്കുന്നുണ്ടായിരുന്നു........

ശിവശങ്കരമേനോനെ കണ്ടു സംസാരിക്കാനാണു് ധൃതിവെച്ചു നടന്നതു്. മേനോനും തന്നെ ഇഷ്ടമാണു്. എല്ലാം തുറന്നുപറഞ്ഞേയ്ക്കാം. അപ്പോഴ് വിലാസിനിയുടെ കരഞ്ഞുതുടുത്ത മുഖമാണു് മുന്നിൽ കണ്ടതു്. പാവം, പെണ്ണു്! ഏതോ വിവാഹാലോചന വന്നപ്പോഴേയ്ക്കും തന്നെ പൊട്ടിക്കരയുന്നു. സന്തോഷംകൊണ്ടു വീർപ്പുമുട്ടുന്നപോലെത്തോന്നി. വിലാസിനി എൻേറതാണു്....

"വരൂ, ചന്ദ്രൻ. ഞാൻ ഇന്നലെത്തന്നെ കാണണമെന്നു വിചാരിച്ചതാണു്."

"എന്താ, വിശേഷമൊന്നുമില്ലല്ലോ?"—ഞാൻ കസേര വലിച്ചിട്ടിരുന്നു.

"ഇല്ലാശ്ശയില്ല."

"ഞാനും കാണണമെന്നു വിചാരിച്ചതാ."

"എന്താ?"

"എനിക്കൊരു കാര്യം പറയാനുണ്ടായിരുന്നു."

"പറയൂ."

പറയാൻ മടി തോന്നി. ഒരു നിമിഷം സംശയിച്ചു നിന്നു. എന്നിട്ടു ജനാലയിലൂടെ പുറത്തേയ്ക്കു നോക്കിക്കൊണ്ടു പറഞ്ഞു: "ഞാൻ വിലാസിനിയെ വിവാഹം കഴിക്കാനാഗ്രഹിക്കുന്നു."

മറുപടിയുണ്ടായിരുന്നില്ല. മേനോൻ തലകുനിച്ചിരിക്കുകയായിരുന്നു. കുറച്ചുകഴിഞ്ഞു് എൻെറ മുഖത്തു

ട്ടു നോക്കിക്കൊണ്ടു പറഞ്ഞു—"ചന്ദ്രൻ ഇതെന്തുകൊണ്ടു് എന്നോടു മുമ്പേ പറഞ്ഞില്ല?"

ഞാൻ നിശ്ശബ്ദനായി ഇരുന്നു.

മേനോൻ എഴുന്നേറ്റുവന്നു് എൻെറ ചുമലിൽ കൈ വെച്ചു—"ഇന്നലെ അവളുടെ വിവാഹം നിശ്ചയിച്ചു. എനിക്കതറിയില്ലായിരുന്നു, ചന്ദ്രാ."

കണ്ണിൽ നിറഞ്ഞുവന്ന കണ്ണുനീർ മേനോൻ കാണാതിരിക്കാൻവേണ്ടി ഞാൻ കസേരയിൽനിന്നെഴുന്നേററു ധൃതിവെച്ചു പുറത്തേക്കു നടന്നു. മേനോൻ പിന്നിൽനിന്നു വിളിച്ചുവെന്നു തോന്നി. പക്ഷേ തിരിഞ്ഞുനോക്കിയില്ല........

അതിന്നുശേഷം വിലാസിനിയെ കണ്ടിട്ടില്ല. അവളുടെ വിവാഹത്തിന്നുപോലും സംബന്ധിച്ചില്ല. സ്വതവേതന്നെ നീറുന്ന വ്രണങ്ങളിൽ ഉപ്പുതേക്കുന്നതെന്തിനെന്നു വിചാരിച്ചു.

ഇന്നു് ആറു കൊല്ലങ്ങൾക്കുശേഷം അവളെ കാണാൻവേണ്ടി വീണ്ടും ഇറങ്ങിത്തിരിച്ചിരിക്കുകയാണു്. വരേണ്ടിയിരുന്നില്ല.

ചവിട്ടുപടികളിന്മേൽ ബോഗയിൻവില്ലയുടെ ഇലകൾ കൊഴിഞ്ഞുകിടന്നിരുന്നു—ഉണങ്ങിവീണ ഇലകൾ. പടികളിലൂടെ വരാന്തയിലേക്കു ചവിട്ടിക്കയറിയപ്പോൾ, ഉണങ്ങിയ ഇലകൾ കാലടികൾക്കിടയിൽക്കിടന്നു ഞെരിഞ്ഞു........

കോളിങ്ങ്ബെല്ലമത്തി. നിശ്ശബ്ദമായ അന്തരീക്ഷത്തിൽ ഇടിവെട്ടുംപോലെ ആ ശബ്ദം അടൎന്നുവീണു. ശ

ബ്ദം കേട്ടു ഞെട്ടിപ്പോയി. ഞാനെന്തിനേ ആ വെളുത്ത ബട്ടനമർത്തിയതു്?

കാക്കിട്രൗസർ ധരിച്ച ഒരു ചെറുക്കൻ വാതിൽ തുറന്നു.

"എന്താ?"

"വിലാസിനിയുണ്ടോ?"

"ആരു്?"

"മിസിസ്സ് മേനോൻ."

(വിലാസിനിയെന്നു വിളിക്കാൻ ഇന്നു് എനിക്കുണ്ടോ അധികാരം? ശരിതന്നെ.)

ആ ചെറുക്കൻ ഒരു നിമിഷംനേരം എന്നെ സൂക്ഷിച്ചുനോക്കി. ഷെയ്‌വുചെയ്യാത്ത മുഖവും ഉലഞ്ഞുപോയ എന്റെ വസ്ത്രങ്ങളും അവൻ ശ്രദ്ധിക്കുകയാണെന്നു തോന്നി.

"ഇരിക്കു."

അകത്തേയ്ക്കു കടന്നു. പാശ്ചാത്യരീതിയിൽ സുന്ദരമായി അലങ്കരിച്ച ഡ്രോയിങ്ങ്‌റൂം. അടുത്തകാലത്തെ മോഡലിൽ കൂർത്ത കാലുകളും വളച്ചുവെച്ച പിൻഭാഗവുമുള്ള സോഫ. നടുക്കിട്ടിരിക്കുന്ന മേശമേൽ ഒരു ചൈനീസ് ഫ്ളവർവാസ്. ഒരു മൂലയിൽ നഗ്നയായ ഒരു സ്ത്രീയുടെ പ്രതിമ കയ്യിൽ വിളക്കുമായി നില്ക്കുന്നു.

സോഫയിൽ ചെന്നിരുന്നു. എതിരെയുള്ള ചുമരിൽ രാമർവർമ്മയുടെ ലോകപ്രസിദ്ധമായ ദമയന്തിയുടെ രൂപംകൊടുത്തിരിക്കുകയാണു്.

"മാഷല്ലേ ഇതു്?"

വിലാസിനി—!

എന്താണിതെന്നു ചോദിക്കണമെന്നു തോന്നി. പക്ഷേ ചോദിക്കാൻ വയ്യല്ലോ?

"മാഷ് ഇരിക്കൂ."

തിരിച്ചറിയാൻ കഴിയാത്തവിധം അവൾ മാറിപ്പോയിരിക്കുന്നു. ബോബുചെയ്ത മുടി. പുരികം തൊട്ടു മാറു നീട്ടിയെഴുതിയ കണ്ണുകൾ. ചുണ്ടുകളിൽ ലിപ്സ്റ്റിക്ക്. കയ്യും കഴുത്തുമില്ലാത്ത ബ്ലൗസ്. മുമ്പിലത്തേക്കാൾ നാലിരട്ടി തടിയും. മുഖത്തും കൈത്തണ്ടകളിലും മാംസം തൂങ്ങിനില്ക്കുകയാണ്.

ആറു കൊല്ലംമുമ്പുള്ള വിലാസിനിയെ ഞാനോർത്തുപോയി. മഞ്ഞിൽ നനഞ്ഞ ശംഖുപുഷ്പംപോലുള്ള കണ്ണുകൾ. നിതംബത്തിൽക്കിടന്നു തത്തിക്കളിക്കുന്ന കറുത്ത് ഇടതൂർന്ന തലമുടി. നെറുകയിൽ ചുകന്ന തെറ്റിപ്പൂക്കളും നെറ്റിയിൽ ഭസ്മക്കുറിയും.

"മാഷിപ്പോൾ എവിടെയാണ്?"

"ഇവിടെത്തന്നെ."

"ഹേ, ഇവിടെയോ?"

"അതെ. ആറു മാസമായി."

"എന്നിട്ട് ഇതുവരെ കണ്ടില്ലല്ലോ?"

"കാണാൻ കഴിഞ്ഞില്ല."

അപ്പോൾ ഒരു കൊച്ചുകുട്ടി വന്നു വിലാസിനിയുടെ മടിയിലിരുന്നു.

"വിലാസിനിയുടെ മകനാണോ?"

"അതെ."

"എത്ര കുട്ടികളുണ്ട്?"

"ആറ്."

"ആറോ?"

"ഒരിക്കൽ ഇരട്ട പ്രസവിച്ചു."

"മാഷ് കല്യാണം കഴിച്ചില്ലേ?"

"വിലാസിനി........"

അവൾ ഒരു നിമിഷത്തേയ്ക്കു തലകുനിച്ചു. ഒരു ഞൊടിയിട മാംസളമായ മുഖത്തിലൂടെ കാർമേഘങ്ങൾ ഇരച്ചുപോയി.

അപ്പോഴാണ് വെളുത്തുനീണ്ട സുമുഖനായ ആ മനുഷ്യൻ അകത്തേയ്ക്കു കടന്നുവന്നത്.

"മൈ ഹസ്ബൻഡ്."

ഞങ്ങൾ കൈ പിടിച്ചു കുലുക്കി. എന്റെ അരികത്തായി സോഫയിൽ അദ്ദേഹമിരുന്നു.

"എക്സ്ക്യൂസ് മി, മി. ചന്ദ്രൻ. എനിക്കു മഹിളാസമാജത്തിന്റെ ഒരു മീററിങ്ങ് അറേൻറ് ചെയ്യാനുണ്ട്. ഇനി മറെറാരു വല്ലപ്പോഴും കാണാം."

"അങ്ങനെയാകട്ടെ"—എന്നു പറയാൻ കഴിഞ്ഞില്ല. അതിനകം അവൾ എഴുന്നേററു.

"നോക്കു, ഞാൻ വരാൻ പതിനൊന്നു മണി കഴിഞ്ഞെന്നുവരും. കുട്ടികൾക്കു പാലു കൊടുക്കണം കേ

ട്ടോ”—ഭർത്താവിന്റെ നേരെ തിരിഞ്ഞുകൊണ്ടവൾ പറഞ്ഞു. അയാൾ എന്തോ മറുപടി പറയാൻ ഭാവിക്കുകയാണെന്നു തോന്നി. അതിനകം അവൾ മുറിവിട്ടു കഴിഞ്ഞിരുന്നു.

മടങ്ങിവരുമ്പോൾ മുററത്തു നില്ക്കുന്ന ബോഗയിൻവില്ലയുടെ പൂവുകൾ വാടിനില്ക്കുന്നതാണെന്റെ ശ്രദ്ധയിൽപ്പെട്ടതു്.

★

# ഒരു പരാജയത്തിന്റെ കഥ

ചന്ദ്രികാചർച്ചിതമായ രാത്രി. കിഴക്കുനിന്നു നേരിയ ഈറൻകാററു് അടിച്ചുവരുന്നു. അങ്ങകലെ അറാവലിമലയുടെ നിരകൾ അവ്യക്തമായി കാണാം. മലനിരയുടെ അടിവാരത്തിൽനിന്നു് ഒഴുകിവരുന്നതുപോലെ പരന്നുകിടക്കുന്ന വെളുത്ത മണൽ നിലാവിൽ മഞ്ഞളിച്ചുപോലെ തോന്നി.

ഈ മരുഭൂമിയെ ആശ്ലേഷിച്ചുകിടക്കുന്ന കറുത്ത മൊട്ടക്കുന്നുകൾ കണ്ടപ്പോൾ പച്ചിലമരങ്ങൾ നിറഞ്ഞുനില്ക്കുന്ന പശ്ചിമഘട്ടമാണു് ഓർമ്മയിൽ വന്നതു്. ആ മലനിരകൾക്കു തന്റെ ജീവിതവുമായി അഭേദ്യമായ ബന്ധമുണ്ടു്. ഏകദേശം പത്തു കൊല്ലങ്ങൾക്കുമുമ്പാണു്. കരിമ്പനമരങ്ങൾക്കു പിന്നിൽ പ്രൗഢിയോടെ തലയുയർത്തിനില്ക്കുന്ന ആ മലനിരകളാണു് നിത്യവും കണികാണുക. ഇരുമ്പഴികൾ വിലങ്ങനെ ഘടിപ്പിച്ച കൊച്ചുജനാലയിലൂടെ പശ്ചിമഘട്ടത്തിന്റെ മരതകപ്പച്ച കാ

ണാം. അതും നോക്കിക്കൊണ്ടു ജനാലയുടെ പടിയിൽ കുറെ നേരം ഇരിക്കും. എന്തൊരു സൗന്ദര്യമായിരുന്നു അതിനെന്നു ഞാനിന്നോർത്തുപോകുകയാണു്. (കറുത്തു മുരടിച്ചുനില്ക്കുന്ന അറാവലിമലകളേ, നിങ്ങൾക്കിങ്ങനെ നില്ക്കാൻ ലജ്ജ തോന്നുന്നില്ലേ?)

എത്ര നേരം അങ്ങനെ ഇരുന്നുപോകുമെന്നറിയില്ല. ഗോവിന്ദപ്പിഷാരടി വിളിക്കുമ്പോഴാണു് എഴുന്നേല്ക്കുക. കോളേജിൽ പോകാൻ സമയമായിക്കാണും. ഗോവിന്ദപ്പിഷാരടി സഹമുറിയനാണു്. പിഷാരടി രാവിലെ നാലു മണിക്കു് എഴുന്നേററു കുളിക്കും. അമ്പലത്തിൽ പോയി ദേവീദർശനം കഴിച്ചു ചന്ദനവും തൊട്ടു് ആറു മണിക്കുമുമ്പേ പഠിക്കാനിരിക്കും. (എന്തൊരു വ്യത്യാസമാണു്? ഇന്നെന്റെ കൂടെ താമസിക്കുന്ന വർമ്മ ശീമമദ്യത്തിന്റെ കുപ്പി മുന്നിൽ തുറന്നുവെച്ചു ഗാലിബ്ബിന്റെ കവിതാശകലങ്ങൾ നീട്ടി നീട്ടി പാടുകയാണു്. അല്ലെങ്കിൽ, എനിക്കുതന്നെ എന്തുമാത്രം വ്യത്യാസം വന്നിരിക്കുന്നു ഒരല്ലേ?) ഒരു വലിയ ഹൃദയമുള്ള ആ നല്ല മനുഷ്യൻ ഇന്നു വിവാഹിതനാണു്, ഒരു കൊച്ചുകുസൃതിയുടെ പിതാവുമാണു്.

ചന്ദ്രികയിൽ കുളിച്ചുനില്ക്കുന്ന ഈ മൊട്ടക്കുന്നുകളെ നോക്കിയിരിക്കുമ്പോൾ എല്ലാം ഓർത്തുപോകുകയാണു്. ആ ജനാലപ്പടിയിൽ അലക്ഷ്യനായി ഇരിക്കുമ്പോഴാണു് സുമതിയെ ആദ്യം കണ്ടതു്. ആ കെട്ടിടത്തിന്റെ വടക്കുവശത്തുകൂടിയുള്ള പാതയിലൂടെ അവൾ നടന്നുപോകുകയായിരുന്നു.

(അവളുടെ രൂപഭംഗി ഞാനിവിടെ പകർത്തുകയില്ല. എൻെറ ഓർമ്മയിൽ ഇന്നും സുന്ദരമായ ഒരു സ്വപ്നം പോലെ തെളിഞ്ഞുനില്ക്കുന്ന ആ സൗന്ദര്യകാന്തി വാക്കുകളിലേയ്ക്കു പകർത്തിവെയ്ക്കാൻ എൻെറ സ്വാർത്ഥബുദ്ധി എന്നെ അനുവദിക്കയില്ല.)

അവളെ അവസാനമായി കണ്ടതും അവിടെവെച്ചുതന്നെയായിരുന്നു. ഒരു കുതിരവണ്ടിയിൽ ഇരുന്നു് അവളന്നു നാട്ടിലേയ്ക്കു മടങ്ങിപ്പോകുകയായിരുന്നു. ജനാലയുടെ അഴിയിൽ കൈകോർത്തുപിടിച്ചുകൊണ്ടു നില്ക്കുകയായിരുന്ന ഞാൻ വിഷാദസങ്കുലമായ ഒരു പുഞ്ചിരി അവൾക്കു സമ്മാനിക്കുകമാത്രം ചെയ്തു.

(ഇതു് ഒരു പ്രേമകഥയുടെ ആരംഭമല്ല. അവസാനമാണു്.)

സുമതീ, നീ വിവാഹിതയായിട്ടു് ഏകദേശം രണ്ടോളം കൊല്ലങ്ങളായി. നീയിന്നു സ്നേഹസമ്പന്നനായ ഒരു ഭർത്താവിൻെറ സുശീലയായ ഭാര്യയും കുസൃതിക്കുട്ടക്കയായ ഒരു കൊച്ചുമകൻെറ വാത്സല്യനിധിയായ മാതാവുമാണു്. ഞാനുമിന്നു വിവാഹിതനാണു്. ഏറെ താമസിയാതെ ഞാനുമൊരു പിതാവായേയ്ക്കും. എന്നെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്ന എൻെറ ഭാര്യ ഇപ്പോൾ നിശ്ചേഷ്ടയായി കിടന്നുറങ്ങുകയായിരിക്കണം. വിവാഹത്തിനുശേഷം നിന്നെ മറക്കാൻ കഴിയുമെന്നാണു് ഞാൻ വിചാരിച്ചതു്. പക്ഷേ ആ ആഗ്രഹം ഒരു മിത്ഥ്യാസ്വപ്നമായി ഇന്നും അവശേഷിക്കുന്നു........

ഈ മൊട്ടക്കുന്നിൻെറ ചെരുവിൽ ഒരു പേടിസ്വപ്നംപോലെ നില്ക്കുന്ന കരിങ്കൽക്കോട്ട രാജവാഴ്ചയുടെ അലോസരപ്പെടുത്തുന്ന ഒരു പ്രതീകമാണു്. മഹാറാണിയുടെ കൊട്ടാരമാണിതു്. ഇന്നിതിൽ മഹാറാണി താമസിക്കുന്നില്ല. അവർ നാലു കൊല്ലം മുമ്പേ മരിച്ചുപോയിരിക്കുന്നു. പതിനാറു കുതിരകൾ വലിക്കുന്ന തേരിൽ കയറി യാത്രചെയ്യാറുള്ള അവരുടെ ധീരസാഹസികതയെപ്പററി ഒരുപാടു കഥകളുണ്ടു്. തലമുടി ബോബുചെയ്തു 'ലിപ്സ്റ്റിക്കും ക്യൂറെക്സും' പുരട്ടി 'റോൾസ്റോയ്സ്' കാറിൽ യാത്ര ചെയ്യുന്ന രണ്ടാമത്തെ ഭാര്യ (മഹാറാണിയെന്നു നിങ്ങൾ വേണമെങ്കിൽ വിളിച്ചോളൂ.) തിരഞ്ഞെടുപ്പിന്നു മത്സരിക്കുകയാണു്.

(ചരിത്രത്തിൻെറ താളുകളിൽ സുവർണ്ണലിപികളിലെഴുതപ്പെട്ട അസാധാരണമായ ഒരു വീരസാഹസികകഥയുടെ നായിക ഈ രാജ്യത്തിൻെറ സമ്പത്തല്ലേ? വിവാഹം കഴിഞ്ഞ ദിവസം, രാജ്യത്തിൻെറ സ്വാതന്ത്ര്യം സംരക്ഷിക്കാൻവേണ്ടി പടക്കളത്തിലേക്കു ചെല്ലാൻ കല്പന കിട്ടി. സുന്ദരിയായ നവവധുവിനെ കൺകുളിർക്കെ കാണുന്നതിന്നുമുമ്പു രണാങ്കണത്തിലേക്കു പോകാൻ രാജകുമാരന്നു വൈമനസ്യം തോന്നി. പടച്ചട്ടയണിഞ്ഞ രാജകുമാരൻ രണ്ടു തവണ അരമനയിൽ പോയി മടങ്ങിവന്നു. എന്നിട്ടും നവവധുവിനെ വിട്ടുപോകാൻ മനസ്സു സമ്മതിച്ചില്ല. അതുകൊണ്ടു വില്ലുക്കാരനെ വിളിച്ചു രാജകുമാരിയിൽനിന്നു് എന്തെങ്കിലുമൊന്നു് ഓർമ്മയ്ക്കായി കൊണ്ടുവരാൻ ആവശ്യപ്പെട്ടു. രാജകു

മാരൻെറ ധർമ്മസങ്കടം മനസ്സിലാക്കിയ നവവധു തൻെറ കഴുത്തറുത്തു കാഴ്ചവെയ്ക്കുകയാണുണ്ടായതു്. രാജകുമാരൻ തൻെറ ഭാര്യയുടെ തല കഴുത്തിൽ കെട്ടി യുദ്ധത്തിന്നു പോകുകയും ചെയ്തു.)

സുമതീ, ഈ കഥ ഓർമ്മയിൽ വന്നപ്പോൾ എൻെറ മനോമുകുരത്തിൽ തെളിഞ്ഞുവന്നതു നീയാണു്. അന്ധകാരനിബിഡമായ ഒരന്തരീക്ഷത്തിൽ ജീവിച്ചിരുന്ന എന്നോടു വെളിച്ചമന്വേഷിച്ചു പോകാൻ നിർബ്ബന്ധിച്ച നിൻെറ ധമനികളിലൂടെ ഒഴുകുന്നതു് ഈ രാജകുമാരിയുടെ രക്തമാണെന്നു ഞാൻ വിശ്വസിക്കുന്നു. നിൻെറ ആ എഴുത്തിലെ ഓരോ വരിയും ഇന്നും എനിക്കു വ്യക്തമായി ഓർമ്മയുണ്ടു്. നിൻെറ മനോഭാവം എന്നെ വേദനിപ്പിച്ചിട്ടുണ്ടു്. എൻെറ കർമ്മശക്തി എന്നെന്നേക്കുമായി നശിച്ചുപോയി എന്നുപോലും എനിക്കു തോന്നിപ്പോയി. ഞാൻ നിന്നെ എൻെറ എല്ലാമാക്കാനാഗ്രഹിച്ചു. അല്ല, നീയെൻെറ മനസ്സിൽ എല്ലാമായിക്കഴിഞ്ഞിരുന്നു. പച്ചപിടിച്ച പുൽത്തകിടിനെയും നമ്മെ നോക്കി അസൂയകൊണ്ടു കണ്ണു ചിമ്മുന്ന നക്ഷത്രങ്ങളെയും പററിയൊക്കെ ഞാൻ നിനക്കെഴുതിയ ആ നീണ്ട എഴുത്തിനെപ്പററി നീയിന്നും ഓർക്കുന്നുണ്ടോ?

അവയെല്ലാം വിസ്മരിക്കപ്പെടേണ്ട കഥകളാണു്. വിസ്മരിക്കാൻവേണ്ടി ബോധപൂർവ്വം ശ്രമിച്ചിട്ടുമുണ്ടു്. എങ്കിലും കഴിയുന്നില്ല. മനുഷ്യനല്ലേ? ആയിരത്തിത്തൊള്ളായിരത്തി അറുപതു് ഏപ്രിൽ 8-ാംതീയതി നിൻെറ വിവാഹമായിരുന്നു. ആറാംതീയതിയാണു് നിൻെറ അവ

സാനത്തെ എഴുത്തു കിട്ടിയതു്. നമ്മെ എന്നെന്നേയ്ക്കുമായി വേർപ്പെടുത്തിയതു വിധിയുടെ വൈപരീത്യമാണെന്നു വിശ്വസിച്ചു നീ കണ്ണുനീരിൽ കുതിർന്ന ആ എഴുത്തെനിക്കെഴുതി—"ഈ 11-ാംതിയ്യതി ഞാൻ ഭർത്താവൊരുമിച്ചു പോകുകയാണു്. പോകുന്നതിന്നുമുമ്പു് ഒരിക്കൽക്കൂടി കണ്ടാൽ കൊള്ളാമെന്നുണ്ടു്........എന്നെ വിചാരിച്ചു ദുഃഖിക്കരുതു്. എനിക്കിത്രയേ വിധിയുള്ളു."

ഒരിക്കൽക്കൂടി, ഒരിക്കൽക്കൂടിയെങ്കിലും നിന്നെ കണ്ടാൽ കൊള്ളാമെന്ന ആഗ്രഹം എന്റെ മനസ്സിൽ എന്നോ ഉള്ളതാണു്. അല്ലെങ്കിൽ നിന്നെ അടുത്തു കാണാൻതന്നെ എത്ര കുറച്ചു സമയമേ സാധിച്ചിട്ടുള്ളു. നിന്റെ എഴുത്തിലെ വാചകങ്ങൾതന്നെ ഞാനിവിടെ പകർത്തട്ടെ—"ഇന്നു ഞാൻ താങ്കളോടു് എന്നെന്നേയ്ക്കുമായി യാത്രപറയുമ്പോൾ എനിക്കു് ഒരേ ഒരു നിരാശയേയുള്ളു. കുറച്ചു നേരത്തേയ്ക്കെങ്കിലും നമുക്കൊരുമിച്ചിരുന്നു സ്വതന്ത്രമായി സംസാരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നെ വീർപ്പുമുട്ടിക്കുന്ന വികാരങ്ങൾ താങ്കളെ നേരിൽ പറഞ്ഞറിയിക്കാൻ സാധിച്ചില്ല. എത്രമാത്രം നിർഭാഗ്യയാണു് ഞാനെന്നാലോചിച്ചുനോക്കു. ശരിയാണു്, എനിക്കു നിന്നോടു സംസാരിക്കാൻ കഴിഞ്ഞതു വെറും രണ്ടേ രണ്ടു തവണമാത്രമാണു്, ആ രണ്ടു സന്ദർഭങ്ങളും ശിലാലിഖിതങ്ങൾപോലെ എന്റെ ഓർമ്മയിൽ തെളിഞ്ഞു കിടക്കുന്നു........

ഒന്നു്—

സുന്ദരമായ ഒരു സായാഹ്നമായിരുന്നു അതു്. വിവരണാതീതമായ ഒരു വിമ്മിഷ്ടത്തോടെയാണു് ഞാൻ നി

ൻെറ ഹോസ്റ്റലിലേയ്ക്കു കയറിവന്നതു്. 'എന്തു വേണം' എന്ന തറയ്ക്കുന്ന ചോദ്യം എൻെറ മുഖത്തേയ്ക്കു വലിച്ചെറിഞ്ഞ ആ കറമ്പിപ്പെണ്ണു് ആരായിരുന്നുവെന്നെനിക്കറിയില്ല. വലിയ നീലപ്പൂവുകളുള്ള ഒരു നൈലോൺസാരി ചുററി നീ മുററത്തേയ്ക്കിറങ്ങിവന്നു. വാലിട്ടു മഷിയെഴുതിയ സ്വപ്നാത്മകങ്ങളായ കണ്ണുകളുയർത്തി നീയെന്നെ നോക്കിയപ്പോൾ എനിക്കൊന്നും പറയാൻ കഴിഞ്ഞില്ല. പന്തലിച്ചുനില്ക്കുന്ന മാവിൽനിന്നു് ഒരില പൊട്ടിച്ചു കയ്യിലിട്ടു തിരുമ്മുകമാത്രം ചെയ്തു.

"എന്താ........" നീയാണു് ആ നിശ്ശബ്ദത ഭഞ്ജിച്ചതു്.

ഞാൻ നിൻെറ മുഖത്തേയ്ക്കു നോക്കി. നിൻെറ വീതിയില്ലാത്ത നെററിയിൽ ചാന്തുകൊണ്ടുള്ള ഒരു നേരിയ ഗോപിയുണ്ടായിരുന്നു.

"എനിക്കു ചിലതു പറയാനുണ്ടു്."

"പറയൂ" എന്നു നീ പറഞ്ഞില്ല. കണ്ണുകളുയർത്തി നോക്കുകമാത്രം ചെയ്തു. ഉത്തരം ആ നോട്ടത്തിൽ അന്തർല്ലീനമായിരുന്നു.

"സുമതീ, ഞാൻ........ഞാൻ നിന്നെ സ്നേഹിക്കുന്നു." മുഖവുര കൂടാതെ ഞാനതു പറഞ്ഞുതീർത്തു.

നിശ്ശബ്ദത. നിൻെറ മുഖമാകെ ചെമന്നു തുടുത്തുപോയി. ആ കണ്ണുകളിൽ ഭയത്തിൻെറയും സങ്കോചത്തിൻെറയുമിടയിൽ സ്നേഹത്തിൻെറ തിളക്കം ഞാൻ ദർശിച്ചു.

നീ സാവധാനം കുനിഞ്ഞു മുററത്തുനിന്നു് ഒരു കല്ലിൻകഷ്ണം പെറുക്കിയെടുത്തു കയ്യിലിട്ടു ഞെരിച്ചു. എന്നിട്ടു ചുററുപാടും നോക്കി, വാക്കുകൾ കിട്ടാതെ വിഷമിക്കുന്നപോലെ പറഞ്ഞു—"എനിക്കു്.........എനിക്കു് അറിയാമായിരുന്നു."

അത്രയും പറഞ്ഞു തീരുന്നതിന്നുമുമ്പേ നീ അകത്തേയ്ക്കോടിപ്പോയി. പോയ വഴിയിലേയ്ക്കു് ഒരു നിമിഷനേരം ഞാൻ നോക്കിനിന്നു. ഹോസ്റ്റലിൻെറ പടിയിറങ്ങുമ്പോൾ പച്ചയണിഞ്ഞുനില്ക്കുന്ന പുൽമൈതാനവും അതിൻെറ പിന്നിൽ വർണ്ണശബളിതമായ പശ്ചിമചക്രവാളത്തിൽ തുടുത്തുനില്ക്കുന്ന അസ്തമനസൂര്യനെയുമാണു് ഞാൻ കണ്ടതു്. അപ്പോൾ ഈ ജീവിതം അതീവ സുന്ദരമാണെന്നു് എനിക്കു തോന്നിപ്പോയി........

രണ്ടു്:

അതേ സ്ഥലം, അതേ സമയം. തവിട്ടുനിറത്തിലുള്ള ബ്ലൗസും റോസ്നിറത്തിലുള്ള ജോർജ്ജററ് സാരിയുമാണു് നീ ധരിച്ചിരുന്നതു്.

"നോക്കൂ, ഇവിടെ ജാസ്തി വരരുതു്. നിക്കു പേടിയാകുന്നു ട്ടോ."

"എന്തിനു്?"

"കുട്ടികളു് ന്നെ കളിയാക്കാണു്."

"അതിനു് ആരെക്കെങ്കിലും അറിയാമോ?"

"അന്നു ഫിസിക്സ്ലബോറട്ടറിയിൽവെച്ചു് എന്നെ നോക്കിനില്ക്കുന്നതു രമണി കണ്ടിരിക്കുന്നു."

"സാരമില്ലന്നോ."

"ഉഹ്ഹും, എനിക്ക പേടിയാണു്. ഞാൻ വീട്ടിൽ ചെന്നാൽ എഴുതെഴുതാം."

"എൻെറ മേൽവിലാസമറിയാമോ?"

"അറിയാം."

"എങ്ങനെ?"

"ഓട്ടോഗ്രാഫിൽനിന്നു കുറിച്ചെടുത്തു."

അന്നുതന്നെയാണു് ഫ്രാൻസീസ് ബേക്കൻെറ ഈ വാചകങ്ങൾ നീയെൻെറ ഓട്ടോഗ്രാഫിൻെറ ഇളംചുകപ്പുള്ള പേജിൽ കുറിച്ചുതന്നതു്—'ഒരുവൻെറ ഹൃദയം തുറക്കാൻ ഒരു യഥാത്ഥസ്നേഹബന്ധത്തിന്നുമാത്രമേ കഴിയുകയുള്ളു.'

കഴിഞ്ഞു. ഇത്രമാത്രമേ നാം തമ്മിൽ സമ്പക്കമുണ്ടായിട്ടുള്ളു. ഈ അളന്നുമുറിച്ച വാചകങ്ങൾമാത്രമേ നാം അന്യോന്യം കൈമാറിയിട്ടുള്ളു. അതുകൊണ്ടാണു് എൻെറ ഒരു സ്നേഹിതൻ പറഞ്ഞതു്—ഇതു് ഒരു വെറും 'പ്ലാറേറാനിക്ക്' പ്രേമമാണെന്നു്. എങ്കിൽ, എട്ടു കൊല്ലങ്ങൾ കഴിഞ്ഞിട്ടും നിന്നെ ചുററിപ്പററിയുള്ള ഓമ്മകൾ എന്നെ എന്തേ അലോസരപ്പെടുത്താൻ? ഹൃദയവികാരങ്ങൾ മനസ്സിലാക്കാൻ കഴിയാത്ത ഒരു കാടനാണു് 'കുഞ്ഞൻ' എന്ന അപരനാമധേയത്താൽ അറിയപ്പെടുന്ന ആ സ്നേഹിതനെന്നതുമാത്ര സമാധാനം!

നിൻെറ എഴുത്തു കിട്ടിയപ്പോൾ ഞാൻ നിന്നിൽനിന്നു രണ്ടായിരത്തോളം നാഴിക അകലെയായിരുന്നു. എന്നാലും നിന്നെ ഒരു നോക്ക കാണാൻവേണ്ടി പുറ

പ്പെടാൻതന്നെ തീരുമാനിച്ചു. അല്ലെങ്കിൽ ജീവാവസാനംവരെ നിന്നെ കാണ്മാൻ കഴിഞ്ഞില്ലെങ്കിലോ എന്ന ഭയമായിരുന്നു എനിക്കു പ്രേരണ നല്കിയതു്.

സാമാന്യം വലിപ്പമുള്ള ആ തീവണ്ടിയാപ്പീസിൽ വണ്ടിയിറങ്ങി. മൂന്നു നാഴികയോളം അകലെയുള്ള നിൻെറ വീട്ടിലേയ്ക്കു വലിഞ്ഞുനടന്നു. റോഡിൽനിന്നു പടുത്തിറക്കിയ സിമൻറുപടികളിലൂടെ കീഴോട്ടിറങ്ങുമ്പോൾ കാലുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. ഉമ്മറത്തു കയറി 'കോളിങ്ങ്ബെല്ലി'ൽ വിരലമർത്തി. ഇടിവെട്ടുംപോലെ ആ ബെല്ലിൻെറ ശബ്ദം അന്തരീക്ഷത്തിലേയ്ക്കു ടന്നു ചീണു.

"എന്താ........?" തലമുടി പകുതിയിലേറെ നരച്ച ഒരു മധ്യവയസ്കനാണു് പുറത്തു വന്നതു്.

"ഇതല്ലേ മി. രാമൻനായരുടെ വീടു്?"

"അതെ."

"എനിക്കു സുമതിയെയൊന്നു കാണണം."

"ആരെ?"

"സുമതിയെ."

ആ മധ്യവയസ്കൻ എന്നെ അടിമുടിയൊന്നു നോക്കി.

"നിങ്ങളാണോ മി. ഉണ്ണികൃഷ്ണൻ?"

"അതെ."

"വരൂ. അകത്തേയ്ക്കു വരൂ."

മുമുഖത്തേയ്ക്കു കടന്നിരുന്നു.

"നിങ്ങൾ ഒരു നീണ്ട യാത്രയ്ക്കുശേഷം വരുന്നപോലെയുണ്ടല്ലോ?"

"ഞാൻ കഴിഞ്ഞ നാലു ദിവസമായി യാത്രചെയ്യുകയാണു്."

"ഞാൻ സുമതിയുടെ അച്ഛനാണു്."

"കണ്ടതിൽ സന്തോഷം"—ഞാൻ ഭവ്യതയോടെ കൈകൂപ്പി.

"സുമതി ഇന്നലെ അവളുടെ ഭർത്താവൊരുമിച്ചു പോയി."

"എന്തു്........?"

"അതെ."

"പക്ഷേ........പ........ക്ഷേ ഇന്നലെ........"—മുന്നിലിരിക്കുന്ന ആ മനുഷ്യൻ ആകെ ആടിക്കളിക്കുന്നപോലെ തോന്നി.

"ശരിയാണു്. പക്ഷേ പരിപാടിയിൽ ഒരു ചെറിയ മാററം വരുത്തേണ്ടിവന്നു."

ഞാൻ അയാളുടെ മുഖത്തേയ്ക്കു തുറിച്ചുനോക്കി. തലയ്ക്കുള്ളിലൂടെ പൊന്നീച്ചകൾ പറക്കുകയാണോ?

"നോക്കൂ. എനിക്കു നിങ്ങളോടൊരു കാര്യം പറയാനുണ്ടു്. നിങ്ങൾക്കു സുമതിയുമായുണ്ടായിരുന്ന ബന്ധങ്ങളെല്ലാം എനിക്കറിയാം. പക്ഷേ ഇന്നവൾ വിവാഹിതയാണു്. അവളുടെ ജീവിതം നിങ്ങൾ നശിപ്പിക്കരുതു്. അവളെ മറന്നേയ്ക്കൂ."

മറുപടിയൊന്നും പറഞ്ഞില്ല. "പ്രിയപ്പെട്ട പിതാവേ, അങ്ങയുടെ മകളുടെ ജീവിതസൗഖ്യത്തിനുവേ

ണ്ടി ഞാനെൻെറ ജീവിതം ബലികഴിച്ചിരിക്കുന്നു" എന്നതായിരുന്നു പറയാനുള്ള മറുപടി. കയ്യിലുണ്ടായിരുന്ന തോൽസ്സഞ്ചി കക്ഷത്തിലൊതുക്കിപ്പിടിച്ചുകൊണ്ടു നിശ്ശബ്ദനായി എഴുന്നേററു. കൽപ്പടവുകളിലൂടെ മേലോട്ടു കയറുമ്പോൾ മുന്നിലാകെ അന്ധകാരമായിരുന്നു. നിലത്തു വീഴാതിരിക്കാൻവേണ്ടി പടവുകളിലൊന്നിരുന്നു. സ്നേഹസമ്പന്നനായ ആ പിതാവു് ഓടിവന്നു.

"എന്തു പററി?"

"ഒന്നുമില്ല."

അദ്ദേഹമെന്നെ കൈ പിടിച്ചെഴുന്നേല്പിച്ചു.

സുമതി, അന്നുമുതലാണു് നീയുമായുള്ള എല്ലാ ബന്ധങ്ങളും അവസാനിച്ചതു്.

സ്നേഹിക്കുന്നതിനേക്കാൾ കൂടുതൽ നീയെന്നെ ആരാധിച്ചു. ഞാനൊരു വലിയ മനുഷ്യനാകുമെന്നു നീ വിശ്വസിച്ചു. കളങ്കമേശാത്ത എൻെറ സ്വഭാവത്തെപ്പററി നീ അഭിമാനിച്ചു. എൻെറ കഴിവുകളെ നീ മുക്തകണ്ഠം പ്രശംസിച്ചു.

ഇന്നു് അതെല്ലാം ചീന്തിപ്പോയ ഏടുകളാണു്. നീ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്ത ഉണ്ണി ഇന്നു ജീവിച്ചിരിപ്പില്ല. ആ സൽസ്വഭാവിയുടെ മുഖഭാവമാകെ മാറിക്കഴിഞ്ഞിരിക്കുന്നു. ഇന്നു് എൻേറതു് ഒരു പരാജയത്തിൻെറ കഥയാണു്—നീ ആഗ്രഹിക്കുകയും വിശ്വസിക്കുകയും ചെയ്തപോലെ വിജയത്തിൻേറതല്ല.

ഞാൻ നിന്റെ മുന്നിൽ എല്ലാം കുമ്പസാരിക്കുവാൻ പോകുകയാണു്. നീയെനിക്കു മാപ്പുതരികയില്ലെന്നറിഞ്ഞിട്ടുകൂടി.

നിന്നെ കാണാൻ കഴിയാതെ മടങ്ങിവന്നതിന്റെ പിറ്റേ ദിവസമാണു്. ആപ്പീസിൽ പോകാൻ ഉന്മേഷമില്ലാത്തതുകൊണ്ടു വീട്ടിൽത്തന്നെ അടച്ചിരുന്നു. അപ്പോഴാണു് വർമ്മ കയറിവന്നതു്.

"എന്താ ഇങ്ങനെ മുഷിഞ്ഞിരിക്കുന്നതു്?"

"വെറുതെ."

"വല്ല പുതിയ പുസ്തകവും കിട്ടിയിട്ടുണ്ടോ?"

"മി. വർമ്മ, എനിക്കു സ്വല്പം കുടിക്കണം."

"എന്തു്?" വർമ്മ അത്ഭുതപ്പെട്ടിരിക്കണം.

"കുടിക്കണമെന്നു്."

"കുടിക്കുന്നതിനു് എന്നെ ശകാരിക്കുന്ന നിങ്ങളോ?"

"അതെ. ഞാൻതന്നെ."

'ബ്ളേക്ക് നൈറ്റ്" രണ്ടു കുപ്പികൾ വന്നു. അന്നു് ആദ്യമായാണു് മദ്യം സേവിച്ചതു്. ഇന്നു് എത്രയെങ്കിലും കുടിക്കാൻ കഴിവുള്ള മദ്യപാനിയാണു് ഞാൻ.

ആയിടെയാണു് മീനയുമായി പരിചയപ്പെട്ടതു്. മീന ഒരു വേശ്യയാണു്. അതറിഞ്ഞുകൊണ്ടുതന്നെയാണു് അവളുടെ അരുകിൽ പോയതു്. ഞാനാദ്യമായി എന്റെ കൈകൊണ്ടു തൊട്ട ഒരു സ്ത്രീയാണെന്നതുകൊണ്ടു് അവളെ മറക്കുക വയ്യ. സാമാന്യം തടിയുള്ള ഇരു

നിറമുള്ള ഒരു പെൺകുട്ടി. അവളുടെ മാംസളമായ മാറിൽ മുഖമമർത്തി എത്രയോ ദിവസങ്ങൾ ഉറങ്ങിയിരിക്കുന്നു. അതൊരു സുഖമായിരുന്നു. ആത്മാവിലേയ്ക്കു് ഇറങ്ങിച്ചെല്ലാത്ത ഒരുതരം സുഖം. ഞാൻ കയറിച്ചെല്ലുമ്പോൾ പട്ടുമെത്തയിൽ അർദ്ധനഗ്നയായി കിടക്കാറുള്ള അവളെ ഞാൻ സ്നേഹിച്ചില്ല. അതവൾക്കു് ആവശ്യമില്ലായിരുന്നു. പക്ഷേ കുറച്ചുനേരത്തെയ്ക്കെങ്കിലും സഭ്യന്മാരുടെ ഈ ലോകത്തെ വിസ്മരിച്ചുകളയാൻ അവളുടെ ശരീരം എന്നെ സഹായിച്ചു. അതിനുവേണ്ടിമാത്രമാണു് ഞാൻ അവളുടെ വൃത്തിഹീനമായ കൊച്ചുവീട്ടിലേയ്ക്കു കയറിച്ചെല്ലാറുള്ളതു്.

(ഇതൊരുപക്ഷേ മനുഷ്യനോളംതന്നെ പഴക്കമുള്ള ഒരാശയമാണു്. പ്രേമനൈരാശ്യംകൊണ്ടു മദിരയുടെയും മദിരാക്ഷികളുടെയും ഇടയിൽ ജീവിതം വലിച്ചെറിയുക. ഞാൻ ചെയ്തതതല്ലെന്നു പറയുമ്പോൾ നെറ്റി ചുളിക്കരുതു്. ആദർശങ്ങളുടെയും സാമുദായികാചാരങ്ങളുടെയും പേരിൽ സദാചാരത്തിന്റെ മേലാട ധരിച്ചു സ്വയം വഞ്ചിക്കേണ്ടതില്ലെന്നു തോന്നി. അതുകൊണ്ടു ജീവിതത്തിന്റെ മധുരചഷകം ഞാനെന്റെ ചുണ്ടോടടുപ്പിച്ചിരിക്കുകയാണു്. അല്ലെങ്കിൽ, പുഴക്കുത്തു വീഴാത്ത ഒരു ജീവിതം ആർക്കുവേണ്ടി സൂക്ഷിച്ചുവെയ്ക്കണം?)

മീന ഒരവസാനമല്ല. നീണ്ടുകിടക്കുന്ന ഒരു പട്ടികയിലെ ആദ്യത്തെ പേരുമാത്രമാണു്. (അവളിന്നെവിടെയായിരിക്കും? പഴയ യുവത്വവും സൗന്ദര്യവും ഇന്നവൾക്കുണ്ടായിരിക്കാനിടയില്ല. എങ്കിൽ അവൾ എവിടെയെങ്കിലും പോയി തുലയട്ടെ.)

മഞ്ജുളയും മൃണാളിനിയും രാധയും രാഗിണിയു മൊക്കെ അവൾക്കുശേഷം വന്നവരാണു്. മൃണാളിനി ഒരു വിധവയായിരുന്നു. രാധ പതിനാറു തികയാത്ത ഒരു കൊച്ചു പെൺകുട്ടിയും. അവരെയൊക്കെ എൻെറ കാമാസക്തിക്കു വിധേയമാക്കിയപ്പോൾ എൻെറ മന സ്സാക്ഷി എന്നെ വിലക്കിയില്ല. (നന്ദി!)

ഇപ്പോൾ, എന്നിൽ വന്ന പരിവത്തനം മനസ്സി ലാകുന്നില്ലേ? ദേവനാകാനാഗ്രഹിച്ച ഞാനിന്നു ചെകു ത്താനാണു്. അല്ലെങ്കിൽ, നീ വിശ്വസിക്കുന്നപോലെ ആക്കെങ്കിലും ദേവനാകാൻ കഴിയുമോ? എൻെറ നല്ലവ ളായ ഭാര്യയ്ക്കുവേണ്ടി ഈ ചെകുത്താൻെറ മൂടുപടം ഉരി ച്ചുകളയണമെന്നുണ്ടു്. അതിന്നുവേണ്ടി ശ്രമിക്കുകയാ ണിന്നു്—കഴിയുമോയെന്നു തീൎത്തുപറയാൻ വയ്യാ. കാ രണം മനസ്സിനെ നിയന്ത്രിക്കാൻ കഴിയുന്നില്ല എന്ന തുതന്നെ.

സുമതീ, നിന്നോടു ചെയ്ത എല്ലാ വാഗ്ദാനങ്ങളും ഞാനിന്നു ലംഘിച്ചിരിക്കുകയാണു്. നല്ലവനായി ജീവി ക്കാൻ കഴിഞ്ഞില്ല. (നല്ലവൻ എന്ന പദത്തിന്നു തിര ശ്ശീലയിട്ടു് അപരാധങ്ങൾ ചെയ്യാൻ കഴിവുള്ളവൻ എ ന്നേ അത്ഥമുള്ളൂ എന്നു നീ വിസ്മരിക്കരുതു്) നീ കാംക്ഷി ച്ചപോലെ ശോഭനമായ ഒരു ഭാവിക്കുവേണ്ടി പാടുപെ ട്ടില്ല. അന്ധകാരം നിറഞ്ഞ എൻെറ മേൽക്കൂര പൊളി ച്ചുനീക്കി വെളിച്ചത്തിലേയ്ക്കു കടന്നുവന്നില്ല. തെററാ ണു് ചെയ്യുന്നതെന്നറിയാമായിരുന്നു. ഇന്നും അറിയുക യും ചെയ്യാം. പക്ഷേ ആ തെററിന്നു് അടിമപ്പെടാനാ ണു് ഞാനിഷ്ടപ്പെട്ടതു്.

എല്ലാ ജീവിതങ്ങളും വിജയമായി അവസാനിക്കു കയില്ലല്ലോ? കുറെപേരെങ്കിലും റെയിൽ തെററി പോ കാതിരിക്കാൻ വയ്യാ. അങ്ങനെ പരാജയപ്പെട്ടവരുടെ പട്ടികയിൽ എന്നെയും ഉൾപ്പെടുത്തിയേക്കൂ.

ലോകം മുഴുവൻ സുന്ദരമായ നിലാവിൽ കുളിച്ചു നില്ക്കുന്ന ഇത്തരം രാത്രികളിൽ നിന്നെപ്പററിയുള്ള അ ലോസരപ്പെടുത്തുന്ന ഓർമ്മകൾ പലപ്പോഴും സ്മൃതിപഥ ത്തിലേക്കു നുഴഞ്ഞുവരാറുണ്ടു്. ഇന്നു് ഈ മൊട്ടക്കുന്നുകളും മണൽക്കുന്നുകളും നോക്കിയിരിക്കുമ്പോൾ, നീയെനി ക്കു് ആവേശവും പ്രചോദനവും പകർന്നുതന്ന ദിനങ്ങൾ ഓർമ്മയിലേക്കു് ഓളമടിച്ചുവരുകയാണു്........

(ഓർമ്മകളേ, ഇനിയെങ്കിലുമൊന്നു വഴിമാറി നി ല്ക്കൂ. മി. വർമ്മ ഒരു പുതിയ കുപ്പി പൊട്ടിച്ചിരിക്കുന്നു. ഞാനതിൽ പങ്കുകൊള്ളട്ടെ.)

★

# പൊലിഞ്ഞുപോയ പ്രതീക്ഷകൾ

പതിവുപോലെ ഉമ്മറത്ത് അമ്മ കാത്തുനില്പുണ്ടായിരുന്നില്ല. അടുക്കളയിൽ എന്തെങ്കിലും പണിയെടുക്കുകയായിരിക്കുമെന്ന് അവൾ മനസ്സിൽ കരുതി. അച്ഛൻ വന്നിട്ടുള്ളതല്ലേ?

തോളിൽനിന്നു പുസ്തകസ്സഞ്ചിയൂരി കൈയിൽ തൂക്കിപ്പിടിച്ചുകൊണ്ട് ഉമ്മറത്തേയ്ക്കു കയറി. അച്ഛൻ കൊണ്ടുവന്ന സഞ്ചിയാണ്. നീലനിറത്തിലുള്ള മിനുസമുള്ള സഞ്ചി. വെള്ളം വീണാൽ നനയുകയില്ലത്രേ. ആമയും മുയലും പന്തയംവെച്ച കഥയാണ് പുറത്തു വരച്ചിട്ടുള്ളത്. ചന്ദ്രനും ലതയുമൊക്കെ എത്ര തവണയാണ് തിരിച്ചും മറിച്ചും നോക്കിയത്. വല്ലാത്തൊരു കൊതിയന്മാർ!

അമ്മ പതിവുപോലെ ഉമ്മറത്തു കാത്തുനില്ക്കാത്തതിൽ അവൾക്കു പരിഭവം തോന്നി. എന്തൊരമ്മയാണിത്! അച്ഛൻ വന്നതിനുശേഷം തന്നെ നോക്കുന്ന

തേയില്ല. എപ്പോഴും അച്ഛൻെറയൊരു വിചാരമേയുള്ളൂ. അച്ഛൻെറ ചായ, അച്ഛൻെറ സിഗരററു്, അച്ഛൻെറ ചൂടുവെള്ളം, അച്ഛനു് എന്നു.......പിന്നെ എപ്പോഴും അച്ഛനോടു മെല്ലെമെല്ലെ വത്തമാനം പറയലും........

ഉമ്മറത്തു കിടക്കുന്ന സ്ററൂളിൽ പുസ്തകസ്സഞ്ചി വെച്ചു് അവൾ പൂമുഖത്തേയ്ക്കു കടന്നു. അവിടെയും അമ്മയില്ല. 'അമ്മേ....' എന്നു് ഉറക്കെ നീട്ടിവിളിച്ചിട്ടു് ഒരു നിമിഷം അവൾ കാത്തുനിന്നു. മറുപടിയില്ല. ഈ അമ്മ എവിടെ പോയി....?

അപ്പോഴാണു് മൂലയിലിരിക്കുന്ന റേഡിയോ പാടുന്നില്ലെന്നവൾ മനസ്സിലാക്കിയതു്. അതെന്തേ....?

അച്ഛൻ കൊണ്ടുവന്ന റേഡിയോ ആണു്. കൊണ്ടുവന്നതിനുശേഷം എപ്പോഴും പാട്ടാണു്. ഇന്നെന്തേ പാട്ടില്ലാത്തതു്? പാട്ടു കേൾക്കുന്നതിനേക്കാൾ അതിൻെറ നടുക്കുള്ള പച്ചനിറത്തിലുള്ള കണ്ണു കാണാനാണു് രസം. ഇടയ്ക്കിടയ്ക്കിളകിക്കൊണ്ടിരിക്കുന്ന ആ പൂച്ചക്കണ്ണു കാണാനെന്തു ചന്തമാണു്? മേശപ്പുറത്തിരുന്നു തിരിയുന്ന പങ്കയും ചുമരിൽ തൂക്കിയിട്ടിരിക്കുന്ന ഭംഗിയുള്ള വിളക്കും അച്ഛൻ കൊണ്ടുവന്നതാണു്. അപ്പോഴാണു് തനിക്കു നീലസ്സഞ്ചിയും ചായപ്പെട്ടിയും തിളങ്ങുന്ന കുപ്പായവും കൊണ്ടുവന്ന അച്ഛൻ എത്ര നല്ലവനാണെന്നു് അവൾ ഓർത്തുപോയതു്. ഇനി ഒരു എഴുത്തുപെൻസിൽകൂടി വേണം. വാങ്ങിത്തരാമെന്നു് അമ്മ പറഞ്ഞിട്ടുള്ളതാണു്.

എത്ര കൊതിച്ചുകൊതിച്ചാണു് അച്ഛൻ വന്നതു്. ഏഴു കൊല്ലം കഴിഞ്ഞിട്ടാണു് വന്നതത്രേ! അച്ഛൻ പോകുമ്പോൾ താൻ അമ്മയുടെ വയററിലായിരുന്നു എന്നാണു് അമ്മ പറയുന്നതു്. അതോർത്തപ്പോൾ അവൾക്കു ചിരി വന്നുപോയി. അമ്മയുടെ വയററിൽ താനെങ്ങനെ എത്തിപ്പെട്ടു? അമ്മ കള്ളം പറയുകയായിരിക്കണം.

വടക്കേതിലെ ഉണ്ണികൃഷ്ണൻെറ അച്ഛൻ ഇടയ്ക്കിടയ്ക്കു വരും. മദിരാശിയിലാണത്രേ ജോലി. വരുമ്പോഴൊക്കെ മിഠായിയും പന്തും കൊണ്ടുവരും. ഉണ്ണികൃഷ്ണൻെറ അമ്മ നനുത്ത കടലാസിൽ ഭംഗിയായി പൊതിഞ്ഞ മിഠായി തനിക്കും തരാറുണ്ടു്. പക്ഷേ നനുത്ത പഞ്ഞി പൊങ്ങിനില്ക്കുന്ന വെളുവെളുത്ത പന്തു് ഉണ്ണികൃഷ്ണൻ തൊടാൻപോലും സമ്മതിക്കാറില്ല. അപ്പോഴാണു് അവൾക്കു് അച്ഛനെ ഓർമ്മവരാറു്.

"അമ്മേ, എൻെറ അച്ഛനെന്നാ വര്ാ?"

"അടുത്തു വരും, മോളേ."

"ഉണ്ണികൃഷ്ണൻെറച്ഛൻ ഒരുപാടു പ്രാവശ്യം വന്നുലോമ്മേ?"

"അതിനു നെൻെറ അച്ഛൻ ദൂരത്തല്ലേ മോളേ?"

"ദൂരത്താച്ചാവിടാമ്മേ?"

"സിങ്കപ്പൂരാ."

"വരുമ്പോ നിക്കു് പന്തു കൊണ്ടോരോ?"

"മോളു് കൊണ്ടോരാനെഴുതിക്കോ."

അതു കിട്ടിയിട്ടു വേണം ഉണ്ണികൃഷ്ണൻെറ മുന്നിൽ കൊട്ടിക്കളിക്കാൻ. സിങ്കപ്പൂരെ പന്തു മദിരാശിയിലെ പന്തിനേക്കാൾ നല്ലതുതന്നെയായിരിക്കണം. തൊടാൻ പോലും സമ്മതിക്കില്ല, ചെക്കൻെറാരു പത്രാസ്!

അങ്ങനെ കൊതിച്ചുകൊതിച്ചാണ് അച്ഛൻ വന്നതു്. എത്രയെത്ര സാധനങ്ങളാണ് കൊണ്ടുവന്നതെന്നോ? അഞ്ചു വലിയ വലിയ പെട്ടികൾ. പെട്ടികൾ തുറന്നു സാനധാനങ്ങളൊക്കെ എല്ലാവക്കും കാണിച്ചു കൊടുക്കുമ്പോൾ അമ്മയ്ക്കെന്തൊരു സന്തോഷമായിരുന്നു. കിഴക്കേതിലെ നാണിയമ്മയും ശങ്കുണ്ണിനായരും, വടക്കേതിലെ പാറുകുട്ടിയമ്മയുമൊക്കെ പുല്ലായയിൽ ഇരുന്നിരുന്നു. മുററമടിക്കുന്ന മാളുവും വെററിലക്കീറിന്നു വേണ്ടി രാജകുമാരൻെറ കഥ പറഞ്ഞുതരുന്ന അന്തോണിയും വയറുവേദനക്കാരിയായ റോതമ്മയും ജനാലയിൽക്കൂടി നോക്കിനിന്നു.

സാധനങ്ങളൊക്കെ കണ്ടുകഴിഞ്ഞപ്പോൾ വടക്കേതിലെ പാറുക്കുട്ടിയമ്മ താടിക്കു കൈ കൊടുത്തുകൊണ്ടു പറഞ്ഞു—“അപ്പളേ, ചന്ദ്രശേഖരൻനായക്കു വല്ല്യ ഉദ്യോഗാവണംല്ലോ?”

“വല്ല്യോം പറ്യാൻ ണ്ടോ ൻെറ പാറുകുട്ട്യേമേ. റബ്ബറിന്നു പണം കോരല്ല്യോ?”—പെട്ടികൾ അടച്ചുവെച്ചുകൊണ്ടു് അമ്മ പറഞ്ഞു: “ഏതായാലും ദൈവം കടാക്ഷിച്ചു. മാധവി കൊറെ സഹിച്ചതാണേ.”

കമലം കട്ടിലിൻെറ കാലും പിടിച്ചു് ഒഴിഞ്ഞുമാറി നില്ക്കുകയായിരുന്നു. ഈ വലിയ പെട്ടികളിൽ തനിക്കു

ള്ള പന്തില്ല. എന്നാലും ചായപ്പെട്ടിയും നീലസ്സഞ്ചിയുമുണ്ടല്ലോ എന്നതാണു് സമാധാനം. ചായപ്പെട്ടി കാണിച്ചു് ഉണ്ണികൃഷ്ണനെ കൊതിപ്പിക്കാം.

അച്ഛനെ ആദ്യം കാണുകയായിരുന്നു. കട്ടിയുള്ള മീശ. കനത്ത പുരികങ്ങൾ. ചുരുണ്ട തലമുടി. തടിച്ച കറുത്ത കണ്ണടയും. മാറത്തും കൈത്തണ്ടയിലുമൊക്കെ കുനുകുനുത്ത കറുത്ത രോമങ്ങളാണു്. അവയ്ക്കിടയിലൂടെ കൈവിരലോടിക്കാൻ രസമുണ്ടു്. ഉണ്ണികൃഷ്ണന്റെ അച്ഛനു കറുത്ത കണ്ണടയും മീശയുമില്ല. തലയിലാണെങ്കിൽ കണ്ണാടിപോലെ മിനുങ്ങുന്ന കഷണ്ടിയുണ്ടുതാനും. അവൾക്കു് അഭിമാനം തോന്നി.

അച്ഛൻ വലിയ തറവാടിയാണെന്നാണു് അമ്മ പറയാറു്. അപ്പോൾ ഉണ്ണികൃഷ്ണന്റെ അച്ഛൻ തറവാടിയല്ലേ? അവൾക്കറിയില്ലായിരുന്നു. ഈ തറവാടിയെന്നുവെച്ചാൽ എന്താണെന്നുതന്നെ നിശ്ചയമില്ല. ആരോടെങ്കിലും ചോദിച്ചു മനസ്സിലാക്കണം. അമ്മയോടു ചോദിച്ചിട്ടു കാര്യമില്ല. അമ്മയ്ക്കു് ഈ വകയൊക്കെ ചോദിച്ചാൽ വലിയ ശുണ്ഠിയാണു്. അമ്മുക്കുട്ടിയമ്മയോടു ചോദിച്ചാലോ?

അമ്മുക്കുട്ടിയമ്മ വെപ്പുകാരിയാണു്. അവളെ വലിയ ഇഷ്ടമായിരുന്നു. അമ്മ ശുണ്ഠിയെടുത്താൽ ചോറു തരുന്നതും പാട്ടു പാടി ഉറക്കുന്നതുമെല്ലാം അവരാണു്.....

അവൾക്കു് ഒരു തുരുപ്പുശീട്ടുകൂടി കിട്ടി. അച്ഛൻ സിങ്കപ്പൂർക്കു കൊണ്ടുപോകാമെന്നേറ്റിരിക്കുന്നു. സിങ്കപ്പൂരെന്നു പറയുന്നതു് അങ്ങകലെ എവിടെയോ ആണത്രേ.

38438.

പടിഞ്ഞാറെ കടലിന്റെയും അപ്പുറത്താണെന്നാണ് മുത്തശ്ശി പറയുന്നതു്. വിമാനത്തിലാണു് പോകുക. മാനത്തിലൂടെ പറക്കുന്ന വിമാനത്തിൽ. ഉണ്ണികൃഷ്ണന്റെ അച്ഛൻ അവനെ എങ്ങോട്ടും കൊണ്ടുപോകുന്നില്ലല്ലോ?

"'കുട്ടി എന്താ ഉമ്മറപ്പടീമ്മെ നിക്കണു്?"—അമ്മുകുട്ടിയമ്മയാണു്. അവളെ കുട്ടി എന്നു് അമ്മുകുട്ടയമ്മമാത്രമേ വിളിക്കാറുള്ളൂ.

"അമ്മുകുട്ട്യേമേ, ന്റെ അമ്മെവിടെ?"

"അമ്മ അകത്താ. കുട്ടി വന്നോളൂ. ഞാൻ കാപ്പി തരാം.".

അതു കേട്ട ഭാവം നടിക്കാതെ അവൾ അകത്തേയ്ക്കു കടന്നു. ആദ്യം അമ്മയെ കണ്ടിട്ടാവാം ബാക്കിയൊക്കെ.

കിടപ്പുമുറിയിലേയ്ക്കു കടന്നപ്പോൾ അമ്മ കട്ടലിൽ കിടക്കുന്നതാണു് കണ്ടതു്. അമ്മയ്ക്കെന്തു പററി? വല്ല സുഖക്കേടും പിടിച്ചുവോ? അവൾ കട്ടിലിന്നരികത്തു ചെന്നിരുന്നുകൊണ്ടു വിളിച്ചു—"അമ്മേ!"

മറുപടിയില്ല. ഈ അമ്മയ്ക്കെന്തു പററി? അമ്മയ്ക്കിങ്ങനെ ശുണ്ഠിപിടിക്കാൻ താനിന്നു വികൃതിയൊന്നും കാട്ടീയിട്ടില്ലല്ലോ? ഒന്നുകൂടി വിളിച്ചാലോ?

"ഞാനിന്നു വികൃതി കാട്ടില്ല്യാലോ അമ്മേ."

"മോളെ........!"

അവളെ മാറോടു ചേർത്തുപിടിച്ചുകൊണ്ടു് അമ്മ പൊട്ടിക്കരഞ്ഞു. അമ്മ കരയുന്നതെന്തിനാണെന്നവൾക്കു മനസ്സിലായില്ല. പക്ഷേ അമ്മ കരയുന്നതു കണ്ട

38438

പ്പോൾ അവൾക്കും കരച്ചിൽ വന്നുപോയി. അപ്പോൾ അവളുടെ തല തടവിക്കൊണ്ടു് അമ്മ ഗദ്ഗദത്തോടെ പറഞ്ഞു: "മോളു കരയണ്ടാ. മോൾക്കു ഞാനുണ്ടു്."

അവൾക്കൊന്നും മനസ്സിലായില്ല. അമ്മ കരയുന്നതെന്തിനാണു്? അമ്മയുടെ പിടിയിൽനിന്നു് ഊർന്നിറങ്ങി അവൾ പുറത്തേയ്ക്കു കടന്നു. അച്ഛനോടു ചെന്നുപറയാം. അച്ഛൻ എവിടെയായിരിക്കും? മുകളിലുണ്ടായിരിക്കണം. കോണിപ്പടികളിലൂടെ നിശ്ശബ്ദയായി അവൾ മുകളിലേയ്ക്കു കയറി.

ചാരുകസേരയുടെ കയ്യിൽ കാലുകൾ രണ്ടും പിണച്ചുവെച്ചുകൊണ്ടു് അച്ഛൻ മലർന്നുകിടക്കുകയാണു്. അലക്ഷ്യമായി വലിച്ചെറിഞ്ഞ സിഗരറ്റുകുറ്റികൾ നിലത്തു് അങ്ങിങ്ങായി ചിതറിക്കിടക്കുന്നുണ്ടായിരുന്നു.

"അച്ഛാ...." ഒച്ചവെയ്ക്കാതെ അവൾ വിളിച്ചു.

വെടികൊണ്ട പന്നിയെപ്പോലെയായിരുന്നു അയാൾ തിരിഞ്ഞുനോക്കിയതു്. അയാളുടെ ചോരക്കണ്ണുകളാകെ കലങ്ങിമറിഞ്ഞിരുന്നു. തറച്ചിറങ്ങുന്ന ആ നോട്ടത്തിനു മുന്നിൽ അവൾ ചൂളിപ്പോയി.

"അമ്മ കട്ടിലിൽക്കിടന്നു കരയാണു്" — അച്ഛന്റെ പേടിപ്പെടുത്തുന്ന കണ്ണുകളെ നേരിടാതിരിക്കാൻ വേണ്ടി അവൾ ചുമരിൽ തൂക്കിയിട്ടിരിക്കുന്ന ശിവന്റെയും പാർവ്വതിയുടെയും ചിത്രത്തിലേയ്ക്കു നോക്കി.

"അതിനു ഞാനെന്തു വേണം?"

അവൾക്കാ ചോദ്യം മനസ്സിലായതേയില്ല. കണ്ണുകളുയർത്തിനോക്കിയപ്പോൾ അച്ഛന്റെ മുഖമാകെ ചുകന്നുതുടുത്തിരിക്കുന്നതവൾ കണ്ടു.

"അശ്രീകരംപിടിച്ച പെണ്ണ്. പോടീ എൻെറ മുന്നിൽനിന്നു"—ഇടിവെട്ടുന്നപോലെയായിരുന്നു ആ ശബ്ദം.

അച്ഛൻ തന്നെയാണ് ചീത്ത പറഞ്ഞതു്. ഇതിന്നുമുമ്പു ചീത്ത പറഞ്ഞിട്ടില്ല. അവൾ ചുണ്ടുകൾ പിളുത്തി നിലവിളിച്ചു.

"പോടീ, പോകാനാണ് പറഞ്ഞതു്."

അവൾ പിൻതിരിഞ്ഞു കോണിപ്പടിയിലേയ്ക്കോടി. അവിടെ അമ്മുകുട്ടിയമ്മ നില്ക്കുന്നുണ്ടായിരുന്നു. അമ്മുകുട്ടിയമ്മയുടെ നീട്ടിപ്പിടിച്ച കൈകളിലേയ്ക്ക് അവൾ ചരിഞ്ഞുവീണു........

"അമ്മയെന്തിനാ കരേണ് അമ്മുട്ട്യേമേ?"

"അമ്മേം അച്ഛനും ശണ്ഠകൂടീരിക്യാ. മോള് ഈ ചോറുണ്ടിട്ടു മിണ്ടാതൊറങ്ങിക്കോളൂ"—അമ്മുകുട്ടിയമ്മ കാച്ചിയ മോരു കൂട്ടിക്കുഴച്ച ചോറ് അവളുടെ വായിൽ വെച്ചുകൊടുത്തു.

"എന്തിനാ ശണ്ഠ കൂട്ട്യേ?"

"അതുണ്ടോ കുട്ടീ, ഈ അമ്മുട്ട്യമയ്ക്കറിയുണു?"

ഈ അമ്മുകുട്ടിയമ്മ ഒന്നും പറയുന്നില്ല. അവൾക്കാണെങ്കിൽ എല്ലാം അറിഞ്ഞേ കഴിയൂ. ആരോടു ചോദിക്കാനാ? ഉണ്ണികൃഷ്ണൻെറ അമ്മയും അച്ഛനും ശണ്ഠകൂടാറുണ്ടോ? അവൻെറ അച്ഛനും ഇങ്ങനെ ദേഷ്യപ്പെടാറുണ്ടോ? ഉണ്ണികൃഷ്ണനോടു ചോദിക്കണം. അമ്മുകുട്ടിയമ്മ വിരിച്ചിട്ട കോസറയിൽ ഉറങ്ങാൻ കിടക്കുമ്പോൾ

അവളുടെ മനസ്സിൽ ഈ ചിന്തകളായിരുന്നു. വെളിച്ച മായാൽ ഉണ്ണികൃഷ്ണനോട് ചോദിക്കണമെന്നു വിചാരി ച്ച് അവൾ കിടന്നു. അമ്മയുടെ തേങ്ങുന്ന ശബ്ദം അ വൾക്കപ്പോഴും കേൾക്കാമായിരുന്നു. അതു കേട്ടുകൊണ്ടാ ണ് അവൾ ഉറങ്ങിയതു്........

സ്കൂളിലേയ്ക്കു പോകുമ്പോൾ അമ്മ ഉമ്മറത്തു വന്നു നിന്നു കൈവീശി 'റാ റാ'യെന്നു പറഞ്ഞില്ല. അമ്മ യപ്പോഴും കട്ടിലിൽ കമിഴ്ന്നുകിടക്കുകതന്നെയായിരു ന്നു. വാതിൽക്കൽ ചെന്നുനിന്നുകൊണ്ടു് അവൾ പറ ഞ്ഞു: "അമ്മേ, ഞാൻ സ്കൂളിപ്പോണു."

അമ്മ മറുപടിയായി ഒന്നു മൂളുകമാത്രം ചെയ്തു.

സ്കൂളിൽ പോകുന്നവഴിക്കു് ഉണ്ണികൃഷ്ണനോടു ചോ ദിക്കാൻ കഴിഞ്ഞില്ല. മടങ്ങുമ്പോഴാണു് സമയം കിട്ടി യതു്. പൂക്കാറിയാലു കഴിഞ്ഞു തോടിലേയ്ക്കിറങ്ങിയ പ്പോൾ അവൾ ചോദിച്ചു: "ഉണ്ണികൃഷ്ണൻെറ അച്ഛനും അമ്മേം ശണ്ഠകൂടാറുണ്ടോ?"

"എടയ്ക്കൊക്കെ"—ഉണ്ണികൃഷ്ണൻ അത്ഭുതത്തോടെ അവളുടെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടാണു് മറുപടി പ റഞ്ഞതു്.

"ഉണ്ണികൃഷ്ണൻെറച്ഛൻ ചീത്ത പറ്യാറുണ്ടോ?"

"വികൃതി കാട്ട്യാൽ."

"വികൃതി കാട്ടാഞ്ഞാലോ?"

"ഓ പ്പ നന്നായേ. വികൃതി കാട്ടാഞ്ഞാപ്പിന്നെ അ ച്ഛനെന്തിനാ ചീത്ത പറേയണ്ണം?"

"ന്റൊച്ഛൻ എന്നെ അശ്രീകരംന്നു വിളിച്ചു ചീത്ത പറഞ്ഞു. ഞാനൊരു വികൃതീം കാട്ടീല്ല്യ."

"ചിന്ന്യോ?"

"അച്ഛനും അമ്മേം കൂടി ശണ്ഠ്യാ."

"അതിന്നു ചന്ദ്രശേഖരൻനായര് കുട്ടീടെ അച്ഛനല്ലാത്രേ."

"എന്തു്?"—അവൾക്കു മനസ്സിലായില്ല.

"ന്റെ അമ്മ വടക്കേതിലെ പാറുകുട്ട്യേമോട് പറേണു് കേട്ടതാ."

"പിന്നെ ആരാട്യാ? ഉണ്ണികൃഷ്ണന്റൊ അച്ഛനാ?"

അവൾക്കു ദേഷ്യം പിടിച്ചു. ഉണ്ണികൃഷ്ണനു് അസൂയയാണു്. തന്റെ അച്ഛൻ വലിയ തറവാടിയായതുകൊണ്ടുള്ള അസൂയ.

"കുട്ടീടെ ശരിക്കുള്ള അച്ഛൻ ഏതോ തണ്ടാനാത്രേ."

"ഉണ്ണികൃഷ്ണന്റ്യാണു്."

അവൾക്കു സഹിക്കാൻ കഴിഞ്ഞില്ല. അവൾ പുസ്തകസഞ്ചി നിലത്തിട്ടു് ഉണ്ണികൃഷ്ണന്റൊ മേൽ ചാടി വീണു. അവനെ മാന്തുകയും കടിക്കുകയും ചെയ്തു. ഉണ്ണികൃഷ്ണനും വിട്ടില്ല. അവൻ അവളുടെ തലയ്ക്കു കൈ മടക്കി കിഴക്കിയിട്ടു് ഓടി. അവൾ കരഞ്ഞുകൊണ്ടു പിന്നാലെയും........

വീട്ടിലേയ്ക്കു കരഞ്ഞുകൊണ്ടോടുമ്പോൾ അവൾ ഓർത്തതു തൻെറ അച്ഛനെപ്പററിമാത്രമായിരുന്നു. വീട്ടിൽ ചെന്നാൽ ഉടനെ അമ്മയോടു ചോദിക്കണം.

വീട്ടിലെത്തിയപ്പോൾ ഉമ്മറത്താരുമുണ്ടായിരുന്നില്ല. അവൾ നേരെ കിടപ്പുമുറിയിലേയ്ക്കു ചെന്നു. അമ്മ അപ്പോഴും കട്ടിലിൽ കിടക്കുകയായിരുന്നു.

"അമ്മേ........!"

"ഉം........"

അവൾ കട്ടിലിൽ ചെന്നിരുന്നു.

"അമ്മേ, ഉണ്ണികൃഷ്ണൻ പറ്യാണ് ൻെറ അച്ഛൻ ഏതോ തണ്ടാനാന്ന്."

അമ്മ കട്ടിലിൽനിന്നു കുടഞ്ഞെഴുന്നേററു. മറുപടിയൊന്നും പറയാതെ അവളെ മാറോടണച്ചു പിടിക്കുകമാത്രം ചെയ്തു. അപ്പോൾ അമ്മയുടെ കണ്ണുനീർ അവളുടെ നെററിയിൽ ഇററിററുവീണു.

അവൾ അമ്മയുടെ പിടിയിൽനിന്നു കുതറിമാറി. അച്ഛനോടുതന്നെ ചോദിച്ചുകളയാം. കോണിപ്പടികൾ കയറി മുകളിലേയ്ക്കു ചെന്നു.

ചാരുകസേരയിൽ അച്ഛനുണ്ടായിരുന്നില്ല. മുറിയിൽ കടന്നു കട്ടിലിൽ നോക്കി. അവിടെയുമില്ല. എവിടെപ്പോയി?

അപ്പോഴാണ് മേശപ്പുറത്ത് അച്ഛൻെറ തോൽപ്പെട്ടിയില്ലെന്നവൾ ശ്രദ്ധിച്ചത്. ചുമരിൽ ആണിയിൽ കൊളുത്തിയിടാറുള്ള ചട്ടത്തൊപ്പിയുമില്ലായിരുന്നു.

അവൾ തിരിഞ്ഞു നടന്നു. കോണിപ്പടികളിറങ്ങുമ്പോൾ അമ്മ താഴെ നില്ക്കുന്നതവൾ കണ്ടു. അമ്മയുടെ കണ്ണുകൾ വീർത്തു കലങ്ങിയിരുന്നു. കരഞ്ഞതുകൊണ്ടായിരിക്കാം.

"അമ്മേ........"

അമ്മ അവളെ വാരിയെടുത്തു പൊട്ടിക്കരഞ്ഞു. അപ്പോൾ അവൾക്കു് ഒന്നുംതന്നെ ചോദിക്കാൻ കഴിഞ്ഞില്ല. അമ്മയുടെ മാറത്തു മുഖമമർത്തി അവളും തേങ്ങിക്കരഞ്ഞുപോയി.........

# ഈ കാലഘട്ടത്തിൻെറ മനഃസാക്ഷി

വളഞ്ഞു വളഞ്ഞു പോകുന്ന കോണിയിലൂടെ സാവധാനം ചവുട്ടിക്കയറി നാലാമത്തെ നിലയിലെത്തണം. ലിഫ്റ്റ് കേടുവന്നിരിക്കുന്നതുകൊണ്ടു കോണിയിലൂടെ കയറിയേ തീരൂ. അല്ലെങ്കിൽ ബോർഡിൽ കയറിനിന്നു സ്വിച്ചമർത്തിയാൽ മതി. ഒരു നിമിഷത്തിനുള്ളിൽ എത്തിക്കഴിഞ്ഞു.

കോണിപ്പടികൾക്കിടയിലൂടെ കീഴോട്ടു നോക്കിയപ്പോൾ വിഷമം തോന്നി. ഒരു ഭാഗത്തു കുത്തനെ ഉയർത്തിനിർത്തിയ ഇരുമ്പുതൂണിൽ ഘടിപ്പിച്ച പടികളിലൂടെയാണു് കയറുന്നതു്. കാൽ സ്വല്പമൊന്നു തെററിയാൽ താഴെ വീണുപോയേയ്ക്കും. എങ്കിൽ—

തലയാകെ തകൻ ഛിന്നഭിന്നമാകും. തലച്ചോറു നിലത്തു ചിതറിവീഴും. മുഖം കണ്ടാൽ തിരിച്ചറിയുകയില്ല. കൈകാലുകൾ ഒടിഞ്ഞു ബന്ധമററേയ്ക്കും.

ഇതിൽ അസാധാരണമായി എന്തെങ്കിലുമുണ്ടോ? ദിനംപ്രതി ലക്ഷക്കണക്കിൽ മനുഷ്യജീവികൾ പുഴുക്കളെപ്പോലെ മരിച്ചുവീഴുന്നു. ദുർഘടമരണങ്ങളും സാധാരണമരണങ്ങളുമല്ല—

മനുഷ്യൻ കരുതിക്കൂട്ടി തന്റെ സഹജീവികളെ ചുട്ടെരിക്കുകയും കഴുത്തറുക്കുകയും ചെയ്യുക; മുൻകൂട്ടി പരിപാടി ആസൂത്രണം ചെയ്തു്, കണക്കുകൂട്ടി ലക്ഷക്കണക്കിൽ മനുഷ്യരെ ഒരേ ഒരടിയിൽ കൊല്ലുക. നാഗസാക്കിയിലും ഹിരോഷിമയിലും എത്രയെത്ര നിസ്സഹായരായ മനുഷ്യജീവികൾ ഞൊടിയിടയ്ക്കുള്ളിൽ വെന്തു ചാമ്പലായി.

അല്ല, ചാമ്പലാക്കി........!

മരിക്കുക എന്ന പ്രകൃതിനിയമത്തെ മനുഷ്യൻ വെല്ലുവിളിച്ചിരിക്കുകയാണു്. സംഹാരശക്തി പ്രകൃതിയിൽനിന്നു തന്നിലേയ്ക്കു മനുഷ്യൻ ആവാഹിച്ചിരിക്കുന്നു.

ഇളംനീലച്ചായം പൂശിയ ആഫീസുമുറിയിൽ കോട്ടും ടൈയും ധരിച്ച മറ്റൊരു മനുഷ്യജീവി സ്ഥലമുറപ്പിക്കും. സ്റ്റീൽ കാബിനററിൽ അടച്ചുവെച്ച ഫയലുകൾ പരതി അയാളും എഴുത്തുകൾ പറഞ്ഞുകൊടുക്കും. ചുണ്ടുകളിൽ ലിപ്സ്റ്റിക്കും നഖങ്ങളിൽ ക്യൂറെക്സും ബോബ് ചെയ്ത ചെമ്പൻമുടിയുമുള്ള ആംഗ്ലോ ഇന്ത്യൻ 'ബോഃൺഡ്' കൃത്രിമമായ പുഞ്ചിരിയോടെ എഴുതിയെടുക്കുകയും ചെയ്യും. വൈകുന്നേരം നാലുമണിക്കു ചായപ്പാത്രങ്ങൾ ശിപായിയെക്കൊണ്ടെടുപ്പിച്ചു് അവൾ കടന്നുവരും. അരുകിലുള്ള ചൂരൽകസേരയിൽ കാലുകൾ

പിണച്ചിരുന്നു ചായയുണ്ടാക്കിക്കൊടുക്കുമ്പോൾ അവളുടെ വടിവൊത്ത തുടകൾ പകുതിയിലേറെ ഫ്രോക്കിന്റെ പുറത്തായിരിക്കും. നഗ്നമായ വെളുത്ത കൈത്തണ്ടയിൽ അയാൾ അലസമായിത്തടവുമ്പോൾ അവൾ ഒന്നും സംഭവിക്കുന്നില്ലെന്ന മട്ടിൽ കുനിഞ്ഞിരുന്നു ചായ മോന്തുകയായിരിക്കും........

കാക്കി യൂനിഫോറവും വെളുത്ത തൊപ്പിയും ധരിച്ച ശിപായി അഭിവാദ്യം ചെയ്തു. അപ്പോഴാണു് മുകളിലെത്തിക്കഴിഞ്ഞുവെന്നോർത്തതു്. 'ബ്രീഫ്കേസ്' ശിപായിയെ ഏല്പിച്ചു ടൈ വലിച്ചുമുറുക്കി മുന്നോട്ടു നടന്നു. പോളിഷ് ചെയ്തു മിനുക്കിയ നിലത്തിലൂടെ ടപ്പ് ടപ്പ് എന്ന താളാത്മകമായ ശബ്ദത്തോടെ നടന്നുപോകുമ്പോൾ കാലിലിട്ടിരുന്ന ചെരുപ്പു വേദന സഹിക്കവയ്യാതെ ഞരുങ്ങി........

"ഗുഡ്മോണിങ്ങ്, സർ"—വാതിൽ തുറന്നുപിടിച്ചുകൊണ്ടു മിസ്സ് ഷർലി പറഞ്ഞു.

"മോണിങ്ങ്"

"ഡയറക്ടർ സംസാരിക്കാനാഗ്രഹിക്കുന്നു. ഇന്നു് എന്നോടു് അങ്ങോട്ടു പണിക്കു ചെല്ലാൻ പറഞ്ഞിരിക്കുകയാണു്."

അയാൾ അവളെ നോക്കി. ഇളംചുകപ്പുനിറത്തിലുള്ള നേരിയ സില്ക്ക്ഫ്രോക്ക്. ഉരുണ്ടുനില്ക്കുന്ന വക്ഷോജങ്ങളും വെളുത്തു കൊഴുത്ത തുടകളും മിക്കവാറും പുറത്തു കാണാം.

"പൊയ്ക്കോളു. ഞാൻ സംസാരിച്ചുകൊള്ളാം."

ടെലിഫോൺ എടുത്തു ഡയൽ ചെയ്തു. സംസാരിച്ചതിനുശേഷം കോളിങ്ങ്ബെല്ലിന്റെ സ്വിച്ചമർത്തി.

മിസ്സ് ആനി ഷോർട്ട്ഹാൻഡ് പുസ്തകവും പെൻസിലുമായി കടന്നുവന്നു. അവൾക്കു പറഞ്ഞുകൊടുത്ത ഓഫീസ് ഓർഡറിന്റെ ചുരുക്കമിതായിരുന്നു—"മിസ്സ് ഷർലിക്ക് ഇന്നുമുതൽ എഴുപത്തഞ്ചുറുപ്പിക ഇൻക്രിമെൻറ് അനുവദിച്ചിരിക്കുന്നു."

മിസ്സ് ആനി അർത്ഥഗർഭമായ പുഞ്ചിരിയോടെ പുറത്തേയ്ക്കു കടന്നുപോയപ്പോൾ അയാൾ ആരോടെന്നില്ലാതെ പറഞ്ഞു—"നോൺസെൻസ്."

സ്ലേറ്റുനിറത്തിലുള്ള കർട്ടൻ രണ്ടു വശത്തേയ്ക്കും വലിച്ചു നീക്കിയിട്ടു കസേരയിലിരുന്നു. പിൻജനാലിലൂടെ പുറത്തേയ്ക്കു നോക്കിയാൽ തിരക്കുപിടിച്ച റോഡും അതിന്റെ പിന്നിലുള്ള ഒഴിഞ്ഞ മൈതാനവും കാണാം. റോഡിന്റെ ഇരുവശത്തും വെൺചാരനിറമുള്ള കൊച്ചു കെട്ടിടങ്ങളാണ്. നാലു കൊല്ലങ്ങൾക്കുമുമ്പു വേശ്യകളുടെ വാസസ്ഥലങ്ങളായിരുന്നു അവയെന്ന് അയാളോർത്തുപോയി. അവയുടെ കൊച്ചു ജനാലകൾക്കിടയിലൂടെ കാമാസക്തനായ മനുഷ്യന്റെ ബീഭത്സരൂപം ഒരുപാടു തവണ കണ്ടതാണ്. ആദ്യമൊക്കെ അങ്ങോട്ടെത്തിനോക്കാൻ വല്ലാത്തൊരാകാംക്ഷയായിരുന്നു. പിന്നെപ്പിന്നെ വെറുപ്പായി. വെറുപ്പു മാഞ്ഞു സഹാനുഭൂതിയായി.......

കാററും വെളിച്ചവും കടക്കാത്ത ആ മുറിക്കുള്ളിൽ ദിനരാത്രം കത്തിക്കൊണ്ടിരിക്കുന്ന ചുകന്ന വെളിച്ചത്തിൽ, കയററുകട്ടിലിൽ മലർന്നുകിടന്നു യാന്ത്രികമായി പൈജാമയുടെ ചരടഴിക്കുന്ന വെളുത്തു മെലിഞ്ഞ ആ കൊച്ചുപെണ്ണും ഉപഭോക്താക്കളെ മാടിവിളിക്കാൻവേണ്ടി വരാന്തയിൽ ചമ്രംപടിഞ്ഞിരിക്കുന്ന തള്ളയും ഇന്ന് എവിടെയായിരിക്കും? മഹിളാലയങ്ങളിൽ പണിയെടുത്തു ജീവിക്കുകയായിരിക്കുമോ? അതോ—

റോഡരുകിലുള്ള മരത്തിൻെറ തണലിൽ വലിയ വലിയ നീലപ്പൂവുകളുള്ള നൈലോൺസാരി ചുററി തലമുടി വട്ടത്തിൽ കെട്ടിവെച്ച ഒരു പെൺകുട്ടി നില്ക്കുന്നതയാളുടെ ശ്രദ്ധയിൽ പെട്ടു. ഇടതടവില്ലാതെ നീങ്ങിക്കൊണ്ടേയിരിക്കുന്ന ഈ ലോകത്തിൽ അവൾമാത്രമെന്തേ ഇത്രയും അലസയായി നില്ക്കാൻ? അപ്പോൾ, നിലംപതിഞ്ഞൊഴുകിപ്പോകുന്ന ഒരു കാർ വന്ന് അവളുടെ അരുകിലായി നിന്നു. അവൾ കാറിൻെറ അരുകിലേയ്ക്കു നടന്നുചെന്നു രണ്ടു നിമിഷം സംസാരിച്ചതിന്നുശേഷം കാറിൽ കടന്നിരുന്നു. കാർ വന്നപോലെത്തന്നെ മുന്നോട്ടൊഴുകിപ്പോകുകയും ചെയ്തു........

ഈ നാട്ടിൽ വ്യഭിചാരം നിയമവിരുദ്ധമാണെന്നോർത്തപ്പോൾ അയാൾ ചിരിച്ചുപോയി.

ശിപായി ഒരു കടലാസുതുണ്ടുമായി അകത്തേയ്ക്കു കടന്നുവന്നു—“മിസിസ്സ് ചരൺദാസ്.”

“അകത്തേയ്ക്കു വരാൻ പറയൂ.”

സുന്ദരിയായൊരു ചെറുപ്പക്കാരി അകത്തേയ്ക്കു കടന്നുവന്നു.

"ഇരിക്കൂ."

"ഞാനാണു് മിസിസ്സ് ചരൺദാസ്. നിങ്ങളിന്നലെ ആപ്പീസിൽനിന്നു പിരിച്ചുവിട്ട ചരൺദാസിൻെറ ഭാര്യ."

"എനിക്കു നിങ്ങൾക്കുവേണ്ടി എന്തു ചെയ്യാൻ കഴിയും?"

"ഞങ്ങൾക്കു രണ്ടു കൊച്ചുകുട്ടികളുണ്ടു്. കൂടാതെ സുഖക്കേടുകാരായ അച്ഛനും അമ്മയും. വേറെ വരുമാനമൊന്നുമില്ല. അതുകൊണ്ടു ദയവുചെയ്തു് അദ്ദേഹത്തെ തിരിച്ചെടുക്കണം."

"പക്ഷേ അയാൾ വല്ലാത്ത തെററു ചെയ്തുപോയിരിക്കുന്നു. തിരിച്ചെടുക്കാൻ കഴിയുമെന്നു തോന്നുന്നില്ല."

ഒരു നിമിഷനേരം അവൾ നിശ്ശബ്ദയായി ഇരുന്നു. എന്നിട്ടു കണ്ണുകളുയർത്തി അയാളെ നോക്കി പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "എങ്ങനെയെങ്കിലും തിരിച്ചെടുക്കണം സാർ. ഇന്നു രാത്രി ഞാൻ നിങ്ങളുടെ കൂടെ കഴിക്കാം."

വല്ലാത്ത വിമ്മിഷ്ടം തോന്നി. മേശപ്പുറത്തു കിടക്കുന്ന പെൻസിൽ തിരുപ്പിടിച്ചുകൊണ്ടു നിശ്ശബ്ദനായി ഇരുന്നു.

"പോരെങ്കിൽ നാളെ രാത്രിയും സാർ."

"നിങ്ങൾ കടന്നു പുറത്തു പോകുന്നുണ്ടോ? സാധ്യമല്ല. തിരിച്ചെടുക്കാൻ സാധ്യമല്ല." അതൊരലർച്ചയായിരുന്നു.

അവൾ നിശ്ശബ്ദയായി എഴുന്നേററു പുറത്തേയ്ക്കു പോയി.

ഫാൻ കറങ്ങുന്നുണ്ടെങ്കിലും അയാൾക്കു് അസഹനീയമായ ഉഷ്ണം തോന്നി. നെററിയിൽ വിയർപ്പുതുള്ളികൾ കിനിഞ്ഞുനിന്നു.

കസേരയിൽനിന്നെഴുന്നേററു ജനാലക്കീറുകൾ തുറന്നുവെച്ചു. അപ്പോൾ ഡയറക്ടർ കാർ ഡ്രൈവുചെയ്തു പോകുന്നതയാളുടെ ദൃഷ്ടിയിൽ പെട്ടു. മുൻസീററിൽ മിസ്സ് ഷർലി ചാരിക്കിടന്നിരുന്നു. ഡയറക്ടറുടെ ഇടത്തുകൈ അവളുടെ മടിയിൽ വിശ്രമിക്കുകയായിരുന്നുവോ?

കസേരയിൽ വന്നിരുന്നു കാൽ മുന്നോട്ടു നീട്ടിവെച്ചു. വല്ലാത്ത ക്ഷീണം തോന്നി. കൈകാലുകളൊക്കെ പൊട്ടിവീഴുന്നപോലെ. ഈ വീർപ്പുമുട്ടിക്കുന്ന അന്തരീക്ഷത്തിൽനിന്നു് എങ്ങനെയെങ്കിലും രക്ഷപ്പെട്ടാൽ മതിയെന്ന തോന്നൽ.

റോഡിൻെറ അപ്പുറത്തുള്ള മൈതാനത്തിൽ തിങ്ങിക്കൂടിയ ജനക്കൂട്ടം അയാളുടെ ശ്രദ്ധയിൽ പെട്ടു. കസേരയിൽ ചാരിയിരുന്നുകൊണ്ടു് അയാൾ നോക്കിയിരുന്നു. എന്താണു്........?

തിരക്കൊഴിഞ്ഞപ്പോൾ രക്തത്തിൽ കുളിച്ച ഒരു ശവശരീരം പോലീസിൻെറ അകമ്പടിയോടെ താങ്ങി

ക്കൊണ്ടുപോകുന്നതു കണ്ടു. കസേരയിൽ തല ചായ്ച്ച കണ്ണടച്ചുകൊണ്ടയാളിരുന്നു. ശൂന്യതയുടെ ലോകത്തിലേയ്ക്കു വഴുതിവീഴാൻ കഴിഞ്ഞെങ്കിൽ........!

ടെലിഫോൺ അടിക്കുന്ന ശബ്ദം കേട്ടാണു് കണ്ണു തുറന്നതു്.

"ആരാണു്?"

"ഞാനാണു്. ഡെപ്യൂട്ടിഡയറക്ടർ."

"ഗുഡ്മോണിങ്ങ് സാർ. എന്താ വിശേഷിച്ചു്?"

"നിങ്ങൾ ചരൺദാസിനെ തിരിച്ചെടുത്തേയ്ക്കൂ."

"എടുക്കാം, സാർ."

ടെലിഫോൺ താഴെ വെച്ചു് അയാൾ പൊട്ടിച്ചിരിച്ചു. സന്തോഷത്തോടെയല്ലാ, വേദനയോടെ.

മേശയുടെ വലിപ്പു തുറന്നു കടലാസെടുത്തു് ഒരു രാജിക്കത്തെഴുതി. പക്ഷേ എങ്ങനെയാണു് രാജി വെയ്ക്കുക; എവിടെനിന്നാണു് രാജി വെയ്ക്കുക.......?

അപ്പോൾ, ചുമരിലെരിയുന്ന വിളക്കിന്റെ ചിമ്മിനിയിലേയ്ക്കു് ഒരു പാററ വീഴുന്നതയാൾ കണ്ടു. നിമിഷത്തിനുള്ളിൽ അതെരിഞ്ഞു ചാമ്പലായേയ്ക്കും. അതിനെ രക്ഷിക്കാൻ കഴിഞ്ഞെങ്കിൽ........!

കസേര ചുമരിന്നരികിലേയ്ക്കു നീക്കിയിട്ടു് അയാളതിന്മേൽ കയറി, ചിമ്മിനി പൊക്കി പാററയെ എടുത്തു പുറത്താക്കി. അപ്പോൾ വേറൊരു പാററ അതിനുള്ളിലേയ്ക്കു പറന്നുവീണു. അതിനുപിറകെ പിന്നെയും

പാററകൾ. ഒന്നല്ല, പത്തല്ല, നൂറുകണക്കിൽ പാററകൾ........!

പോരാ, വരിവരിയായി ആയിരക്കണക്കിൽ പാററകൾ. എല്ലാം ചത്തുവീഴുകയാണു്.

അയാളുടെ കണ്ണുകൾ മഞ്ഞളിച്ചുപോയി. കാലുകൾ ഇടറുകയാണോ? ചുമരിൽ പൊത്തിപ്പിടിച്ചു് അയാൾ താഴോട്ടിറങ്ങാൻ ശ്രമിച്ചു.

അപ്പോൾ ജനാലയുടെ ചില്ലുകൾ തകൎന്നു നിലത്തു വീണു. ആ ശബ്ദം കേട്ടു് അയാൾ ഞെട്ടിപ്പോയി. ഈ ലോകത്തിലെ മനുഷ്യസമൂഹം മുഴുവൻ ചുററും കൂടി നിന്നു ചിരിക്കുകയാണോ?

ജനലഴികൾക്കിടയിലൂടെ വെളുത്തു കനത്ത പുക അകത്തേയ്ക്കു കടന്നുവന്നു. മുറിയിലാകെ പുക നിറഞ്ഞു. എന്നിട്ടും നില്ക്കുന്നില്ല. ജനാലയിലൂടെ പുക തള്ളിക്കയറുകയാണു്. എവിടെനിന്നാണിതു വരുന്നതു്........?

ചുമരിൽ പിടിച്ചു താഴെ ഇറങ്ങി. കട്ട പിടിച്ചു പുക കണ്ടപ്പോൾ അങ്ങകലെ എവിടെയോ നടത്തുന്ന അണുബോംബുപരീക്ഷണമാണെന്നയാളോർത്തു്. ഭൂതാകാരം പൂണ്ട ഈ പുകയെന്താണു്?

വേച്ചു വേച്ചു ജനാലയോളം നടന്നുചെന്നു. എന്നിട്ടു ജനവാതിൽ കൊട്ടിയടച്ചു. പക്ഷേ പ്രയോജനമില്ല. പുക അകത്തേയ്ക്കു തള്ളിക്കയറുകതന്നെ ചെയ്തു. ചില്ലുകൾ ആകെ പൊട്ടിവീണുകഴിഞ്ഞിരുന്നു.

അയാൾക്കു ശ്വാസംമുട്ടുന്നപോലെ തോന്നി. കണ്ണുകൾക്കു മുന്നിൽനിന്നു പുക മാററാൻ ഒരു വൃഥാശ്രമം ന

ടത്തി. ഒന്നും കാണാൻ കഴിയുന്നില്ല. ആകെ ഇരുട്ടായിരുന്നു. കൂറാക്കൂരിരുട്ട്. ശ്വാസം കഴിക്കാൻ വയ്യാ. ശരീരമാകെ കുഴയുകയാണ്........

ശിപായി മുറിയിലേയ്ക്കു കടന്നുവന്നപ്പോൾ അയാൾ മുറിയിൽ ബോധംകെട്ടു കിടക്കുകയായിരുന്നു. അവൻ അയാളെ പൊക്കി മേശമേൽ കിടത്തി. ഇനി ബോധം വീണ്ടുകിട്ടുമോ........?

KOTTAYAM PUBLIC LIBRARY
KOTTAYAM.

# വേദനകൾ

ആംബുലൻസിൽനിന്നു് ഇറങ്ങിയപ്പോൾ എന്തെന്നില്ലാത്തൊരു വല്ലായ്മയാണനുഭവപ്പെട്ടതു്. ഇന്നലെ വരെ യാതൊരു പന്തികേടുമുണ്ടായിരുന്നില്ല. ഇന്നിള കാൻ വയ്യ. പെട്ടന്നു വയററിൻെറ മൂലയിലൊരു വേദന. വേദനയെന്നു പറഞ്ഞാൽ എരിപൊരികൊള്ളുന്ന വേദന.

ഭീമാകാരമായ ആസ്പത്രി, 'ഇതാ വന്നോളു, ഞാൻ വിഴുങ്ങാൻ തയ്യാറാണു്' എന്ന ഭാവത്തോടെ നില്ക്കുന്നു. വയററത്തു കൈ അമത്തിവെച്ചു ഞാനതിന്നുള്ളിലേയ്ക്കാണു് നടക്കുന്നതു്.

"എൻെറ ചുമലിൽ പിടിച്ചോളു സാർ"—കൂടെ നടന്നിരുന്ന കാക്കി യൂനിഫോറമിട്ട വാർഡ്ബോയാണു് പറഞ്ഞതു്. എനിക്കവൻെറ മുഖത്തു മുഷ്ടിചുരുട്ടി ഒരിടി വെച്ചുകൊടുക്കാൻ തോന്നി. നിസ്സഹായരായ മനുഷ്യരുടെ മേൽ സഹതാപം ചൊരിയാൻ തയ്യാറായിനില്ക്കു

ന്ന ഒരു കൂട്ടം ആളുകഠം! വേദന എങ്ങനെയെങ്കിലും സഹിച്ചുകളയാമെന്നുണ്ടു്. പക്ഷേ നിസ്സഹായനെന്നു മുദ്രയടിച്ചുവിടുന്ന സഹതാപപ്രകടനങ്ങളുണ്ടല്ലോ, അതാണു് സഹിക്കവെയ്യാത്തതു്.

ഉമ്മറത്തു തയ്യാറായിനില്ക്കുന്ന ട്രോളിയിലേയ്ക്കു പിടിച്ചുകിടത്തി. വീതിയില്ലാത്ത ഇടവഴിയിലൂടെ ട്രോളി നീങ്ങിയപ്പോഠം ഇരുവശത്തുമുള്ള വാർഡുകളിൽനിന്നു വേദനകൊണ്ടു ഞരങ്ങുന്ന ശബ്ദം കേഠംക്കാമായിരുന്നു.

വരിവരിയായി ബെഡ്ഡുകഠം വിരിച്ചിട്ട ഒരു വാർഡിന്നുള്ളിൽ ട്രോളി ചെന്നുനിന്നു. കട്ടിലുകഠം തികയാത്തതുകൊണ്ടു നിലത്തു വിരിച്ചിട്ട കിടയ്ക്കുകളിൽ രോഗികഠം കിടക്കുന്നു. വ്രണങ്ങളുടെയും അതിൽനിന്നൊലിക്കുന്ന ചലത്തിൻെറയും വാട്ടമണം തുളച്ചുകയറുന്നുണ്ടു്. വേദനിക്കുന്നവക്കു് ആശ്വാസം നല്കേണ്ട ആശുപത്രിയുടെ അന്തരീക്ഷം ഇത്ര ദുസ്സഹമാണോ?

"ദാ, ഇതിലേയ്ക്കു കയറിക്കിടന്നോളു"—ഒഴിഞ്ഞു കിടക്കുന്ന കട്ടിൽ ചൂണ്ടിക്കാണിച്ചുകൊണ്ടു നേഴ്സ് പറഞ്ഞു.

അവരെൻെറ കൈ പിടിച്ചു കട്ടിലിലേയ്ക്കു കയറാൻ സഹായിച്ചു. ബെഡ്ഡിലേയ്ക്കു നോക്കിയപ്പോഠം അമ്പു തോന്നി. വിരിയിൽ അങ്ങിങ്ങായി ചോരയുടെ പാടുകളായിരുന്നു!

"സിസ്റ്റർ ഈ വിരി മാററിയിട്ടില്ലെന്നു തോന്നുന്നു."

"ഉണ്ടു്. നിങ്ങഠം കയറിക്കിടന്നുകൊള്ളൂ."

"എങ്കിൽ ഈ ചോര കാണില്ലല്ലോ?"—ഞാൻ വയറമർത്തിപ്പിടിച്ചുകൊണ്ടു പറഞ്ഞു. വേദന വർദ്ധിക്കുകയാണ്.

"ഇതു ചോരയൊന്നുമല്ല. കറയാണ്."

"ആണോ? എനിക്കു സുഖക്കേടു കണ്ണിന്നല്ല. ഈ വിരിയൊന്നു മാററിയിട്ടു."

അവൾ എന്നെ രൂക്ഷമായൊന്നു നോക്കി.

"ഹേ വാർഡ്ബോയ്....!"

"ജീ...."—ഒരു കാക്കിയുടുപ്പുകാരൻ ഹാജർ കൊടുത്തു.

"ഇയാൾക്കു് ഈ വിരിയൊന്നു മാററിക്കൊടുക്കുത്തേക്കു."—പ്രകടമായ അവജ്ഞയോടെ അവൾ നടന്നുപോയി........

കാക്കിയുടുപ്പുകാരൻ എന്നെ താങ്ങി കട്ടിലിൽ കിടത്തി. പൊക്കിവെച്ച തലയിണയിൽ തലചായ്ചു കിടന്നപ്പോൾ വരിവരിയായി കിടക്കുന്ന രോഗികളെ കണ്ടു. നീണ്ട വാർഡാണ്. കുറയേറെ രോഗികളുണ്ടാവണം. ആരെയും തിരിച്ചറിയാൻ വയ്യ. ചുകന്ന ബ്ളാങ്കററുകൾമാത്രം പൊങ്ങിയും താഴ്ന്നും കിടക്കുന്നു.

വയറിൻെറ മൂലയിൽനിന്നു വേദന വീണ്ടും നീറിപ്പിടിക്കുകയാണ്. കമിഴ്ന്നുകിടന്നേയ്ക്കാം. എങ്കിൽ കുറച്ചൊരാശ്വാസം കിട്ടിയേയ്ക്കും. കട്ടിലിൻെറ തണ്ടിൽ പിടിച്ചു വലത്തോട്ടു ചെരിഞ്ഞു—

ഹാവൂ, ഈ കട്ടിലിക്കെന്താണ്? ശരീരമാകെ ഉണങ്ങി ശോഷിച്ചിരിക്കുന്നു. പക്ഷേ മുഖം വീർത്തു വിങ്ങിയി

തിക്കുകയാണു്. മൂക്കും കണ്ണും വായയുമൊന്നും തിരിച്ചറിയാൻ കഴിയുന്നില്ല. കവിൾ പൊട്ടി ദുർഗന്ധം വമിക്കുന്ന ചലം കിടക്കയിലേയ്ക്കൊഴുകുന്നു. റബ്ബർപ്പന്തും കളിപ്പാട്ടങ്ങളുമായി ഓടിനടക്കേണ്ട പ്രായത്തിൽ ഈ കുട്ടിക്കെന്തു പററിപ്പോയി? അധികനേരം ആ രംഗം നോക്കി കിടക്കാനെനിക്കു കഴിഞ്ഞില്ല. കണ്ണു ചിമ്മി. അപ്പോൾ സന്ധ്യാസമയത്തു് എൻെറ വലിയമ്മ പ്രാർത്ഥിക്കാറുള്ളതാണോർമ്മ വന്നതു്—"ഗുരുവായൂരപ്പാ, ദാരിദ്ര്യദുഃഖം തന്നാലും രോഗങ്ങളൊന്നുമുണ്ടാകരുതേ." അതിൻെറ പൊരുൾ എനിക്കു ശരിക്കും മനസ്സിലായതിന്നാണു്.

എൻെറ കട്ടിലിന്നു കീഴെ നിലത്തുകിടന്നു് ഒരു മധ്യവയസ്കൻ ഞരങ്ങുകയാണു്. കട്ടിലിലേയ്ക്കു പ്രമോഷൻ കിട്ടാത്ത നിർഭാഗ്യവാനാണു്. ഒരു കട്ടിൽ കിട്ടാൻ ഇവിടെ ശുപാർശ വേണം. അല്ലെങ്കിൽ കൈമടക്കു കൊടുക്കാൻ പണം വേണം. ഈ മനുഷ്യനു് അതു രണ്ടുമുണ്ടാകുകയില്ല. എങ്കിൽ നിലത്തു കിടന്നോളൂ.

"എന്താണു് വയറുവേദനയാണോ?"

ആണെന്നയാൾ തലയാട്ടി. "ചൂടുവെള്ളം പിടിക്കുന്നില്ലേ?"

"ഇല്ല."

"ചൂടുവെള്ളത്തിൻെറ സഞ്ചി അരികത്തില്ലേ?"

ഇല്ലെന്നയാൾ വീണ്ടും തലയാട്ടി.

ആസ്പത്രിയിൽ വയറുവേദനക്കാരന്നു ഹോട്ട്‌വാട്ടർ ബാഗില്ല! അങ്ങുകലെ മരുന്നുകൾക്കടുത്തു നേഴ്സും

ഡോക്ടരും നില്ക്കുന്നുണ്ടു്. ഞാൻ കയ്യുയർത്തി അവരെ വിളിച്ചു. നേഴ്സ് ഗൗരവം നിറഞ്ഞ മുഖഭാവത്തോടെ നടന്നുവന്നു.

"എന്താ?"

"ഇയാൾക്കു വയറുവേദനയാണു്. ഒരു ഹോട്ട് വാട്ടർബാഗ് കൊടുക്കു."

"അതു ഞങ്ങൾക്കറിയില്ലേ? നിങ്ങൾ നിങ്ങളുടെ കാര്യം നോക്കിയാൽ മതി"—അവൾ തിരിഞ്ഞു നടന്നു കഴിഞ്ഞു.

ഞാൻ നിശ്ശബ്ദനായി മേലോട്ടു നോക്കിക്കിടന്നു. ശരിയല്ലേ, ഞാനെന്തിന്നു മററുള്ളവരുടെ കാര്യത്തിൽ തലയിടാൻ പോകുന്നു?

"സർ, സമയമെത്രയായി?"

എൻെറ ഇടത്തുവശത്തു കട്ടിലിൽ കിടക്കുന്ന ചെറുപ്പക്കാരനാണു്. മുട്ടുകൾക്കു കീഴെ രണ്ടു കൈകളുമില്ലാത്ത ഒരു മുപ്പതുകാരൻ. കുണ്ടിൽ പോയ കണ്ണുകളും ഒട്ടിയ കവിളും മുഴച്ചുനില്ക്കുന്ന താടിയെല്ലുകളും. ദുഃഖം രൂപംകൊണ്ടു നില്ക്കുന്നതാണോ ആ മുഖം?

"പന്ത്രണ്ടു്."

ഒരു ദീർഘനിശ്വാസത്തോടെ അയാൾ മലൎന്നു കിടന്നു. എൻെറ മറുപടി അയാൾക്കു പിടിച്ചില്ലെന്നു തോന്നി.

ഹോട്ട്‌വാട്ടർബാഗും സിറിഞ്ചുമായി നേഴ്സ് നടന്നുവന്നു. ബാഗു വയറുവേദനക്കാരൻെറ കിടയ്ക്കയിലിട്ടു്

അവളെന്റെ അരികിലെത്തി. കൈയിന്മേൽ സ്പിരിട്ട തേച്ചുകൊണ്ടു് അലക്ഷ്യമായി പറഞ്ഞു—"വലിയ ശൂ ണ്ഠിക്കാരനാണെന്നു തോന്നുന്നല്ലോ?"

ഞാൻ ഉത്തരം പറഞ്ഞില്ല. എനിക്കു ശുണ്ഠിയു ണ്ടെങ്കിൽ അവൾക്കെന്തു വേണം?

സൂചി ഞരമ്പിൽ കുത്തിയിറക്കി. രക്തം സിറി ഞ്ചിലേയ്ക്കു വന്നപ്പോൾ മരുന്നു സാവധാനം അകത്താട്ട കയററി. എന്നിട്ട സൂചി വലിച്ചെടുത്തു പഞ്ഞികൊണ്ട തിരുമ്മുമ്പോൾ അവൾ പുഞ്ചിരിക്കുകയായിരുന്നു.

"ഇപ്പോൾ വേദനയുണ്ടോ?"

"ഉണ്ടു്."

"അപ്പൻഡിസയററിസ് ആണു് അല്ലേ?"

"ആണെന്നാണു് ഡോക്ടർ പറഞ്ഞതു്."

"ഇളകാതെ കിടന്നോളൂ"—അവൾ പോകാൻവേ ണ്ടി തിരിഞ്ഞു.

"സിസ്റ്റർ."

"എന്താണു്?"

"ഒരു ഹോട്ടവാട്ടർബാഗ്."

"ആക്കാണു്?"

"എനിക്കുതന്നെ."

"ഓ....ഞാൻ മററു വല്ലവക്കമാണെന്നു വിചാരി ച്ചു"—അതു പറഞ്ഞുകൊണ്ടു് അവൾ ഊറിച്ചിരിച്ചു.

ആസ്പത്രിയിലെ ജനറൽ വാർഡിൽ പത്തു ദിവ സം കഴിക്കേണ്ടിവരുന്നതാണു് ഏററവും വലിയ ശിക്ഷ

യെന്നു പറഞ്ഞതാരാണു്? ആരായിരുന്നാലും ഒരു വലിയ വാസ്തവമാണു് ആ മനുഷ്യൻ പറഞ്ഞുവെച്ചതു്. വല്ലാത്ത ദുർഗന്ധം. രോഗികളുടെ ഞരക്കങ്ങളും നിലവിളിയും. വേദനിക്കുന്നവരുടെ ഒരു കൊച്ചുലോകം. ഇതിൽ പങ്കുകൊള്ളാത്ത മൂന്നു പേരേയുള്ളൂ. ഡോക്ടർ, നേഴ്സ്, വാർഡ്ബോയ്. കൊമ്പൻമീശയും കറുത്ത കണ്ണടയുമുള്ള ഡോക്ടർ ഒരു മനുഷ്യപ്പററില്ലാത്തവനാണെന്നു തോന്നുന്നു. പരുപരുത്ത ശബ്ദം. രോഗികളോടും നേഴ്സിനോടുമൊക്കെ ചാടിക്കളിക്കുന്ന സ്വഭാവവും. ഈ മനുഷ്യനു പട്ടാളത്തിലോ മറേറാ ചേരാമായിരുന്നില്ലേ?

"സാർ, മൂന്നു മണിയായോ?"—കൈയുകളില്ലാത്ത ചെറുപ്പക്കാരനാണു്.

"ഇല്ലല്ലോ. രണ്ടു മണിയേ ആയിട്ടുള്ളൂ."

"ഇനിയും ഒരു മണിക്കൂറു കഴിയണം."

ഒരു മണിക്കൂറു കഴിഞ്ഞാൽ എന്താണു്? ശരിതന്നെ, അപ്പോഴാണു് സന്ദർശകന്മാർക്കു വരാനുള്ള സമയം. അയാളെ കാണാൻ ആരെങ്കിലും വരുമായിരിക്കാം. രോഗവിവരമന്വേഷിക്കാൻ ആരെങ്കിലും എത്തുന്നതു വലിയൊരാശ്വാസമാണു്, എന്നെ കാണാൻ ആരെങ്കിലും വരുമോ? ആരു വരാനാണു്?

കുഞ്ഞുമുഹമ്മതുണ്ടെങ്കിൽ വരുമായിരുന്നു. പക്ഷേ അയാളിന്നു കുറെ ദൂരെയാണു്. വിവാഹം കഴിഞ്ഞപ്പോൾ ഇവിടെനിന്നു് എല്ലാം ഇട്ടേച്ചുപോയി. എന്തൊരു മനക്കരുത്തുള്ള മനുഷ്യനായിരുന്നു. പെട്ടന്നു്

ആകെയങ്ങു മാറി. വിവാഹം കഴിഞ്ഞു പോരുമ്പോൾ ഭാര്യയെ കൂടെ കൊണ്ടുപോരാൻ കഴിഞ്ഞില്ല. ഭാര്യയുടെ എഴുത്തു വന്നാൽ അയാളുടെ കണ്ണുകളിൽ വെള്ളം നിറയും. മററുള്ളവരുടെ ഭാര്യമാരെ കണ്ടാൽപ്പോലും കരഞ്ഞുപോകുമെന്ന നില. ഭർത്താവിൽനിന്നു് ഇത്രയും സ്നേഹം ലഭിക്കുന്ന ആ പെൺകുട്ടി എത്ര ഭാഗ്യവതിയാണു്!

ഏകദേശം പത്തു കൊല്ലങ്ങൾക്കുമുമ്പാണു് കുഞ്ഞുമുഹമ്മദിനെ പരിചയപ്പെട്ടതു്. അതിന്നുശേഷം, സ്നേഹിതാ, എത്രയെത്ര സന്ദർഭങ്ങളിൽ എൻെറ വേദനിക്കുന്ന ഹൃദയത്തിന്നു നിങ്ങൾ ആശ്വാസം പകൎന്നുതന്നിട്ടില്ല! ഇന്നും നിങ്ങളെൻെറ അരികത്തുണ്ടായിരുന്നെങ്കിൽ........

സന്ദർശകന്മാൎക്കു വരാനുള്ള മണി മുട്ടി. വാർഡിലേയ്ക്കു സന്ദർശകന്മാർ കഴുകി. ഒരു ചോറിൻപാത്രവുമായി ചെറുപ്പക്കാരിയായ ഒരു സ്ത്രീയും രണ്ടു കുട്ടികളും കടന്നുവന്നു. മൂന്നു മണിയും കാത്തു കിടന്നിരുന്ന ചെറുപ്പക്കാരൻ രണ്ടു ചെവികളും മുട്ടുമാറു നീട്ടി ചിരിച്ചു. അവരാ കട്ടിലിൽ ചെന്നിരുന്നു. കുട്ടികൾ അച്ഛൻെറ മടിയിൽ കയറി. ആ സ്ത്രീ ചോറിൻപാത്രം തുറന്നു ചപ്പാത്തി കഷ്ണം കഷ്ണമായി പൊട്ടിച്ചു് അയാളുടെ വായിൽ വെച്ചുകൊടുത്തു. അപ്പോൾ അയാളുടെ മുഖത്തു നിറയെ വിഷാദവും അവളുടെ മുഖത്തു നിറയെ സംതൃപ്തിയുമായിരുന്നു.

ആ കുടുംബം എൻെറ ദൃഷ്ടിയിൽനിന്നു മെല്ലെ മെല്ലെ മാഞ്ഞുപോയി........

എന്റെ രോഗവിവരമറിയുമ്പോൾ രജനി പരിഭ്രമിച്ചേയ്ക്കും. മോഹാലസ്യപ്പെട്ടമോ? അവൾക്ക് എന്റെ അരികിലേയ്ക്കു വരാൻ കഴിയുമോ? എങ്കിൽ ചൂടുവെള്ളം പിടിക്കുന്നതും മരുന്നു തരുന്നതുമൊക്കെ അവളായിരിക്കും. എന്തൊരാശ്വാസമാണ്. രാത്രി ഉറക്കമിളച്ചിരുന്ന് അവളെന്നെ ശുശ്രൂഷിക്കുക മടിയിൽ തല വെച്ചു സ്വപ്നാത്മകങ്ങളായ ആ കണ്ണുകളിലേയ്ക്കു നോക്കി ഞാൻ കിടക്കും. സഹിക്കവയ്യാത്ത വേദന വരുമ്പോൾ അവളുടെ മൃദുലങ്ങളായ കൈകൾ പിടിച്ചമർത്തും. അപ്പോൾ, രജനീ........ രജനീ........

ഞെട്ടിയുണർന്നപ്പോൾ ഞാൻ നേഴ്സിന്റെ കൈകൾ അമർത്തിപ്പിടിച്ചിരിക്കുകയായിരുന്നു.

"കൈ വിട്ടാട്ടെ." അവൾ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു.

ലജ്ജകൊണ്ട് എനിക്കവളുടെ മുഖത്തു നോക്കാൻ കഴിഞ്ഞില്ല. ഞാൻ തലതിരിച്ചു കിടന്നു.

"ഇപ്പോൾ വേദനയുണ്ടോ?" അവൾ ടർപ്പന്റയിൻ ചേർത്ത ചൂടുവെള്ളം മുക്കിപ്പിടിക്കുകയാണ്.

"വല്ലാതെ."

"ഇതു കഴിഞ്ഞാൽ ഭേദമാകും."

അവൾ ടവ്വൽ അമർത്തിവെച്ചുകൊണ്ടിരുന്നു. അതിനുശേഷം ചൂടുവെള്ളത്തിന്റെ സഞ്ചി വയററത്തു നിവർത്തിവെച്ചിട്ട് അവൾ ചോദിച്ചു: "ഈ രജനി ആരാണ്?"

ഞാൻ പെട്ടെന്നു് ഉത്തരം പറഞ്ഞില്ല.

"കേൾക്കുന്നില്ലേ?"

ഉണ്ടു്, സിസ്റ്റർ. കേൾക്കുന്നുണ്ടു്. മറുപടിയായി എന്താണു് പറയേണ്ടതെന്നു് ആലോചിക്കുകയാണു്.

രജനി —

അവൾ എൻെറ എല്ലാമാണു്. എൻെറ സ്വപ്നവും സങ്കല്പവും യാഥാർത്ഥ്യവും എല്ലാം അവളാണു്. പക്ഷേ സിസ്റ്റർ, എല്ലാം അവസാനിക്കുവാൻ പോകുകയാണു്. ഏറിയാൽ ഒരു മാസത്തിനകം. അതുകൊണ്ടുതന്നെ ദുഃഖാത്മകമായ ഈ ഹൃദയരഹസ്യം ഞാൻ പറയുകയില്ല. പറയരുതെന്നു രജനി എന്നെ വിലക്കുകയും ചെയ്തിരിക്കുന്നു. അവളും ഒരു സ്ത്രീയാണല്ലോ. ഞാൻ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ഒരു പെൺകുട്ടിയാണെന്നു നിങ്ങൾ ധരിച്ചുകൊള്ളൂ.

സ്വപ്നാത്മകങ്ങളായ കണ്ണുകളും നിതംബം മൂടിക്കിടക്കുന്ന തലമുടിയുമുള്ള, വെളുത്തു നീണ്ടു മനോഹരിയായ ആ പെൺകുട്ടിയെ നിങ്ങൾ ഇഷ്ടപ്പെട്ടുപോയേക്കും. നിഷ്കളങ്കത മാറി നില്ക്കുന്ന ആ കണ്ണുകൾക്കു് എന്തൊരു വശ്യശക്തിയാണു്. ഞാൻ അവളെ അറിയാൻ തുടങ്ങിയിട്ടു് ആറിൽച്ചില്ല്വാനം കൊല്ലങ്ങളായി. ഞങ്ങൾ എഴുത്തുകളിലൂടെ വികാരങ്ങളും അഭിലാഷങ്ങളും കൈമാറി. അവയൊക്കെ സാക്ഷാത്കരിക്കപ്പെടുമെന്നു് ആത്മാർത്ഥമായി വിശ്വസിക്കുകയും ചെയ്തു. വിശ്വാസം നിങ്ങളെ രക്ഷിക്കുമെന്നു പറഞ്ഞതു കള്ളമാണു്, പച്ചക്കള്ളം.

ഇരുപത്തിരണ്ടു വയസ്സായ അവളെ അവിവാഹിതയായി ജീവിക്കാൻ രക്ഷിതാക്കന്മാർ സമ്മതിക്കുകയില്ല. 'വിവാഹാലോചനകൾ തകൃതിയായി നടക്കുന്നു. എന്തെങ്കിലും ഉടനെ ചെയ്യില്ലെങ്കിൽ........' എൻെറ പ്രിയപ്പെട്ടവളേ, ഞാനെന്തു ചെയ്യാനാണു്? നിൻെറ പിതാവിനെ വിവാഹാഭ്യർത്ഥനയുമായി സമീപിക്കാനുള്ള മനക്കരുത്തു് ഇനിയും എനിക്കില്ല. തൊണ്ണൂററിയഞ്ചു് രൂപ ശമ്പളം കിട്ടുന്ന ഗുമസ്ഥനു മകളെ വിവാഹംചെയ്തുകൊടുക്കാൻ തയ്യാറില്ലെന്നു് അദ്ദേഹം തുറന്നു പറഞ്ഞതല്ലേ? അദ്ദേഹത്തിൻെറ വാദഗതി ഇന്നെനിക്കു മനസ്സിലാക്കാൻ കഴിയുന്നുണ്ടു്. അദ്ദേഹം പ്രസിദ്ധനായ ഒരു വക്കീലാണു്. നിൻെറ അമ്മാമൻ വിദ്യാഭ്യാസഡയറക്ടറാണു്. ജ്യേഷ്ഠൻ എഞ്ചിനീയറാണു്. ജ്യേഷ്ഠത്തിയുടെ ഭർത്താവു രാജകുടുംബത്തിലെ അംഗമാണു്. ഞാനോ........?

രജനീ, നീയെന്തുകൊണ്ടു് അമ്മയോടു് എല്ലാം തുറന്നു പറഞ്ഞില്ല? വാത്സല്യനിധിയായ ഒരു മാതാവു മക്കളുടെ അഭിലാഷങ്ങൾക്കു വഴിപ്പെടുകയില്ലേ? രണ്ടേരണ്ടു കൊല്ലമേ വേണ്ടു എനിക്കു ജീവിതത്തിലൊരു കാൽപിടുത്തം കിട്ടാൻ. നിനക്കതുവരെ കാത്തിരിക്കാൻ കഴിഞ്ഞില്ല. അല്ലെങ്കിൽ നീ അതിന്നു തയ്യാറില്ലായിരുന്നു. നിൻെറ ഭാവിവരൻ രണ്ടായിരത്തോളം രൂപ ശമ്പളം വാങ്ങുന്ന ഒരു കമ്പനിഡയറക്ടരാണു്. വേണ്ട, രജനീ, ഈ പാവപ്പെട്ടവനുവേണ്ടി നിൻെറ ജീവിതം കുരുതികൊടുക്കേണ്ടാ. പോകൂ, നീയെങ്കിലും സുഖമായി

ജീവിക്കു. സുസ്മേരവദനനായ ഗുരുവായൂരപ്പൻെറ സാന്നിധ്യത്തിൽവെച്ച് തുടുത്ത തെച്ചിപ്പൂവുകൊണ്ടുള്ള വരണമാല്യം കഴുത്തിലണിയുന്നതോടുകൂടി നീയെന്നെ വിസ്മരിക്കുകയും ചെയ്തേക്കും.

"ദേ, ഞാൻ പോകുകയാണ്"—നേഴ്സാണ്.

"ഡ്യൂട്ടി കഴിഞ്ഞോ?"

"ഉവ്വ്."

"ഇനി എപ്പോഴാ?"

"നാളെ എട്ടു മണിക്ക്. ഇനി വരുന്നവരോടു വഴക്കു പിടിക്കേണ്ട കേട്ടോ."

"എനിക്ക് എന്നോടുമാത്രമേ വഴക്കുള്ളൂ, സിസ്റ്റർ."

അവൾ ചിരിച്ചുകൊണ്ടു നടന്നുപോയി.........

കയ്യുകളില്ലാത്ത ചെറുപ്പക്കാരൻ ഒരു ഫാക്ടറിതൊഴിലാളിയാണ്. യന്ത്രത്തിൻെറ ഇടയിൽപ്പെട്ടു കയ്യുകൾ രണ്ടും മുറിഞ്ഞുപോയി.

"എന്തു ചെയ്യാനാ, സാർ. യോഗമാണ്."

"സാരമില്ല. എല്ലാം ശരിയാവും."

മാറിയാലും ഞാനിനി ഒരു മുടക്കാച്ചരക്കാണ്"—അയാളുടെ കണ്ണുകൾ നിറഞ്ഞുപോയി.

"കരയാതിരിക്കു. എല്ലാററിന്നും ഒരു വഴിയുണ്ടാകും."

അയാൾ തല കാലുകൾക്കുള്ളിൽ തിരുകിവെച്ചു പൊട്ടിപ്പൊട്ടിക്കരയുകയായിരുന്നു........

കട്ടിലിൽ വയറും അമർത്തിപ്പിടിച്ച് ഉറക്കം വരാതെയിരിക്കുന്ന എനിക്ക് ഉറക്കത്തിനുള്ള ഒരിഞ്ചക്ഷൻ തന്നു........

കണ്ണു തുറന്നപ്പോൾ സൂര്യൻ നല്ലവണ്ണം ഉദിച്ചു പൊങ്ങിക്കഴിഞ്ഞിരുന്നു. വെളുത്ത കോട്ടിൻെറ പോക്കററിൽ കൈകൾ തിരുകി ഡോക്ടർ വാർഡിൻെറ നടുക്കു നില്ക്കുന്നുണ്ടു്. അസഹ്യമായ വേദനകൊണ്ടു രോഗികൾ നിലവിളിക്കുന്നതു കേൾക്കാം. ഡ്രസ്സു ചെയ്യുന്ന സമയമാണു്. കുറച്ചുനേരം കൂടി ഉറങ്ങാൻ കഴിഞ്ഞിരുന്നെങ്കിൽ!

അപ്പോഴേയ്ക്കും ചുണ്ടുകളിൽ മന്ദഹാസവുമായി നേഴ്സ് കടന്നുവന്നു. നടന്നുപോകുമ്പോൾ അവൾ എൻെറ കട്ടിലിൽ ഒരു പൊതി വെച്ചുപോയി. പൊതി അഴിച്ചുനോക്കി—രണ്ടു മധുരനാരങ്ങകൾ........!

അപ്പോൾ ഞാനറിയാതെത്തന്നെ ഓർമ്മകൾ കൊല്ലങ്ങൾക്കു പിറകിലേയ്ക്കു പറന്നുപോയി—

പ്രസംഗമത്സരത്തിന്നു കോളേജിനെ പ്രതിനിധീകരിക്കാൻവേണ്ടി തൃശ്ശിനാപ്പള്ളിയിലേയ്ക്കു പോകുകയായിരുന്നു: പോകുന്നതിന്നുമുമ്പു രജനിയെ കാണാൻ ഹോസ്റ്റലിലേയ്ക്കു ചെന്നു.

പാവടയും ബ്ളൗസ്സും ധാവണിയുമിട്ടു നിന്നെ ആദ്യവും അവസാനവുമായി കണ്ടതു് അന്നാണു്. നിനക്കു സാരിയേക്കാൾ കൂടുതൽ ഈ വേഷമാണു് ചേരുകയെന്നു ഞാനന്നു പറഞ്ഞതു നീയോക്കുന്നുണ്ടോ?

"നന്നായി പ്രസംഗിക്കണം കേട്ടോ."

"സാധിക്കുമെന്നു തോന്നുന്നില്ല."

"അതെന്താ?"

"അവിടെ എൻെറ മുന്നിൽ എൻെറ പ്രചോദനം ഉണ്ടാകുകയില്ല."

അവൾ ലജ്ജകൊണ്ടു മുഖം കുനിച്ചു. എന്നിട്ടു് അകത്തു പോയി ഒരു പേക്കററെടുത്തു കൊണ്ടുവന്നെനിക്കു തന്നു— "ബെസ്റ്റ് ഓഫ് ലക്ക്."

ആ പൊതിയിൽ രണ്ടു മധുരനാരങ്ങകളായിരുന്നു.

സന്ദർശകന്മാക്കു വരാനുള്ള മണി മുട്ടി. കയ്യുകളില്ലാത്ത ചെറുപ്പക്കാരൻ കട്ടിലിൽ എഴുന്നേററിരുന്നു. സന്ദർശകന്മാർ പ്രവഹിക്കാൻ തുടങ്ങി. പക്ഷെ ആ സ്ത്രീയും കുട്ടികളും എത്തിയിരുന്നില്ല. അയാൾ കണ്ണിമയ്ക്കാതെ വാതില്ക്കലേയ്ക്കു നോക്കിയിരുന്നു.

"സാർ, അവർ വന്നില്ല."

"വരുന്നുണ്ടായിരിക്കും."

അയാൾ കട്ടിലിൽനിന്നിറങ്ങി വാതിൽക്കലേയ്ക്കു പോയി. വാതിലിൽ ചാരി കുറേ നേരം നിന്നു. വീണ്ടും കട്ടിലിൽ വന്നു തല താഴ്ത്തിയിരിപ്പായി.

"സാർ, നാലു മണിയായോ?"

"നാലരയായി. അവർ വരുന്നുണ്ടായിരിക്കും."

"ഇങ്ങനെ നേരം വൈകാറില്ല."

"ചോറുണ്ടാക്കാൻ നേരം വൈകിയിരിക്കും."

"ശരിയാണു്. അവർ വരാതിരിക്കില്ല."

വാതിൽക്കലേയ്ക്കു ദൃഷ്ടിയും നട്ടു് അയാൾ കുത്തിയിരുന്നു........"

"എന്തേ, മോനേ, അമ്മയെന്തേ?"—അതു കേട്ടാണു് ഞാൻ തലതിരിച്ചു നോക്കിയതു്.

"അമ്മ........അമ്മ........"

"എന്തേ........എന്തേ........അമ്മയ്ക്കെന്തേ?"

"അമ്മേടെ മേല്........ബസ്സ്........ബ........സ്സ് കേറി."

ആ കുട്ടികൾ അയാളുടെ നെഞ്ചത്തു ചാഞ്ഞുവീണു. അവരെ അണച്ചുനിർത്താൻ കയ്യുകളില്ലായിരുന്നു. എന്തു ചെയ്യണമെന്നറിയാതെ ഞാൻ അയാളുടെ മുഖത്തേയ്ക്കു നോക്കി. അയാളുടെ കവിൾത്തടങ്ങളിലൂടെ രണ്ടു നീർച്ചാലുകൾ ഒലിച്ചുവീണു. ഒരു കുടുംബം വഴിയാധാരമാകുകയാണു്........

★

KOTTAYAM PUBLIC LIBRARY
KOTTAYAM
Cl. No. MF9 Acc. No. 38439
This book should be returned on or before the date last stamped below.
If the book is not returned on due date
a fine of 25 Ps. per day will be charged

MF9

PAN-S

38439

പണിക്കർ, കെ. എൻ

സ്വപ്നങ്ങൾ യാഥാർത്ഥ്യങ്ങൾ